



ഖുത്‌ബ
സിറിയ: പ്രശ്നവും പരിഹാരവും

# സത്യദൂതൻ

2013 ഒക്ടോബർ | ലക്കം 10

വില ₹ 20

ബലിപെരുന്നാൾ ആശംസകൾ



## ചന്ദ്രൻ ഒരു ദൈവികദൃഷ്ടാന്തം

## ഇസ്‌ലാമിന് മുമ്പുള്ള അറേബ്യൻ വിവാഹങ്ങൾ

## പാകിസ്താനിലെ ക്രിസ്ത്യൻ പീഡനം



Masjid Baithe Tahir, Kakkanad,Kerala



Masjid Baithul Hadi, Irapuram, Kerala




The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2013 ഒക്ടോബർ
ഹി.ശ.1392 - ഇഖാഅ്
1434 - ദുൽഖഅദ് - ദുൽഹജ്ജ്
പുസ്തകം 85 ലക്കം 10
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



5 എഡിറ്റോറിയൽ

6 യുഗശബ്ദം



7
ഖുത്ബ
**സിറിയ: പ്രശ്നവും പരിഹാരവും**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

13
**ബാഹ്യരൂപങ്ങളും ആന്തര സത്തയും**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)



16
**ഹൃദയത്തിന് ശാന്തി നൽകുന്ന ഉത്തമ സംഗീതം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

ശബ്ദജാലങ്ങളുടെ ഉച്ചസ്ഥായിയിൽ വികാരവിക്ഷോഭങ്ങളും പേശീചലനവും ഹാലിളക്കവും സൃഷ്ടിക്കുന്ന ആധുനിക പോപ് സംഗീതത്തിൽ നിന്ന് വിഭിന്നമായി മനസ്സിനും ഹൃദയത്തിനും ശാന്തി നൽകുന്ന സംഗീതമാണ് ഉത്തമ സംഗീതം. അടുത്ത് തന്നെ പ്രസിദ്ധീകരിക്കുന്ന ' ഇസ്‌ലാമും സമകാലീന പ്രശ്നങ്ങളും' എന്ന പുസ്തകത്തിൽ നിന്ന്.



18
**ചന്ദ്രൻ ഒരു ദൈവികദൃഷ്ടാന്തം**
സിയ.എച്ച്.ഷാ എംഡി.

23
**സ്വർഗനരകങ്ങൾ ഇസ്‌ലാമിലും മറ്റു മതങ്ങളിലും**
ഫസ്ൽ അഹ്മദ്

എല്ലാ മതവിശ്വാസങ്ങളിലും സ്വർഗ നരകങ്ങളെപ്പറ്റി പൊതുവായ ചില സങ്കല്പങ്ങളുണ്ട്



28
**യവനചിന്തകനായ അരിസ്റ്റോട്ടിൽ**
എ. ക്യു. മഹ്ദി

32
**അബ്ദുല്ലാഹ് ബിനു മസ്ഊദ്(റ)**
മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

36
**ഇസ്‌ലാമിന് മുമ്പുള്ള അറേബ്യൻ വിവാഹങ്ങൾ**
ഡോ. കൗസർ എടപ്പകത്ത്

39
**പാകിസ്താനിലെ ക്രിസ്ത്യൻ പീഡനം**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി - 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

അതിൽ പ്രത്യക്ഷമായ ദൃഷ്ടാന്തങ്ങളുണ്ട്. ഇബ്റാഹിമിന്റെ സ്ഥാനമാണത്. അതിൽ ആരെങ്കിലും പ്രവേശിച്ചാൽ അവൻ നിർഭയനായി. അതിലേക്ക് പോവാൻ കഴിവുള്ള എല്ലാ മനുഷ്യർക്കും പ്രസ്തുത മന്ദിരത്തിൽ ചെന്ന് ഹജ്ജ് നിർവവ്വഹിക്കേണ്ടത് അല്ലാഹുവിനോടുള്ള കടമയാണ്. ഇനി ആരെങ്കിലും നിഷേധിക്കുന്നതായാൽ നിശ്ചയമായും അല്ലാഹു ലോകത്തിൽ ആരുടെയും യാതൊരു വിധ ആശ്രയവുമില്ലാത്തവനാണ്. **(3:98)**





## നബിവചനം

അബൂഹുറൈറ(റ)യിൽ നിന്ന് നിവേദനം: നബി (സ) അരുളി അനാവശ്യ സംസാരങ്ങളിലേർപെടാതെയും യാതൊരു തിന്മയും പ്രവർത്തിക്കാതെയും ഒരാൾ ഹജ്ജ് നിർവഹിക്കുകയാണെങ്കിൽ മാതാവിന്റെ വയറ്റിൽ ഗർഭസ്ഥാവസ്ഥയിലുണ്ടായിരുന്നത് പോലെ അയാൾ പരിശുദ്ധനായിരിക്കും **(ബുഖാരി)**.

## വാഗ്ദത്ത മസീഹിന്റെ വചനം

ഒരു പ്രണേതാവിന് ചുറ്റും വലം വെക്കുന്നത് പോലെയാണ് ഹജ്ജിൽ തവാഫ് ചെയ്യുന്നത്. വളരെ സൂക്ഷ്മമായ ഒരു രഹസ്യമാണിത്. കഅ്ബത്തുള്ള എന്ന ദൈവഭവനം പോലെ അതിന് മുകളിലും ഒരുന്നത സ്ഥാനമുണ്ട്. ഏത്വരെ ഉപരിലോകത്തുള്ള ആസ്ഥാനം ഹൃദയാത്മനാ വലയം ചെയ്യപ്പെടുന്നില്ലയോ അത്വരെ ഈ ത്വവാഫ് പ്രയോജനകരമോ ഫലദായകമോ ആകുന്നില്ല. ഈ ഭവനത്തെ വലം വെക്കുന്നവർ വളരെ ചുരുങ്ങിയ മേൽവസ്ത്രങ്ങളണിയുന്നു. അതേപ്രകാരം ഉപരി ലോകത്തുള്ള ഭവനത്തെ തവാഫ് ചെയ്യുന്നത് ഭൗതികമായ ബന്ധങ്ങളെന്ന വസ്ത്രങ്ങളെ ഉപേക്ഷിച്ചു കൊണ്ട് സ്നേഹത്തിന്റെയും അനുരക്തിയുടേയും ഭയഭക്തിയുടേയും വസ്ത്രമണിഞ്ഞു കൊണ്ടായിരിക്കണം ത്വവാഫ്. ഇത് ദൈവാനുരക്തിയുടെ അടയാളവും പ്രതീകവും ആകുന്നു. ഇതിന്റെ അർഥം ദൈവപ്രീതിക്കുചുറ്റും വലം വെക്കുകയാണ്. മറ്റൊരുദ്ദേശ്യവും അവിടെ അവശേഷിക്കുന്നില്ല. **(മൽഫൂസാത്ത് വാ. 9 . പേ 123,124)**



# അല്ലാഹു അയച്ച ആളിന്റെ വിളിക്ക് ഹാജിമാർ ഉത്തരം നൽകട്ടെ

***ലബ്ബൈകല്ലാഹുമ്മലബ്ബൈക് ലബ്ബൈക ലാ ശരീകലക ലബ്ബൈക് ഇന്നൽ ഹംദ വന്നിഅ്മതലക, വൽ മുൽക ലാ ശരീക ലക, ലബ്ബൈക.....***

നാഥാ, നിന്റെ വിളിക്കിതാ ഞാൻ ഉത്തരമായി വന്നിരിക്കുന്നു. നിനക്ക് പങ്കുകാരില്ല. .നിനക്കാകുന്നു സ്തുതി. നിന്റേതാകുന്നു അനുഗ്രഹം . നിന്റെതാകുന്നു അധികാരം

ദൈവകൽപ്പനക്കായി കാത്തിരിക്കുക എന്ന അർഥമുള്ള 'തൽബിയത്ത് 'വചനങ്ങൾ ഉരുവിട്ടു കൊണ്ടാണ് ഹാജിമാർ പരിശുദ്ധ ഹജ്ജ് കർമത്തിൽ പ്രവേശിക്കുന്നത്. അല്ലാഹുവിന്റെ എല്ലാ കൽപ്പനകളുമനുസരിക്കുകയും അല്ലാഹു തന്റെ സുഹൃത്തായി വരിക്കുകയും ചെയ്ത നിഷ്കളങ്ക ദൈവസ്നേഹത്തിന്റെ നിറകുടമായ ഖലീലുല്ലാഹി ഇബ്രാഹിം നബി(അ)യുടെ സ്മരണകളും വഹിച്ചാണ് ഹാജിമാർ അറഫയിൽ സമ്മേളിക്കുന്നത്. അല്ലാഹുവിന്റെ ഏകത്വത്തെ വിളംബരം ചെയ്തും അവന്റെ ഗുണഗണങ്ങൾ വാഴ്ത്തിപറഞ്ഞും നാഥാ നിന്റെ വിളിക്കുത്തരം നൽകാൻ ഞങ്ങളുമിതാ എത്തിയിരിക്കുന്നു എന്ന അത്യന്തം ഹൃദയ സ്പൃക്കായ സമർപ്പണത്തിന്റെ വാഗ്ദാന വചനങ്ങൾ ഉരുവിട്ടുകൊണ്ട് ഖലീലുല്ലാഹി പടുത്തുയർത്തിയ ആ പ്രാക്തന മന്ദിരത്തെ അവർ വലംവെക്കുന്നു. നവജാത ശിശുവിന്റെ നിഷ്കളങ്ക പ്രകൃതിയിലേക്ക് മടങ്ങാനും ബലിമൃഗ ത്തെപ്പോലെ മനുഷ്യന്റെ ജീവിതം ദൈവമാർഗത്തിൽ സമർപ്പിക്കാനുമുള്ള സന്നദ്ധതയാണ് അല്ലാഹുവിന്റെ വിളിക്കുത്തരം നൽകാൻ വന്ന ഹാജിമാർ വിളംബരപ്പടുത്തുന്നത്. പക്ഷേ ഇക്കാലത്ത് റസൂൽ തിരുമേനി(സ)യുടെ പ്രവചന പ്രകാരം അല്ലാഹു അയച്ച വിളിയാളിന്റെ വിളിക്ക് ഹാജിമാർ ഉത്തരം നൽകിയോ?

'***കുൻതും ഖൈയ്റ ഉമ്മത്തിൻ ഉഹ്‌രിജത്ത് ലിന്നാസ്*** മനുഷ്യവംശത്തിന്റെ നന്മക്കായി ഏഴുന്നേൽപ്പിക്കപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ (വി.ഖു.3:111) എന്ന് പറഞ്ഞ് അഭിമാനത്തോടെ ലോകസമക്ഷം മുസ്ലിം സമുദായം സമർപ്പിക്കപ്പെടുകയുണ്ടായി. നൂറ്റാണ്ടുകളായി അജ്ഞാന ശിശിരങ്ങളിൽ നിശ്ചേദനമായിക്കിടന്ന ജനപഥങ്ങളിൽ ഒരു വസന്ത പ്രവാഹം പോലെ കടന്നുവന്ന ഇസ്‌ലാം ആത്മീയുടെയും ജ്ഞാനത്തിന്റെയും പുരോഗതിയുടെയും മുദ്രകൾക്കൊണ്ട് ചരിത്രത്തെ പ്രഫുല്ലമാക്കുകയുണ്ടായി. ഇന്ന് അതെല്ലാം ഗതകാല സ്മരണകളാണ്. കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ മുസ്‌ലിം സമുദായത്തിനുമേൽ അറ്റമില്ലാത്ത അദാബുകളാണ് പെയ്തിറങ്ങുന്നത്. മുസ്‌ലിം ലോകമാകെ വിലാപങ്ങളുടെ ദീനരോധനങ്ങളാണുയരുന്നത്. സമാധാനം എന്ന് അർത്ഥമുള്ള ഇസ്‌ലാം മതം ഇന്ന് ഭീകരതയുടെ പര്യായമായി ചിത്രീകരിക്കപ്പെടുന്നു. എല്ലായിടത്തും മുസ്‌ലിംകൾ പിന്നോക്കക്കാരാണ്. യൂറോപ്പിന് വിജ്ഞാനം പകർന്നു നൽകിയ ഇസ്‌ലാം മതം വിശ്വസിച്ച ഒരാൾ യൂറോപ്പിൽ ഇന്ന് വെറുക്കപ്പെട്ട അപരിഷ്കൃതനാണ്. കൂട്ടക്കൊലകളുടെ ഉൾക്കിടിലമുണ്ടാക്കുന്ന ദുഃഖ വാർത്തകളാണ് മുസ്‌ലിം നാടുകളിൽ നിന്ന് ദിനേനയെന്നോണം കേൾക്കുന്നത്. പലസ്തീൻ,ബോസ്നിയ,ടുണീഷ്യ, ഇറാഖ്, ഈജിപ്ത്, ലിബിയ, അഫ്ഘാനിസ്താൻ, പാകിസ്താൻ ഇവിടങ്ങളിൽനിന്നെല്ലാം ഏറെരക്തം ഒഴുകിപ്പോയി. ഏറ്റവും ദുഃഖകരമായത് അമേരിക്കയും ഇസ്റായേലും പാശ്ചാത്യരും കൂടി സിറിയക്കെതിരെ നയിക്കുന്ന യുദ്ധ ഒരുക്കത്തിലെ ഏറ്റവുംശക്തനായ സഹായി ഹജ്ജിന് ആതിഥ്യമരുളുന്ന സൗദി അറേബ്യയാണ് എന്നതാണ്. ലോകം നിസ്സഹായരായി നോക്കിനിൽക്കേ ഇറാഖിൽ സംഭവിച്ചത് പോലെ സിറിയയിലും അടുത്ത് തന്നെകൂട്ട കൊല അരങ്ങേറിയേക്കാം. സൈനികമായ ഈ ആക്രമണങ്ങൾക്ക് പുറമേ ആത്മീയമായും സാംസ്കാരികമായും ഈ ദജ്ജാലീ ശക്തികൾ ലോകത്തിന്നേൽപ്പിക്കുന്ന ഹാനി ഗുരുതരമാണ്.

ഇതെല്ലാം തന്നെ റസൂൽ തിരുമേനി(സ) പ്രവചിച്ച ആഗോള വ്യാപകമായ ദജ്ജാലീ ഫിത്നയുടെ ക്രൂരതാണ്ഡവമാണ്. ആത്മീയമാർഗങ്ങളിലൂടെയായിരിക്കും ഈ കുഴപ്പം പരിഹരിക്കപ്പെടുക എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതിനായി വാഗ്ദത്ത മസീഹും മഹ്ദിയുമായി ഹദ്റത്ത് അഹ്മദി(അ)നെ അല്ലാഹു ഈ കാലഘട്ടത്തിൽ വിളിയാളായി അയച്ചിരിക്കുന്നു. ആ പുണ്യാത്മാവിന്റെ വിളിക്ക് ഉത്തരം നൽകാൻ റസൂൽ തിരുമേനി(സ) യെ സ്നേഹിക്കുന്ന ഹാജിമാർ ബാധ്യസ്ഥരാണ്. അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകാനെത്തിയ ഹാജിമാർ അല്ലാഹു അയച്ച പുണ്യാത്മാവിനെ സ്വീകരിച്ചുകൊണ്ട് അവരുടെ തൽബിയത്ത് പൂർത്തീകരിക്കട്ടെ. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)പറയുന്നു:'*അല്ലയോ വിവേകശാലികളേ, ഈ നിശിതാന്ധകാരത്തിന്റെ നാളുകളിൽ അല്ലാഹു തക്കസമയത്ത്തന്നെ ഒരു സ്വർഗീയ പ്രകാശം ഇറക്കിയിരിക്കുന്നതിലും കലിമത്തുൽ ഇസ്‌ലാമിനെ ഉയർത്തികാട്ടുന്നതിലും ഹദ്റത്ത് ഖൈറുൽ അനാമിന്റെ പ്രകാശം പരത്തുന്നതിനും മുസൽമാന്മാരുടെ പിന്തുണക്ക് വേണ്ടിയും പിന്നെ അവരുടെ ആന്തരനിലയെ ശുദ്ധീകരിക്കാനുദ്ദേശിച്ചും തന്റെ ഒരു ദാസനെ ഈ ലോകത്ത് അയച്ചതിലും നിങ്ങൾ അദ്ഭുതപ്പെടേണ്ടതില്ല.......ആ സത്യദൈവം ഈ അന്ധകാരത്തെ നോക്കി കണ്ടിട്ടും ആന്തരീയവും ബാഹ്യവുമായ എല്ലാകുഴപ്പങ്ങളും വീക്ഷിച്ചറിഞ്ഞിട്ടും മിണ്ടാതിരിക്കുകയും തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള തന്റെ ഈ വാഗ്ദാനത്തെക്കുറിച്ച് ഓർക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അതിലാണ് അദ്ഭുതപ്പെടേണ്ടിയിരിക്കുന്നത്...... ആകയാൽ എന്നെ നിഷേധിക്കുന്ന കാര്യത്തിൽ ആരും ധൃതികാണിക്കാതിരിക്കേണ്ടതാണ്. അവർ ദൈവത്തോട് പോരിന് പുറപ്പെടാതിരിക്കാൻ തന്നെ' (ഫത്ഹെഇസ്‌ലാം)*



ഹദ്റത്ത് അഹ്മദ് (അ)

# നമസ്കാരത്തിന്റെയും ഹജ്ജിന്റെയും ആന്തരാർത്ഥങ്ങൾ

വാസ്തവത്തിൽ മനുഷ്യൻ ദൈവാരാധനക്ക്വേണ്ടി മാത്രമാണ് സൃഷ്ടിക്കപെട്ടിട്ടുള്ളത്. ദൈവാരാധന രണ്ട് വിധത്തിലാണുള്ളത്. ഒന്ന് അങ്ങേയറ്റത്തെ വിനയവും കീഴ്വണക്കവും കാണി ക്കുക. രണ്ട് അനുരക്തിയും സ്നേഹവും പ്രകടിപ്പിക്കുക.

ഇസ്ലാം വിനയത്തിന്റെയും കീഴ്വണക്ക ത്തിന്റെയും പ്രതീകമായി നമസ്കാരാനുഷ്ഠാനത്തിനുള്ള കൽപ്പന നൽകുന്നു. നമസ്കാരം ശാരീരികമായി മനുഷ്യന്റെ ഓരോ അവയവത്തേയും ഭയഭക്തിയിലും അനുസരണത്തിലും സമർപ്പണ വിധേയമാക്കിതീർക്കുന്നു. അവന്റെ ഹൃദയം സുജൂദു ചെയ്യുന്നതോടൊപ്പം നമസ്കാരത്തിൽ അവന്റെ ശരീരവും കുമ്പിടുന്നു. അങ്ങനെ അവന്റെ ആത്മാവും ശരീരവും നമസ്കാരത്തിൽ ഒരുപോലെ പങ്ക് ചേരുന്നു. ശരീരം ചെയ്യുന്ന സുജൂദ് വ്യർഥമാണെന്ന് കരുതരുത്. ദൈവം ആത്മാവിന്റെയും ശരീരത്തിന്റെയും സ്രഷ്ടാവാണ്. രണ്ടിലും അവന് സൃഷ്ടി കർത്താവെന്ന നിലയിൽ അവകാശവും അധികാരവുമുണ്ട്. ശരീരവും ആത്മാവും പരസ്പരം ഒന്ന് മറ്റൊന്നിൽ പ്രഭാവിതമാണ്. ചിലപ്പോൾ ശരീരം ചെയ്യുന്ന സുജൂദ് ആത്മാവിന് ഉത്തേജനം നൽകുന്നു. അതേ പ്രകാരം ചിലപ്പോൾ ആത്മാവിന്റെ സുജൂദിന് ശരീരത്തിന്റെ സുജൂദിന്റെ അവസ്ഥ സംജാതമാക്കുന്നു. കാരണം ആത്മാവും ശരീരവും പരസ്പരം ബന്ധിതമാണ്. ഉദാഹരണമായി ഒരാൾ കൃത്രിമമായി മന്ദഹസിക്കുന്ന മുഖപ്രകൃതി സംജാതമാക്കുകയാണെങ്കിൽ ആ കൃത്രിമ ചിരി യഥാർഥ ചിരിയായി മാറുന്നു. ഇത് ആത്മാവിനുണ്ടാകുന്ന സന്തോഷത്തിന്റെ പ്രതികരണമാണ്. അതേ പ്രകാരം ഒരാൾ കൃത്രിമമായി കരയുന്ന മുഖഭാവം സംജാതമാക്കുകയാണെങ്കിൽ യഥാർഥത്തിൽ അയാൾക്ക് കരച്ചിൽ വരുന്നു.അത് ആത്മാവിനുണ്ടാകുന്ന പ്രതിഫലനത്തിന്റെയും പ്രഭാവത്തിന്റെയും ബഹിർ പ്രകടനമാണ്. നാം ശാരീരികമായി ബാഹ്യമായി ചെയ്യുന്ന വിനയാന്വിതമായ ദൈവാരാധനയുടെ പ്രതിഫലം ആത്മാവിലും ആത്മാവിലുണ്ടാകുന്ന വിനയ ഭാവത്തിന്റെയും പ്രതിഫലനവും ബാഹ്യമായി ശരീരത്തിലു മുണ്ടാകുമെന്നും ഇതിൽ നിന്നും മനസ്സിലാവുന്നു.

അതേ പ്രകാരം ദൈവാരാധനയുടെ രണ്ടാമത്തെ അനുരക്തിയുടെയും ത്യാഗത്തിന്റെയും പ്രതിഫല നവും പ്രഭാവവും നമ്മുടെ ആത്മാവിലും ശരീരത്തിലും അതായത് ആന്തരികമായും ബാഹ്യമായും സംജാതമാവുന്നു. അനുരക്തിയുടെയും അനുരാഗത്തിന്റെയും അവസ്ഥയിൽ മനുഷ്യന്റെ ആത്മാവ് അപ്പോൾ തന്റെ പ്രേമിയെ വലം വെച്ചു കൊണ്ടിരിക്കുന്നു. അവന്റെ ആസ്ഥാനത്തെ ചുംബിച്ചു കൊണ്ടിരിക്കുന്നതും അതേ പ്രകാരം കഅ്ബത്തുല്ലാഹ്, ഭൗതികമായി ദൈവപ്രേമികൾക്ക് ഒരു മാതൃകയായുണ്ടാക്കപ്പെട്ട ഭവനമാണ്. ദൈവം പറയുന്നു: 'നോക്കുക ഇതെന്റെ ഭവനമാണ്. ഇത് എന്റെ ആസ്ഥാനത്തിലെ കല്ലായ ഹജ്റുൽ അസ്വദാണ്.'

ഈ കൽപ്പന അവൻ പുറപ്പെടുവിച്ചത് മനുഷ്യൻ അവന്റെ സ്നേഹ ഭാവത്തെയും അനുരക്തിയേയും പ്രകടിപ്പിക്കാനാണ്. അത്കൊണ്ട് ഹജ്ജ് ചെയ്യു ന്നവർ ഹജ്ജിനുള്ള പുണ്യ സ്ഥലങ്ങളിൽ ചെന്നു ശാരീരികമായ നിലയിൽ പ്രസ്തുത ഭവനത്തെ വലംവെക്കുന്നു. അവർ ദൈവാനുരാഗത്തിൽ ഉന്മത്തരായി അവന്റെ തിരുസന്നിധിയെ ഭ്രമണം ചെയ്യുന്നു. ശാരീരികമായ എല്ലാ അലങ്കാരങ്ങളെയും വർജിച്ച് തലമുണ്ഡനം ചെയ്ത് ദൈവസ്നേ ഹത്തിൽ മുഴുകിയവരായി കൃത്രിമലേശമില്ലാതെ പ്രേമാർഥരെപോലെ അവന്റെ ആസ്ഥാനത്തെ വലയം ചെയ്യുന്നു. ഹജറുൽ അസ്വദിനെ ദൈവത്തിന്റെ ആസ്ഥാനത്തെ കല്ലെന്ന് കരുതി സ്നേഹ രൂപേണ അതിനെ ചുംബിക്കുന്നു. ശാരീരികവും ബാഹ്യവുമായ ഈ ആവേശവും ഉത്സാഹവും ആത്മീയമായ താപവും ഉഷ്ണവും സംജാതമാക്കുന്നു. ശരീരം ദൈവത്തിന്റെ ഭവനത്തെ വലയം ചെയ്യുകയും അവന്റെ ആസ്ഥാനത്തിലെ കല്ലിനെ ചുംബിക്കുകയും ചെയ്യുമ്പോൾ ആത്മാവ് അവനോട് പ്രേമാതിരേകത്താൽ ആത്മീയമായും പ്രസ്തുത ഭവനത്തെ വലം വെക്കുകയും ഹജറുൽ അസ്വദിനെ ചുംബിക്കുകയും ചെയ്യുന്നു. (ചശ്മേ മഅ ്രിഫത്ത്, പേജ് 145,)

# സിറിയ: പ്രശ്നവും പരിഹാരവും



**(13 – 09 – 2013 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅഖുത്വ്ബയുടെ സംഗ്രഹം)**

**ഇ**ന്ന് ലോകത്തിന്റെ അവസഥ ദ്രുതഗതിയിൽ ദുരന്തത്തിലേക്ക് സഞ്ചരിക്കുകയാണ്. ഇതിൽ പ്രധാനമായത് സിറിയയുടെ അവസ്ഥയാണ്. സിറിയയിൽ മാത്രമല്ല, അറബ് ലോകത്തും ഈ അവസ്ഥ കാരണത്താൽ ഭയാനകമായ വിപത്ത് വന്നുഭവിക്കുന്നതാണ്. ഇനി സിറിയയിലെ യുദ്ധത്തിൽ അന്യ ശക്തികൾ ഭാഗവാക്കായാൽ, പിന്നെ അറബ് ലോകത്തിലും ഏഷ്യൻ രാജ്യങ്ങളിലും ഇത് വൻ നാശനഷ്ടങ്ങൾ വിതയ്ക്കുന്നതാണ്. എന്നാൽ ഈ കാര്യം അറബ് ഭരണകൂടവും അതു പോലെ ശക്തരായ മറ്റു രാജ്യങ്ങളും മനസ്സിലാക്കുന്നില്ല. ഈ യുദ്ധം സിറിയയുടെ അതിർത്തികളിൽ മാത്രം ഒതുങ്ങുകയില്ല. മറിച്ച് ഇതൊരു ലോക മഹായുദ്ധമായി പരിണമിക്കുകയും ചെയ്തേക്കാം.

യഥാർഥ നേതാവും വഴികാട്ടിയുമായ ഹദ്റത്ത് മുഹമ്മദ് മുസതഫ (സ) യെ അനുഗമിച്ച് കൊണ്ട് ജനങ്ങളെ ദൈവവുമായി ബന്ധിപ്പിക്കാനും സാഹോദര്യബന്ധവും സമാധാനവും സ്ഥാപിക്കാനുമായി ആഗതരായ റസൂൽ തിരുമേനി (സ) യുടെ സത്യപ്രേമിയെ വിശ്വസിക്കുന്ന അഹ്മദികളായ നാം ലോകത്തെ നാശത്തിൽ നിന്ന് രക്ഷിക്കുന്നതിന് വേണ്ടി ദുആയിൽ ശ്രദ്ധ ചെലുത്തേണ്ടത് ഇന്ന് വളരെ അത്യാവശ്യമാണ്. നമ്മുടെ കൈവശം ദുആയല്ലാതെ മറ്റ് മാർഗങ്ങളൊന്നുമില്ല. ലോകത്തെ നാശത്തിൽ നിന്ന് രക്ഷിക്കുന്നതിന് വേണ്ടി ഇതുമുഖേന പരിശ്രമിക്കേണ്ടതാണ്. പ്രത്യക്ഷ പരിശ്രമം എന്ന നിലയിൽ ലോക ജനതയെയും വൻശക്തികളെയും വരാൻ പോകുന്ന ഭീമമായ നാശനഷ്ടത്തെ കുറിച്ച് മുന്നറിയിപ്പ് നൽകാൻ നമുക്ക് സാധിക്കുന്നതാണ്. നമ്മുടെ കഴിവനുസരിച്ചുള്ള പ്രത്യക്ഷ പരിശ്രമങ്ങൾ നാം ചെയ്തു വരുന്നു. ലോകത്തുള്ള രാഷ്ട്രീയ നേതാക്കന്മാരെയും ഭരണാധികാരികളെയും നമ്മുടെ കഴിവനുസരിച്ച് ഞാൻ ജാഗരൂകരാക്കുവാൻ പരിശ്രമിക്കുകയുണ്ടായി. പരിശ്രമിച്ചു വരികയും ചെയ്യുന്നു. ഈ സന്ദേശങ്ങൾ, ജമാഅത്തംഗങ്ങളും എന്നോടൊപ്പം വ്യാപകമായ നിലയിൽ ലോക രാജ്യങ്ങളിൽ പ്രചരിപ്പിക്കുകയുണ്ടായി. എന്നാൽ 'താങ്കളുടെ സന്ദേശം, കാലഘട്ടത്തിനനുസൃതമാണെന്നും

ഞങ്ങൾ താങ്കളെ പൂർണമായും പിന്താങ്ങുന്നു' എന്നും ഈ ഭരണാധികാരികളും രാഷ്ട്രീയ നേതാക്കന്മാരും വളരെ ആവേശത്തോടെ പറയുന്നുണ്ടെങ്കിലും ഇത് പ്രാവർത്തികമാക്കേണ്ട സമയം വരുമ്പോൾ വൻ ശക്തികളുടെ നിലപാടുകൾക്ക് മാറ്റം സംഭവിക്കുന്നു. ഞാൻ പറഞ്ഞത് പോലെ, ഇതെല്ലാം ഭൗതിക പരിശ്രമങ്ങളാണ്. എല്ലാ കർമങ്ങൾ ചെയ്യാനും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വരൂപിക്കാനും ഉതകുന്ന യഥാർഥ ആയുധം നമ്മുടെ കൈവശമുണ്ട്. അത് ദുആയാണ്. ഇന്നത്തെ അവസ്ഥയിൽ അഹ്മദികൾ ഇതിലേക്ക് ശ്രദ്ധ ചെലുത്തേണ്ടതാണ്. മാനവരാശിയുടെ രക്ഷക്കായി പൊതുവിലും മുസ്‌ലിം ജനതയുടെ രക്ഷക്കായി പ്രത്യേകിച്ചും ദുആ ചെയ്യേണ്ടതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഇന്നേക്ക് 88 വർഷങ്ങൾക്ക് മുമ്പ് 1925 ൽ, ആ കാലഘട്ടത്തിലെ സിറിയയുടെ അവസ്ഥയെ സംബന്ധിച്ച് ഖുത്ബ നൽകിയിരുന്നു. അതിൽ പറയുന്നു: ദമിഷ്ക്കിന്റെ ചരിത്രം വളരെ പഴക്കം ചെന്നതാണ്. ഇസ്‌ലാമിന് മുമ്പും ഈ നഗരം പല മതങ്ങളുടെയും കേന്ദ്രമായിരുന്നു. അതിന്റെ പ്രസിദ്ധി നിലനിന്നിരുന്നു. ഇസ്‌ലാമിലും വളരെ കാലം ഇത് ഖിലാഫത്തിന്റെ ആസ്ഥാന നഗരിയായിരുന്നു. അതുപോലെ പുരാതന മതങ്ങളുടെ സ്മാരകങ്ങളും ഈ നഗരത്തിൽ സ്ഥിതി ചെയ്തിരുന്നു. 1925 ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഈ നഗരത്തെ സംബന്ധിച്ച് ഖുത്ബ നൽകാനുള്ള കാരണം, ആ സമയത്ത് അവിടെയുള്ള ദുറൂസി എന്ന ഗോത്രം സ്വാതന്ത്ര്യത്തിന്റെ പേരിൽ ശബ്ദമുയർത്തി. ഈ ശബ്ദത്തെ മറ്റ് മുസ്‌ലിംകൾ പിന്താങ്ങി. ദുറൂസി ഗോത്രക്കാർ പർവത നിവാസികളായിരുന്നു, എന്നാൽ മറ്റ് മുസ്‌ലിംകൾ നഗരവാസികളും. ആ സമയം അവിടെ ഫ്രാൻസിന്റെ ഭരണമായിരുന്നു. ഫ്രാൻസിന്റെ ഭരണമായിരുന്നുവെങ്കിലും ചില കാര്യങ്ങളിൽ തീരുമാനമെടുക്കാൻ അധികാരമുള്ളത് മൗലവിമാർക്കും മുഫ്തികൾക്കുമായിരുന്നു വെന്ന് അദ്ദേഹം വിലയിരുത്തുന്നു. അങ്ങനെ രണ്ട് മൂന്ന് തലങ്ങളിൽ അവിടെ ഭരണാധി കാരികളുണ്ടായിരുന്നു. എന്നിരുന്നാലും ഭരണം ഫ്രാൻസിന്റെതായിരുന്നു. മുഫ്തികളുടെ അധികാര പരിധിയെന്നത്, എന്തെങ്കിലും ലേഖനമോമതഗ്രന്ഥമോ മറ്റോ പ്രസിദ്ധീകരിക്കുന്ന കാര്യത്തിൽ മുഫ്തി വല്ലതും പറഞ്ഞാൽ, അതിനെ സംബന്ധിച്ച് ഗവർണർക്ക് പോലും ഒന്നും ചെയ്യാൻ സാധിക്കുമായിരുന്നില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഒരുദാഹരണം പറയുന്നു. അഹ്മദിയ്യാ ജമാഅത്ത്, അവിടെ ഒരു നോട്ടീസ് പ്രസിദ്ധീകരിക്കാൻ ഗവർണറിൽ നിന്ന് അനുവാദം വാങ്ങുകയും അച്ചടിക്കുകയും ചെയ്തു. എന്നാൽ അച്ചടിച്ചതിനു ശേഷം മുഫ്തി അത് നിരോധിച്ചു. ഗവർണറോട് പരാതിപ്പെട്ടപ്പോൾ, ഇക്കാര്യത്തിൽ തനിക്കൊ ന്നും ചെയ്യാൻ കഴിയില്ലെന്നും ഇതിന്റെ അധികാരം മുഫ്തിയുടേ താണെന്നുമാണ് അറിയിച്ചത്.

ഫ്രാൻസിന്റെതു രാഷ്ട്രീയതലത്തിലുള്ള ഭരണമായിരുന്നു. രാഷ്ട്രീയപരമായി ആരെങ്കിലും ശബ്ദമുയർത്തിയാൽ അത് അടിച്ചമർത്തു മായിരുന്നു. അവർക്കെതിരായി പൊതുജനങ്ങൾ ഫിത്നയുടെയും സ്വാതന്ത്ര്യത്തിന്റെയും ശബ്ദം ഉയർത്തിയപ്പോൾ ഫ്രഞ്ച് ഭരണകൂടം അതിശക്തമായ വ്യോമാക്രമണം നടത്തുകയുണ്ടായി. ഏകദേശം 57, 58 മണിക്കൂറോളം ബോംബ് വർഷിക്കപ്പെട്ടെന്നാണ് പറയപ്പെടുന്നത്. നഗരത്തിന്റെ ചരിത്രസ്മാരകങ്ങൾ നിലം പരിശാക്കി. ആയിരക്കണക്കിന് ആളുകൾ കൊലചെയ്യപ്പെട്ടു. എന്തിന് വേണ്ടിയായിരുന്നു ഈ നഗരം നശിപ്പിച്ചത്? ജനസമൂഹത്തെ എന്തിന് വേണ്ടിയാണ് കൊന്നൊടുക്കിയത്? കാരണം അവർ അന്യരുടെ ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം ആഗ്രഹിച്ചു എന്നതുകൊണ്ടാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഒരു ഇൽഹാമുണ്ട്. "ബലായെ ദമിഷ്ക്'' ദമിഷ്കിന് ദുരന്തം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു, ആ സമയത്ത് ദമിഷ്ക്കിലുണ്ടായ വ്യോമാക്രമണത്തിലൂടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഈ ഇൽഹാം പൂർത്തിയായി. അങ്ങനെ എല്ലാ പുരാതന സ്മാരകങ്ങളും, മതങ്ങളുടെ ചരിത്രവും തകർത്തെറിയപ്പെട്ടു. ഇതിലും വലിയ നാശവും അപകടവും ഇതിനു മുമ്പ് സിറിയയിൽ ഉണ്ടായിട്ടില്ല. ഈ നാശം ഉണ്ടായത് അന്യർ മുഖേനയാണ് അതായത്, ഫ്രാൻസാണ് ആക്രമണം അഴിച്ചുവിട്ടത്.

ചില വെളിപാടുകൾ പലതവണകളായി പുലരുന്നതാണ്. അന്യർ മുഖേന സംഭവിച്ച ദുരന്തം നഗരത്തെ തകർത്തെറിഞ്ഞു. ഈ ആക്രമണം 57,58 മണിക്കൂറുകളോളം തുടർന്നു. 2,000 പേർ വധിക്കപ്പെട്ടുവെന്നും 20,000 പേർ വധിക്കപ്പെട്ടുവെന്നുമെല്ലാം പറയപ്പെടുന്നു. സ്വതന്ത്ര നിരീക്ഷണമനുസരിച്ച് 7000, 8000 പേർ ആ സമയം കൊല്ലപ്പെട്ടു എന്നാണ് കണക്ക്. അന്യർ മുഖേന വന്ന് ഭവിച്ച ദുരന്തമായിരുന്നു അതെങ്കിൽ ഇപ്പോൾ സ്വകരങ്ങ ളാൽ ഒരു മഹാ ദുരന്തം അവിടെ വന്നിരിക്കുന്നു എന്ന കാര്യം ദുഃഖത്തോടെ പറയേണ്ടിവരുന്നു. കഴിഞ്ഞ രണ്ടു രണ്ടരവർഷക്കാലം ദമിഷ്ക്കിലും സിറിയയിലും ഇത് നാശം വിതച്ചുകൊണ്ടിരിക്കുകയാണ്. സിറിയയിൽ മുഴുവനും ഇത് വ്യാപിച്ചിരിക്കുന്നു. ലക്ഷക്കണക്കിനാളുകൾ മരണപ്പെട്ടു. മരണസംഖ്യഇതിലും കൂടുതലാണെന്ന് ചിലർ പറയുന്നു. ആയിരക്കണക്കിനാളുകൾ ഭവനരഹിതരാണ്. വീടുകൾ വിജനമാകുന്നു. കച്ചവടസ്ഥലങ്ങളും വിജനമായിക്കൊണ്ടിരിക്കുന്നു. രാഷ്ട്രപതി മന്ദിരത്തിലും ബോംബുകൾ വർഷിച്ചു. വിമാനത്താവളങ്ങളിൽ ആക്രമണം നടക്കുന്നു. വിവിധ കെട്ടിടങ്ങൾക്കു നേരെ വെടിയുതിർക്കുന്നു. ഒന്നും തന്നെ സുരക്ഷിതമല്ലെന്ന് ചുരുക്കം. സൈ

ന്യം നഗരവാസികളെ ആക്രമി ക്കുന്നു. നഗരവാസികൾ ഭരണകൂട ഉദ്യോഗസ്ഥരെയും ആക്രമിക്കുന്നു. സൈനികരും മറ്റ് ഉദ്യോഗസ്ഥരും എല്ലാം ആക്രമിക്കപ്പെടുന്നു. അല് വികൾ സുന്നികളെ അക്രമിക്കുന്നു. സുന്നികൾ അല്വികളെയും അക്ര മിക്കുന്നു. ഇവരെല്ലാം തന്നെ ഒരേ കലിമ ചൊല്ലുന്നു എന്ന് വാദിക്കു ന്നവരുമാണ്. അവിടെ സ്വാതന്ത്ര്യ ത്തിന്റെ പേരിലാണ് പോരാട്ടങ്ങൾ നടക്കുന്നത്. ഭരണകൂടത്തിനെതിരെ സാധാരണ ജനങ്ങളാണ് രംഗത്തിറ ങ്ങിയിരിക്കുന്നത്. അതിൽ അധിക മാളുകളും സുന്നികളാണ്. അവർ കലഹിക്കുന്നു. ഈ പോരാട്ടങ്ങളെ സഹായിക്കുന്നതിന് വേണ്ടി തീവ്ര വാദികളും പങ്കു ചേർന്നിരിക്കുന്നു. തീവ്രവാദികൾ മുഖേന രാജ്യത്തിന് ഉണ്ടായിത്തീരുന്ന നാശത്തെ സംബ ന്ധിച്ച് പിന്നീട് മനസ്സിലാക്കുന്നതാ ണ്. എന്നാൽ ഇത്തവണവന്നു ഭവിച്ച ദുരന്തം ഭയാനകമായ രൂപം വെളിപ്പെടുത്തി കൊണ്ടിരിക്കുന്നു എന്നതാണ് ദുഃഖകരം. സ്വാതന്ത്ര്യ ത്തിന്റെ പേരിൽ ജനങ്ങളും സമാധാനത്തിന്റെ പേരിൽ ഭരണ കൂടവും പരസ്പരം അക്രമങ്ങൾ നടത്തി ബലഹീനരായിത്തീർന്നാൽ വൻ ശക്തികൾ സ്വാതന്ത്ര്യം നൽകു ന്നതിന്റെയും കുഴപ്പങ്ങൾ അവ സാനിപ്പിക്കുന്നതിന്റെയും സമാ ധാനം പുന:സ്ഥാപിക്കുന്നതിന്റെയും പേരിൽ സ്വന്തം നേട്ടം കൊയ്യുന്നതി നായി അവിടെ വരുമെന്ന കാര്യം ഈ ജനങ്ങൾ മനസ്സിലാക്കുന്നില്ല. എന്നാൽ ഈ പ്രവൃത്തി ലോക ത്തെ ഒന്നടങ്കം നാശത്തിലേക്ക് നയിക്കുന്നതിനു കാരണമാകുന്നതാ ണ്. സിറിയയോടൊപ്പം വികസിത രാജ്യങ്ങളുണ്ട്. അവരെ സഹായി ക്കുന്ന മറ്റു രാജ്യങ്ങളും ഉണ്ട്. അതുപോലെ വിമതരെ സഹായി ക്കുന്നതിനായി വൻശക്തികളുണ്ട്. അവർ കൂടുതലും വിമതരോ ടൊപ്പമാണുള്ളത്. ഈ അവസ്ഥ കാരണം വളരെ വലിയ ദുരന്തമായി രിക്കും വരാൻ പോകുന്നത്.

പൂർത്തീകരിച്ച അദ്ധ്യാപനമനു സരിച്ച് പ്രവർത്തിക്കുന്നവരും ഉൽകൃഷ്ട സമുദായം എന്ന് അല്ലാ ഹു വിശേഷിപ്പിച്ച സമുദായത്തിൽ ഉൾപെട്ടവരുമാണെന്ന് വാദിക്കുന്ന മുസ്‌ലിം രാജ്യങ്ങളെ ഓർത്താണ് ദുഃഖം തോന്നുന്നത്. കാരണം അവർ ഇപ്പോൾ ഏത് ഉൽകൃഷ്ട കർമമാണ് ചെയ്യുന്നത്? ഇവരിൽ സഹാനുഭൂതിയുടെ അംശമില്ല. ഇസ്‌ലാമിക അദ്ധ്യാപനത്തിന്റെ ഒരു പ്രവർത്തനവുമില്ല. ആത്മാഭിമാനം പൂർണമായും ഇല്ലാതായിരിക്കുന്നു! അന്യരോട് സഹായത്തിനായി യാചിക്കുന്നു. അതും സ്വന്തം ജന ങ്ങളെ കൊലചെയ്യുന്നതിന് വേണ്ടി യാണ് സഹായം തേടുന്നത്.

രണ്ട് ആളുകൾ, രണ്ട് ജമാ അത്തുകൾ പരസ്പരം കലഹി ക്കുന്ന ഒരവസ്ഥ സംജാതമായാൽ എന്ത് ചെയ്യണമെന്നാണ് അല്ലാഹു പറയുന്നതെന്ന് നോക്കുക.

വിശ്വാസികളിൽപ്പെട്ട രണ്ടു വിഭാഗങ്ങൾ തമ്മിൽ യുദ്ധത്തി ലേർപ്പെട്ടാൽ നിങ്ങൾ അവർക്കിട യിൽ രഞ്ജിപ്പുണ്ടാക്കുക, എന്നിട്ട് അവരിലൊരു വിഭാഗം മറ്റു വിഭാഗ ത്തെ ആക്രമിക്കുന്നതായാൽ ആക്ര മിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കൽപനയിലേക്ക് മടങ്ങുന്നതു വരെ നിങ്ങൾ യുദ്ധം ചെയ്യുക. അങ്ങനെ അവർ മടങ്ങി യാൽ അവരുടെയിടയിൽ ന്യായ പൂർവം നിങ്ങൾ രഞ്ജിപ്പുണ്ടാക്കു കയും നീതി പാലിക്കുകയും ചെയ്യു ക. നീതി പാലിക്കുന്നവരെ അല്ലാഹു തീർച്ചയായും സ്നേഹിക്കുന്നു. (വി.ഖു-49:10)

അല്ലാഹു പറയുന്നു, ന്യായ പൂർവം രഞ്ജിപ്പുണ്ടാക്കുകയും നീതിപാലിക്കുകയും ചെയ്യുക. നീതിയുടെ നിലവാരം വളരെ ഉന്നതമായാണ് അല്ലാഹുനിർണ യിച്ചിരിക്കുന്നത്. ഇതു സംബന്ധ മായി ഒരു സ്ഥലത്ത് പറയുന്നു. മറ്റു രാജ്യത്തോടുള്ള ശത്രുത നിങ്ങളെ നീതി നടപ്പിലാക്കുന്നതിൽ നിന്ന് തടയാതിരിക്കട്ടെ. ഭൗതിക അഭിലാ ഷങ്ങൾ വിട്ട്കൊണ്ട് അല്ലാഹുവിന്റെ സ്നേഹം കരഗതമാക്കണമെ ങ്കിൽ, പരസ്പരം നീതി പാലിക്കു കയെന്നതാണ് മുസ്‌ലിംകളുടെ കടമ. അന്യസമൂഹത്തിനോടും നീതി നടപ്പാക്കുക. മറ്റൊരു സ്ഥല ത്ത് പറയുന്നു, **ഹുവ അക്റബു ലിതഖ്‌വ** ഇത് തഖ്‌വയുടെ സമീപ സ്ഥമാണ്. ഒരു മുസ്‌ലിമിനുള്ള ആവർത്തിച്ചുള്ള കൽപന തഖ്‌വ യെ അന്വേഷിക്കുക എന്നതാണ്.

വളരെ ലജ്ജാകരമായ മറ്റൊരു വസ്തുത ഇസ്റായീൽ പ്രസിഡന്റ് ഒരു നിർദേശം മുന്നോട്ടു വെക്കുന്നു എന്നതാണ്. യഥാർഥത്തിൽ ഈ നിർദേശം മുസ്‌ലിംകളിലെ വൻശ ക്തികളിൽ നിന്നാണ് ഉണ്ടാകേണ്ടി യിരുന്നത്. മുസ്‌ലിം നേതാക്കന്മാർ ക്ക് ഇതേക്കുറിച്ച് ആദ്യം ചിന്ത വന്നില്ല എന്നിരിക്കട്ടെ. എന്നാൽ തന്നെയും ഇസ്റായീൽ പ്രസിഡന്റ് പാശ്ചാത്യ ശക്തികൾക്ക് നിർദേശം നൽകിയപ്പോഴെങ്കിലും ഞങ്ങളുടെ ആളുകൾക്കിടയിൽ ഉണ്ടാകുന്ന കുഴപ്പങ്ങൾ ഞങ്ങൾ സ്വയം പരിഹ രിക്കുന്നതാണെന്നെങ്കിലും മുസ്‌ലിം കൗൺസിലിന് വിളംബരം നടത്താ മായിരുന്നില്ലേ? ഞങ്ങൾ ഒരേ മത ത്തിലും ദൈവത്തിലും വിശ്വസി ക്കുന്ന വരാണെന്നും ഒരേ റസൂ ലിലും ഗ്രന്ഥത്തിലും വിശ്വസി ക്കുന്ന വരുമാണെന്നും ആ ഗ്രന്ഥ ത്തെ ലോകത്തിലെ വഴികാട്ടിയായി അംഗീകരിക്കുന്നവരാണെന്നും ഇനി ഞങ്ങളിൽ അഭിപ്രായ വ്യത്യാസമു ണ്ടായാൽ തന്നെയും, ഒരു രാജ്യ ത്തിലെ രണ്ട് വിഭാഗങ്ങൾ തമ്മി ലുള്ള കലഹമാണെങ്കിലും, പൊതു ജനങ്ങളും ഭരണകൂടവും തമ്മി ലുള്ള അനുവദനീയമോ അനുവദ നീയമല്ലാത്തതോ ആയ കലഹമാ ണെങ്കിലും ശരി അത് ആരംഭിച്ച് കഴിഞ്ഞുവെങ്കിലും ഞങ്ങൾക്ക് നൽകപ്പെട്ട പരിപൂർണ അദ്ധ്യാപ നത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം ഞങ്ങൾ തന്നെ പരിഹരി ക്കുന്നതാണെന്ന് അവർക്ക് പറയാ മായിരുന്നില്ലേ? ഒരു വിഭാഗം മറ്റൊരു വിഭാഗത്തിന്റെ മേൽ അതിക്രമം നടത്തുകയാണെങ്കിൽപ്പോലും ഈ കുഴപ്പം ദുരീകരിക്കുന്നതിനായി അന്യരുടെ സഹായം ആവശ്യമായി വന്നാൽ തന്നെയും, അത് സാങ്കേതി കവിദ്യയുടെ സഹായമോ, ആയുധ

സഹായമോ ആയിരുന്നാലും അത് അവരിൽ നിന്ന് ഞങ്ങൾ സ്വീകരിക്കും. ഈ പ്രശ്നം ദുരീകരിക്കാനുള്ള ശ്രമത്തിനായി രംഗത്തിറങ്ങുന്നത് ഞങ്ങളുടെ തന്നെ വ്യക്തികളായിരിക്കും, ആസൂത്രകരും ഞങ്ങളായിരിക്കും, ഞങ്ങളുടെ ഹിതമനുസരിച്ചായിരിക്കും നടപടികൾ എടുക്കപ്പെടുകയും ചെയ്യുക. ഈ ചിന്തയുണ്ടായാൽ അന്യസമൂഹത്തിന് മുസ്‌ലിം രാജ്യത്തിന് മീതെ ദൃഷ്ടി പതിപ്പിക്കുവാൻ പോലും ധൈര്യമുണ്ടാകുന്നതല്ല. ആയിരം മൈലുകൾ ദൂരെ സ്ഥിതി ചെയുന്ന ഒരു രാജ്യത്തിന് മറ്റൊരു രാജ്യത്തെ കുറിച്ച് എന്തിനാണ് ഇത്ര വേവലാതി? ഒന്നുകിൽ ആ രാജ്യത്തിന്റെ സമ്പത്ത് പിടിച്ചെടുക്കുക. അല്ലെങ്കിൽ പിന്നെ ലോകത്ത് അവരുടെ എതിരാളികളുടെ മേൽ ഭയം വർധിപ്പിക്കുക. കുഴപ്പങ്ങൾ ഉണ്ടാക്കുന്ന ചെറിയ രാജ്യങ്ങളെ തങ്ങളുടെ ഭീതിയുടെ നിഴലിൽ കൊണ്ടുവന്ന് തങ്ങളുടെ പുരോഗതി പ്രദർശിപ്പിക്കുക. എന്ത് തന്നെയായാലും ഇത് മുസ്‌ലിം രാജ്യങ്ങളുടെ ബലഹീനതയാണ്. അവർ തങ്ങളുടെ അധ്യാപനങ്ങൾ വിസ്മരിക്കുന്നു. അങ്ങനെ അന്യരിൽ ധൈര്യം ജനിക്കുന്നു. അവർ വിളംബരം ചെയ്യുന്നു. ഒരു രാജ്യത്തിന്റെ തലവൻ പ്രഖ്യാപിക്കുന്നത് കാണുക. 'യു.എൻ.ഒ യുദ്ധം ചെയ്യുന്നതിനുള്ള അനുമതി നൽകിയില്ലെങ്കിൽ തന്നെയും ഞങ്ങൾ യുദ്ധം ചെയ്യുന്നതാണ്. ഇത് ഞങ്ങളുടെ അവകാശമാണ്.' എന്നാൽ ഈ അവകാശത്തിനുള്ള തെളിവ് തികച്ചും ദുർബലവും. അവർ തെളിവായി പറയുന്നത് യു. എൻ. ഒ ക്ക് തങ്ങളുടെ വിദേശനയത്തെ നിരാകരിക്കാൻ സാധ്യമല്ല എന്നാണ്. വിദേശനയത്തെ സംബന്ധിച്ചുള്ള പ്രശ്നം ഇപ്പോൾ എവിടെ നിന്നാണ് വന്നത്? ശത്രുത വർധിക്കുകയും അത് കണ്ണിൽ മറയായി തീരുകയും ചെയ്താൽ ഉന്നത വിദ്യാസമ്പന്നരും വിഡ്ഢിത്തം വിളമ്പും. നാം ഇവരെ ബുദ്ധിമാന്മാരായി ഗണിക്കുന്നു. എന്നാൽ ഇവർ പറയുന്നത് മൂഢത്തരമാണ്. നിങ്ങൾ ആയിരം മൈലുകൾക്കപ്പുറമാണ് വസിക്കുന്നത്. നിങ്ങൾക്ക് ഇതുമായി യാതൊരു ബന്ധവുമില്ല. വല്ല ബന്ധവുമുണ്ടെങ്കിൽ യു. എൻ. ഒ ക്കാണ്. കാരണം അവർ ഇതിൽ ഭാഗവാക്കാണ്. അല്ലാതെ അതിൽ അംഗത്വമില്ലാത്തവർക്കല്ല. ആ രാജ്യവുമായി നേരിട്ട് ഒരു ഉടമ്പടിയുമില്ല. ഏത് രാജ്യത്താണ് ഫസാദ് നടക്കുന്നത് അതുമായി ബന്ധപ്പെട്ട യാതൊരു അപകടവും ഈ രാജ്യത്തിനില്ല. എന്നിട്ടും വിദേശ നയത്തെ കുറിച്ചുള്ള പ്രശ്നം എങ്ങനെയുണ്ടായി? എന്തായാലും എനിക്ക് ഇത് മനസ്സിലാകുന്നില്ല. ഇത് പിടിവാശിയും നിർബന്ധബുദ്ധിയുമാണ്. തങ്ങളുടെ ശക്തി പ്രദർശിപ്പിക്കുവാനുള്ള കുത്സിത ശ്രമമാണ്. ലോകസമാധാനംഇതു മുഖേന സ്ഥാപിതമാകുകയില്ല. സമാധാനം സ്ഥാപിക്കുന്നതിനായി നീതിയുടെ വശങ്ങൾ പൂർത്തിയാക്കേണ്ടിവരും.

നീതി പൂർത്തീകരിക്കുന്നതിനായി, ഇസ്‌ലാമിക അധ്യാപനത്തേക്കാളും മനോഹരമായ മറ്റൊരു അധ്യാപനവുമില്ല. അതായത് ഏതെങ്കിലും രാജ്യത്തോടുള്ള ശത്രുത പോലും നിങ്ങളെ നീതിനടപ്പാക്കുന്നതിൽ നിന്ന് തടയാതിരിക്കട്ടെ. ഈ വിഷയത്തെ സംബന്ധിച്ച് പലതവണ ലോക നേതാക്കളുടെ ശ്രദ്ധ ഞാൻ ക്ഷണിച്ചിരുന്നു. നീതി നടപ്പാക്കിയതിനു ശേഷമാണ് സമാധാനം സ്ഥാപിതമാകുക. ഞാൻ പാരായണം ചെയ്ത വചനത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുമ്പോഴാണ് സമാധാനം സ്ഥാപിതമാകുക. ഒരു പക്ഷേ യു. എൻ. ഒ ഈ വ്യവസ്ഥ അനുസരിച്ച് നീതി സ്ഥാപിക്കാൻ ശ്രമിച്ചാൽ നീതി നടപ്പാകുന്നതാണ്. അനീതിക്കെതിരെ എല്ലാ രാജ്യങ്ങളും ഒത്തൊരുമിച്ച് പരിശ്രമിക്കുക. ചിലർക്ക് മാത്രം വീറ്റോ പ്രയോഗിക്കാനുള്ള അവകാശമുണ്ടാകുകയും അവർക്ക് എപ്രകാരം വേണമെങ്കിലും ആക്രമണം നടത്താനുള്ള അധികാരം നൽകുകയും ചെയ്യുകയെന്നത് ശരിയല്ല. ഇവിടെ ഒരു രാജ്യത്തിന്റെ വിദേശ നയത്തെ സംബന്ധിക്കുന്ന കാര്യമല്ല.

ഒരു രാജ്യം പറയുന്നു, തങ്ങൾ സിറിയയിൽ സമാധാനം സ്ഥാപിക്കുന്നതിനു വേണ്ടി കരസേനയെ അയക്കുകയില്ല, എന്നാൽ വ്യോമാക്രമണം നടത്തുന്നതാണ്. അതായത് നഗരത്തെയും രാജ്യത്തേയും പൂർണമായി നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരുന്നതാണ്. ഞാൻ മുമ്പ് പറഞ്ഞത് പോലെ നിഷ്കളങ്കരേയും കൊലചെയ്യുന്നതാണ്, കുട്ടികളേയും സ്ത്രീകളേയും വധിക്കുന്നതാണ്. ഇറാഖിലും ലിബിയയിലും സംഭവിച്ചത് പോലെ. അവിടെ നിന്ന് നേടാത്ത എന്താണ് ഇവിടെ നിന്ന് ഇവർക്ക് നേടാൻ സാധിക്കുക? നഗരം വിജനമായി. സമാധാനം ഇതു വരെ സ്ഥാപിക്കപ്പെട്ടില്ല. എന്നാൽ അല്ലാഹു അവരിൽ നിന്ന് തന്നെ ഇതിനുള്ള പ്രതിവിധി ഉണ്ടാക്കിയിട്ടുണ്ട്. റഷ്യൻ പ്രധാനമന്ത്രി പ്രസ്താവന നടത്തുകയുണ്ടായി: നിങ്ങൾ വ്യക്തിപരമായി എടുക്കുന്ന തീരുമാനം ന്യായമല്ല. സ്വയം തീരുമാനം എടുക്കാൻ ആരംഭിച്ചാൽ പിന്നെ യു. എൻ. ഒ എന്തിനാണ് രൂപീകരിച്ചത്? ഇങ്ങനെ പ്രവർത്തിച്ചാൽ, യു. എൻ. ഒ യുടെ പര്യവസാനവും ലീഗ്ഓഫ് നേഷന്റെത് പോലെയായിരിക്കും സംഭവിക്കുക. അദ്ദേഹം പറഞ്ഞത് ശരിയാണ്. അദ്ദേഹം ഇക്കാര്യം ലോകത്തോട് പല തവണ പറഞ്ഞിട്ടുള്ളതാണ്.

പിന്നീട് പൊതുജനങ്ങളുടെ അവകാശങ്ങളെ ചൊല്ലി ഈജിപ്തിലെ ഭരണം മാറ്റി മറിച്ചു. പൊതുജനത്തിന്റെ അവകാശങ്ങൾ പരിഹരിക്കപ്പെടുന്നില്ലെന്നാണു പറയപ്പെടുന്നത്. ഭരണകൂടം സ്വയംരക്ഷ നേടുന്നതിനുവേണ്ടി ദാരുണമായി പൊതു ജനത്തെ വധിക്കുന്നു. തീർച്ചയായും ഭരണകൂടത്തിന്റെ ഈ നടപടിക്രമം തികച്ചും അപരാധമാണ്.എന്നാൽ ഈജിപ്തിൽ അധികാരം പിടിച്ചെടുത്ത ശേഷം, പിന്നീട് വന്ന ഭരണകൂടം, ക്രൂരതയുടെയും മതയുദ്ധത്തിന്റെയും ഭരണകൂടമായിരുന്നു. ഇനിയെ

ന്താണ് സംഭവിക്കുക എന്ന കാര്യത്തിൽ വൻ ശക്തികൾക്ക് അപ്പോൾ വേവലാതിയുണ്ടായി. അമേരിക്കയിലെ ഒരു പത്രപ്രവർത്തകൻ എന്നോട് ചോദിക്കുകയുണ്ടായി ഇനി ഈജിപ്തിലെ സമാധാനത്തെ കുറിച്ച് എന്ത് പ്രതീക്ഷയാണുള്ളത്? ഞാൻ അദ്ദേഹത്തോട് ഇതാണ് പറഞ്ഞത്: നിങ്ങൾ ഒരു പക്ഷേ നിങ്ങളുടെ ശക്തി വെളിപ്പെടുത്തുന്നതിനായാണ് അവിടെ അധികാര മാറ്റം നടത്തിയത്. എന്നാൽ നിങ്ങളുടെ നിലപാടിൽ തെറ്റ് സംഭവിച്ചിരിക്കുന്നു. ഇപ്പോൾ വന്നവർ നിങ്ങളുടെ തൃപ്തിക്കായോ, അവിടെയുള്ള പൊതുജനങ്ങളുടെ തൃപ്തിക്കായോ പ്രവർത്തിക്കുന്നില്ല. പൊതുജനങ്ങളിൽ ഭൂരിഭാഗവും അവർക്ക് എതിരാണ്. ഒരു തീക്കനൽ ഇപ്പോഴും പുകഞ്ഞു കൊണ്ടിരിക്കുന്നു. കാത്തിരിക്കുക, കുറച്ച് മാസങ്ങൾക്ക് ശേഷം, മുമ്പ് ഒഴുകിയയതുപോലെ രക്തം വീണ്ടും ഒഴുകുന്നതാണ്.' എന്നാൽ എന്റെ കണക്കുകൂട്ടലിനു വളരെ മുമ്പ് തന്നെ രക്തച്ചൊരിച്ചിലുണ്ടായി. കഴിഞ്ഞ ദിവസത്തിലെ ഈജിപ്ത്തിലെ സംഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. മുസ്‌ലിം രാജ്യങ്ങളിലെ പൊതുജനങ്ങൾക്കുണ്ടാകുന്ന വ്യാകുലതക്ക് തക്കതായകാരണളുണ്ടായിരിക്കാം. എന്നാൽ വൻ ശക്തികൾ തെറ്റായ മാർഗത്തിലൂടെ ഇതിൽ ഇടപെടുകയാണെങ്കിൽ കുഴപ്പങ്ങൾ വർധിക്കുന്നതാണ്.

ഞാൻ 2011 ന്റെ ആരംഭത്തിൽ, ഈ വിഷയത്തെ സംബന്ധിച്ച് രണ്ട് മൂന്ന് ഖുത്ബകൾ നൽകിയപ്പോൾ, മുസ്‌ലിംകളുടെ ഈ അവസ്ഥകാരണത്താൽ വൻ ശക്തികൾ സമാധാനത്തിന്റെ പേരിൽ, പ്രത്യക്ഷവും പരോക്ഷവുമായ കാരണങ്ങൾ പറഞ്ഞ് ഇവിടെ ഇടപെട്ടാൽ അവസാനം മുസ്‌ലിം സമുദായത്തിന് വൻനാശ നഷ്ടമുണ്ടാകുന്നതാണെന്ന് വിശദീകരിച്ചതാണ്. ഈ ശക്തികൾ തങ്ങളുടെ ലാഭത്തിനു കോട്ടം സംഭവിക്കാൻ വേണ്ടി പ്രവർത്തിക്കുകയില്ല. നോക്കുക, ഹുസ്നി മുബാറക്കിന്റെ കാലത്ത് നടന്ന രക്ത ചൊരിച്ചിലിൽ അവർ പൊതുജനങ്ങളെ സഹായിക്കാൻ എത്തി. അദ്ദേഹത്തെ അധികാരത്തിൽ നിന്ന് മാറ്റുന്നതിന് പരിശ്രമിച്ചു. വലിയ പ്രചാരണങ്ങൾ നടത്തി. എന്നാൽ രണ്ടാമത് വന്ന ഭരണകൂടവും അവരുടെ താത്പര്യങ്ങൾ പരിഗണിച്ചില്ല. പിന്നീട് വന്ന സൈനിക ഭരണകൂടം മുമ്പത്തേക്കാൾ ഉപരിരക്തച്ചൊരിച്ചിൽ നടത്തിയപ്പോൾ, ആരും തന്നെ പൊതുജനത്തോടുള്ള സഹാനുഭൂതി പ്രകടിപ്പിച്ചില്ല. അതു പോലെ അതിനായി പരിശ്രമിച്ചില്ല. ഇത് വ്യത്യസ്ത തലങ്ങളിലുള്ള ഇവരുടെ സമീപന രീതിയാണ്.

മുസ്‌ലിം രാഷ്ട്രങ്ങളിലെ ഭരണകൂടങ്ങൾക്ക് തങ്ങളുടെ പ്രഭാവം പ്രകടിപ്പിക്കേണ്ട സമയം എത്തിയിരിക്കുന്നു. സ്വന്തം താത്പര്യങ്ങൾക്കുപരിയായി മുസ്‌ലിം സമുദായത്തിന്റെ നന്മ പരിഗണിക്കേണ്ടതാണ്. ഭരണാധിപന്മാരുടെയും പൊതുജനങ്ങളുടെയും ഹൃദയങ്ങളിൽ തഖ്‌വ ജനിക്കുമ്പോഴാണ് ഇത് സാധ്യമാകുന്നത് . ഹദ്റത്ത് നബികരീം(സ) തിരുമേനിയോടുള്ള സ്നേഹത്തോടൊപ്പം അദ്ദേഹത്തിന്റെ മാതൃകയനുസരിച്ച് പ്രവർത്തനം കാഴ്ചവെക്കുമ്പോഴാണ് ഇവ സാധ്യമാകുക. പ്രജാപതിയും പ്രജയും നബി(സ)തിരുമേനിയുടെ വേദന ഉൾക്കൊണ്ട് അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുമ്പോഴാണ് ഇതെല്ലാം സാധ്യമാകുക.

നബി തിരുമേനി (സ) യുടെ ചില അദ്ധ്യാപനങ്ങൾ സമർപ്പിക്കുകയാണ്. ഇവ ഭരണാധികാരികളെയും പൊതു ജനങ്ങളെയും തങ്ങളുടെ ഉത്തരവാദിത്വത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നവയാണ്. ആദ്യം ഭരണാധികാരികളെ സംബന്ധിക്കുന്ന ചില ഹദീസുകൾ സമർപ്പിക്കാം.

അബൂ ഹുറൈറ (റ) നിവേദനം ചെയ്യുന്നു. നബികരീം (സ) പറഞ്ഞു. ഏതൊരു സമയത്താണ് അല്ലാഹുവിന്റെ തണലല്ലാതെ മറ്റൊരു തണലും പ്രയോജനം നൽകാത്തത് തദവസരം അല്ലാഹു ഏഴ് വ്യക്തികൾക്ക് തന്റെ തണൽ നൽകുന്നതാണ്. അതിൽ ഒന്നാമൻ നീതിമാനായ ഭരണാധികാരിയാണ്. അതായത് നീതിക്ക് അത്ര പ്രാധാന്യമാണുള്ളത്.

അബൂ സയ്യിദ് (റ) വിവരിക്കുന്നു. നബി (സ) പറഞ്ഞു: ഖിയാമത്ത് ദിവസം അല്ലാഹുവിന് ജനങ്ങളിൽവെച്ച് ഏറ്റവും പ്രിയങ്കരനും സമീപസ്ഥനുമായ വ്യക്തി നീതിമാനായ ഭരണാധികാരിയാണ്. അതുപോലെ വളരെ വെറുക്കപ്പെട്ടവനും വളരെയധികം വിദൂരപ്പെട്ടവനുമായ വ്യക്തി അക്രമിയായ ഭരണാധികാരിയാണ്.

മറ്റൊരു നിവേദനത്തിൽ നബി (സ) പറയുന്നു, അല്ലാഹു ജനങ്ങളുടെ അധികാരിയും ഉത്തരവാദിയും ആക്കിയവർ ജനങ്ങളോടുള്ള പെരുമാറ്റത്തിലും അവരോടുള്ള കടമകൾ നിറവേറ്റുന്നതിലും വീഴ്ച്ച വരുത്തുകയാണെങ്കിൽ അവർ മരിച്ചു കഴിഞ്ഞാൽ, അവർക്ക് സ്വർഗം നിഷേധിക്കപ്പെടുന്നതാണ്.

മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് ആയിശ(റ)യോട് ചിലർ ചോദിച്ചപ്പോൾ അവർ പറഞ്ഞു. ഞാൻ നബി (സ) ഈ ഭവനത്തിൽ വെച്ച് പറഞ്ഞ ഒരു കാര്യം നിങ്ങളെ കേൾപ്പിക്കാം. അദ്ദേഹം പറഞ്ഞു: അല്ലാഹുവേ! എന്റെ സമുദായത്തിന്റെ ഏതെങ്കിലും കാര്യത്തിൽ ആരെയെങ്കിലും ഉടമസ്ഥനും അധികാരിയുമാക്കുകയും അതിനു ശേഷം അവൻ കാഠിന്യത്തോടെവർത്തിക്കുകയുമാണെങ്കിൽ നീ അവനോട് കാഠിന്യത്തോടെ പെരുമാറേണമേ. എന്റെ സമുദായത്തിന്റെ ഏതെങ്കിലും കാര്യത്തിൽ ആരെയെങ്കിലും ഉടമസ്ഥനും അധികാരിയുമാക്കുകയും അതിനു ശേഷം അവൻ സൗമ്യമായി വർത്തിക്കുകയുമാണെങ്കിൽ, നീ അവരോട് സൗമ്യമായി പെരുമാറേണമേ.

അധികാരികളും ഭരണാധികാരികളും ചിന്തിക്കേണ്ട വിഷയമാണിത്. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ തണൽ ആഗ്രഹിക്കുന്നുണ്ടെങ്കിൽ-മുസ്‌ലിമെന്ന വാദമു

ണ്ടെങ്കിൽ തീർച്ചയായും ഈ അഭിലാഷമുണ്ടാകുന്നതാണ്-നീതിനടപ്പാക്കുക. അല്ലാഹുവിന്റെ പ്രിയരായി മാറുന്നതാണ്. ക്രൂരത വെടിയുക. സ്വന്തം താൽപര്യങ്ങളെ പിൻതള്ളികൊണ്ട് തീരുമാനം കൽപ്പിക്കുക. സ്വർഗത്തിൽ പ്രവേശിക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽ വ്യത്യാസം കൽപ്പിക്കാതെ എല്ലാവരോടും നന്മ പ്രവർത്തിക്കേണ്ടിവരുന്നതാണ്. അല്ലാത്ത പക്ഷം നബി (സ) പറയുന്നത് നരകത്തിലായിരിക്കും നിങ്ങളുടെ സ്ഥാനമെന്നാണ്. അവസാനം കേൾപ്പിച്ച ഹദീസിലുള്ളത് ദുആയാണ്. അല്ലാഹു കാഠിന്യം പ്രവർത്തിക്കുന്ന അധികാരികളോട് കാഠിന്യത്തോടെ വർത്തിക്കുന്നതാണ്. സൗമ്യത പ്രവർത്തിക്കുന്നവരോട് സൗമ്യമായി വർത്തിക്കുന്നതാണ്. ഈ ദുആ വിശ്വാസം വെച്ചു പുലർത്തുന്നവനെ പിടിച്ചുലക്കുന്നതാണ്. അല്ലാഹുനമ്മുടെ മുസ്ലിം ഭരണാധികാരികൾക്ക് ബുദ്ധി പ്രദാനം ചെയ്യുമാറാകട്ടെ.

പൊതുജനങ്ങളോട് തിരുമേനി (സ)എന്ത് കൽപ്പിച്ചെന്നും അധികാരികളോട് എങ്ങനെ വർത്തിക്കണമെന്നും പെരുമാറ്റരീതി എപ്രകാരമായിരിക്കണമെന്നുമാണ് പറഞ്ഞതെന്നും നോക്കാം.

ഹദ്റത്ത് സയ്യിദിബിനു വഹാബ് (റ) പറയുന്നു: ഞാൻ അബ്ദുല്ലാ ഇബ്നു മസൂദിൽ നിന്ന് കേട്ടു. നബി (സ) അരുൾ ചെയ്യുന്നു: നിങ്ങളുടെ അവകാശങ്ങളെ ധ്വംസിച്ചു കൊണ്ട് മറ്റുള്ളവർക്ക് പ്രധാന്യം നൽകപ്പെടുന്നതായി നിങ്ങൾ എനിക്ക് ശേഷം കാണുന്നതാണ്. നിങ്ങൾ വെറുക്കുന്ന സംഭവങ്ങളും കാണുന്നതാണ്. അപ്പോൾ സഹാബത്ത് ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ! അപ്പോൾ എന്ത് ആജ്ഞയാണ് ഞങ്ങൾക്കുള്ളത്? നബി(സ) പറഞ്ഞു: അധികാരികളോടുള്ള കടമ നിർവഹിക്കുക. ഈ കാര്യങ്ങൾ കണ്ടതിനു ശേഷവും അധികാരികളോടുള്ള കടമ നിർവഹിക്കുക. നിങ്ങൾ നിങ്ങളുടെ അവകാശങ്ങൾ അല്ലാഹുവിനോട് ചോദിക്കുക.

ഈ ഹർത്താലുകളും രക്ത ചൊരിച്ചിലും അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള പോരാട്ടങ്ങളും അനുവദനീയമല്ല. അല്ലാഹുവിനോട് അവകാശങ്ങൾ ചോദിക്കുന്നതായാൽ, അല്ലാഹുലോകത്തിന് ദർശിക്കാൻ സാധിക്കാത്ത തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കുന്നതാണ്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു; ഒരു സഹാബി നബി കരീം (സ) യോട് ചോദിക്കുകയുണ്ടായി അല്ലാഹുവിന്റെ റസൂലേ ഞങ്ങളുടെ അവകാശം നൽകാത്തതും തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുകയും ചെയ്യുന്ന അധികാരികൾ ഭരണം നടത്തുന്ന സമയത്ത് താങ്കൾ ഞങ്ങൾക്ക് നൽകുന്ന കൽപ്പനയെന്താണ്? (എന്നോട് അറബ് രാജ്യങ്ങളിലെ അഹ്മദികളും ഈ ചോദ്യം ചോദിച്ചുകൊണ്ടിരിക്കുന്നു.) നബികരീം (സ) ചോദ്യ കർത്താവിൽ നിന്ന് മുഖം തിരിച്ചു. ആ വ്യക്തി ചോദ്യം ആവർത്തിച്ചു. നബികരീം (സ) വീണ്ടും മുഖം തിരിച്ചു, മൂന്നാമത്തെ പ്രാവശ്യം തന്റെ ചോദ്യം ആവർത്തിച്ചു. അപ്പോൾ ഇബ്നു കൈസ് അദ്ദേഹത്തെ പിന്നിലേക്ക് വലിച്ചു കൊണ്ട് നബി(സ)ക്ക് ചോദ്യം ഇഷ്ടമായില്ല, അതിനാൽ നീ ചോദ്യം ആവർത്തിക്കരുത് എന്ന് പറഞ്ഞു. അപ്പോൾ നബികരീം (സ) പറഞ്ഞു: അങ്ങനെയുള്ള സാഹചര്യത്തിൽ നിങ്ങളുടെ അധികാരികളുടെ കാര്യങ്ങൾ കേൾക്കുക. അവരെ അനുസരിക്കുക. അവരെ ഏൽപ്പിച്ചിരിക്കുന്ന ചുമതലകളെ സംബന്ധിച്ചുള്ള ചോദ്യം അവരോടുണ്ടാകും. നിങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ചുമതലകളെ സംബന്ധിച്ചുള്ള ചോദ്യം നിങ്ങളോടും ഉണ്ടാകും.

മറ്റൊരു ഹദീസ് ജനാദ ഇബ്നു ഉബൈദ ഇബ്നു ഉമയ്യ പറയുന്നു: ഞങ്ങൾ വാദാബിനു സാമയുടെ അരികിൽ ചെന്നു. അദ്ദേഹം രോഗിയായിരുന്നു. ഞങ്ങൾ പറഞ്ഞു: അല്ലാഹു നിങ്ങൾക്ക് നന്മവരുത്തട്ടെ. നബി (സ)യിൽ നിന്ന് കേട്ട ഏതെങ്കിലും ഹദീസ് ഞങ്ങളെ കേൾപ്പിക്കുക. അതുമൂലം അല്ലാഹു നിങ്ങൾക്ക് നന്മ നൽകുമാറാകട്ടെ. അദ്ദേഹം പറഞ്ഞു: നബി (സ) ഞങ്ങളെ വിളിക്കുന്നതിനായി ആളെ അയച്ചു. ഞങ്ങൾ അദ്ദേഹത്തിൽ ബൈഅത്ത് ചെയ്തു. നബി (സ) എല്ലാ അവസ്ഥയിലും സന്തോഷത്തിലും ദുഃഖത്തിലും പ്രയാസത്തിലും അനായാസത്തിലും അവകാശ ധ്വംസനത്തിലും കാര്യങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നതാണെന്ന് പ്രതിജ്ഞ വാങ്ങി. (അധികാരം നൽകുന്ന വ്യക്തിയോടു കലഹം ഉണ്ടാക്കുകയില്ലെന്നുള്ള ഉറപ്പും നബി(സ) വാങ്ങി) എന്നാൽ അദ്ദേഹം പ്രത്യക്ഷ കുഫ്റ് ചെയ്യുന്നത് നിങ്ങൾ കണ്ടാൽ ഒഴികെ. അതിനായി അല്ലാഹുവിൽ നിന്നുള്ള വ്യക്തമായ തെളിവ് നിങ്ങളുടെ പക്കൽ ഉണ്ടായിരിക്കണം. അതായത് കുഫ്റിനുള്ള തെളിവ് വ്യക്തമായിരിക്കണം. ഈ കാലഘട്ടത്തിലെ പണ്ഡിത വർഗം ചെയ്യുന്നതുപോലുള്ള കുഫ്ർ ഫത്‌വകളല്ല വേണ്ടത്.

ഹദ്റത്ത് അബൂസർദ് (റ) വിവരിക്കുന്നു: നബി (സ) അരുൾ ചെയ്തു. അല്ലാഹു പറയുന്നു: (ഖുദ്സിയായ ഹദീസാണ്) എന്റെ ദാസരേ, ഞാൻ എന്റെ സവിധത്തിൽ ക്രൂരത നിരോധിച്ചിരിക്കുന്നു. നിങ്ങളുടെ ഇടയിലും ഇതിനെ നിരോധിച്ചിരിക്കുന്നു. അതിനാൽ പരസ്പരം ക്രൂരത പ്രവർത്തിക്കരുത്.

അല്ലാഹുവിന്റെ പ്രതികാരത്തിൽ നിന്ന് രക്ഷ നേടണമെങ്കിൽ തങ്ങളുടെകടമകൾ നിർവഹിച്ച്കൊണ്ടേയിരിക്കുക. ബാക്കി കാര്യങ്ങൾ അല്ലാഹുവിന്റെ നിയന്ത്രണത്തിലാണ്. ദുഃആയിൽ മുഴുകുക. ഞാൻ പറഞ്ഞതു പോലെ അധികാരികളുടെ കുഫ്ർ, വ്യക്തമായ നിലയിലും, ശരീഅത്ത് നിയമത്തിനെതിരിൽ സ്പഷ്ടമായിരിക്കണം. സ്വന്തം താത്പര്യങ്ങൾക്ക് മുൻഗണന നൽകരുത്. പാകിസ്താനിൽ അഹ്മദികളോട് കലിമ ഉച്ചരി

ശേഷം പേജ് 35 ൽ

# ബാഹ്യരൂപങ്ങളും ആന്തര സത്തയും

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

**ദൈ**വവുമായുള്ള ബന്ധം പ്രകടിപ്പിക്കാൻ മനുഷ്യന് എന്തൊക്കെ വഴികളാണുള്ളത്? മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവം മനുഷ്യന്റെമേൽ എന്തൊക്കെ കടമകളാണ് വിധിച്ചിട്ടുള്ളത്?

ഓരോ മതവും വ്യത്യസ്ത രൂപത്തിലാണ് ഈ ചോദ്യത്തിന് ഉത്തരം നൽകിയിട്ടുള്ളത്. മറ്റു ചോദ്യങ്ങളെ അപേക്ഷിച്ചിടത്തോളം ഈ ചോദ്യത്തിനുള്ള മറുപടിയുടെ കാര്യത്തിൽ വിവിധ മതങ്ങളുടെ വിയോജിപ്പുകൾ ഏറെയാണെന്ന് ഞാൻ കരുതുന്നു. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടി എന്ന നിലക്ക് ആ ഉദ്ദേശ്യം പൂർത്തീകരിക്കേണ്ടതാണ് എന്നതാണ് ഇസ്‌ലാം നൽകുന്ന മറുപടി. എന്നുവെച്ചാൽ മനുഷ്യൻ ദൈവത്തിന്റെ പൂർണദാസൻ ആയിത്തീരാൻ ശ്രമിക്കേണ്ടതുണ്ടെന്നും അവനെ പ്രാപിക്കാൻ പണിപ്പെടണമെന്നും തന്നെ. സ്വാഭാവികമായ ഉത്തരം ഇത് തന്നെയാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

**'ഭൂമിയെ നിങ്ങൾക്ക് വേണ്ടി വാസസ്ഥലവും ആകാശത്തെ മേൽത്തട്ടും ആക്കിയവനത്രെ അല്ലാഹു. അവൻ നിങ്ങളെ രൂപപ്പെടുത്തി. എന്നിട്ട് അവൻ നിങ്ങളുടെ രൂപത്തെ ഏറ്റവും സുന്ദരമാക്കുകയും ഏറ്റവും നല്ല വസ്തുക്കളിൽ നിന്ന് അവൻ നിങ്ങൾക്ക് ആഹാരം നൽകുകയും ചെയ്തിരിക്കുന്നു. അവനാണ് നിങ്ങളുടെ നാഥനായ അല്ലാഹു. അപ്പോൾ സർവലോക പരിപാലകനായ അല്ലാഹു അളവറ്റ അനുഗ്രഹമുടയവനാകുന്നു. അവൻ എന്നും ജീവിച്ചിരിക്കുന്നവനാണ്. അനുസരണം അവനു മാത്രം പ്രത്യേകപ്പെടുത്തിക്കൊണ്ടു നിങ്ങളവനെ വിളിച്ചു പ്രാർഥിക്കുവിൻ. സർവ സ്തുതിയും പ്രപഞ്ച നാഥനായ അല്ലാഹുവിനാകുന്നു. പറയുക: എന്റെ നാഥനിൽ നിന്ന് എനിക്ക് സ്പഷ്ടമായ തെളിവുകൾ വന്നുകിട്ടിയപ്പോൾ, അല്ലാഹുവിനെ വിട്ട് നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നവരെ ആരാധിക്കുന്നത് എന്നോട് വിരോധിച്ചിരിക്കുന്നു. പ്രപഞ്ചനാഥന് കീഴ്പ്പെട്ട് ജീവിക്കണമെന്ന് എന്നോട് ആജ്ഞാപിക്കുകയും ചെയ്തിരിക്കുന്നു'**(40: 65: 67)

ദൈവവും മനുഷ്യനും മുകളിൽ പറഞ്ഞ ആത്മീയ ബന്ധത്തിന് പുറമെ, ഭൗതികമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളവും അവന്റെ കൽപ്പന അനുസരിക്കേണ്ടതാണെന്നും ഈ വാക്യങ്ങൾ മനസിലാക്കിത്തരുന്നു. ഈ കൽപ്പനകൾ പലതരത്തിലുണ്ടെന്നും ഖുർആനിൽ നിന്ന് മനസ്സിലാകുന്നു. എന്നാൽ ആരാധന അതായത്, ദൈവത്തോട് ഒരു മനുഷ്യന് സ്വന്തത്തിൽ പ്രകടിപ്പിക്കാനുള്ളതും മറ്റുള്ളവർക്ക് നേരിട്ട് ബാധകമല്ലാത്തതുമായ ബന്ധത്തിന്റെ മുഖ്യ രൂപമായ ആരാധനയെ പറ്റി മാത്രമാണ് ഞാനിവിടെ പ്രസ്താവിക്കാനുദ്ദേശിക്കുന്നത്. ഇസ്‌ലാം അത്തരം കൽപ്പനകളെ അഞ്ചുതരമായി വേർതിരിച്ചിട്ടുണ്ട്. 1. നമസ്ക്കാരം, 2. ദിക്ർ അഥവാ ദൈവസ്മരണ, 3. വ്രതാനുഷ്ഠാനം, 4. മക്കത്തേക്കുള്ള ഹജ്ജ്‌യാത്ര, 5. ബലികൾ.

മിക്കവാറും എല്ലാമതങ്ങൾക്കും ആരാധനാകർമങ്ങൾ വിധിച്ചിട്ടുണ്ടെന്ന് അടുത്തകാലത്തെ ഗവേഷണങ്ങൾ തെളിയിച്ചിരിക്കുന്നു. ഈ ആരാധനാകർമങ്ങൾ അനുഷ്ഠിക്കേണ്ടതെങ്ങനെയെന്ന കാര്യത്തിൽ ഭിന്നിപ്പുകളുണ്ടാകുമെന്നത് ശരിതന്നെ. നേരെ മറിച്ചാകട്ടെ ഈ ആരാധനാരൂപങ്ങളെ അനാവശ്യമായ ആചാരങ്ങളെന്ന് പറഞ്ഞ് അവഹേളിക്കുകയും ഇത്തരം ആചാരാനു ഷ്ഠാനങ്ങളിൽ മനുഷ്യനെ ഒതുക്കി നിർത്താൻ ദൈവം ഒരിക്കലും ഉദ്ദേശിക്കുന്നില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്യുകയാണ് ആധുനിക പ്രവണത. ഇതിന്റെ ഫലമെന്തെന്നു വെച്ചാൽ ആരാധനാരൂപങ്ങളുടെ ബാഹ്യരൂപങ്ങൾ പഴയത് പോലെ അത്രമാത്രം പൊതുവായിട്ട് കണപ്പെടുന്നില്ല എന്നതാണ്. അതുകൊണ്ട് ഇത്തരം ആരാധനാ കർമങ്ങൾ മറ്റു മതങ്ങൾ കയ്യൊഴിച്ചു തുടങ്ങിയിട്ടുണ്ട്. ഒരു ഭാഗത്ത് ഇസ്‌ലാം അതിന്റെ അദ്ധ്യാപനങ്ങളുടെ കാലോചിതമായ പുത്തൻ ഭാവങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കെമറ്റൊരു ഭാഗത്ത് വിശുദ്ധ ഖുർആനിൽ അതിന്റെ പാഠങ്ങളെ സംബന്ധിച്ച് കാണപ്പെടുന്ന പ്രസ്താവനകൾ ഏത് ശക്തമായ ജലപാതത്തിനും സ്വസ്ഥാനത്ത് നിന്ന് ഇളകാനാകാത്തവിധം പാറ പോലെ ഉറച്ചു

നിൽക്കുന്നു. പ്രകൃതിയിലെന്നോണം അത് പുതിയ ഖനികളെ പുറത്ത് കൊണ്ടു വരുന്നു. പ്രകൃതിയിലെന്നോണം അതിന്റെ നിയമങ്ങൾ എല്ലാ രഹസ്യങ്ങളും അറിയുന്ന, ഭാവികാര്യങ്ങളെല്ലാമറിയുന്ന, എല്ലാ നിയമങ്ങളും സത്യത്തിലും യുക്തിയിലും അടിയുറപ്പിച്ച ഒരു ദിവ്യശക്തിയാൽ വിരചിക്കപ്പെട്ടവയായത് കൊണ്ട് മാറ്റിത്തിരുത്താനാവാത്തതുമത്രെ. എല്ലാ വികാരങ്ങളുടെ ആസ്ഥാനവും ഹൃദയമാണെന്നതിൽ യാതൊരു സംശയവുമില്ല. ഹൃദയം ചീത്തയായാൽ വികാര ശൂന്യമായാൽ ബാഹ്യ വിനിമയങ്ങളും ആത്മാർഥതയുടെ പ്രകടനങ്ങളും എത്രതന്നെ കാണിക്കപ്പെട്ടാലും ഒരു പ്രയോജനവുമില്ല. നേരെ മറിച്ച് അത്തരം പ്രകടന ഭാവങ്ങൾ അന്ധകാരത്തിന്റെ ഗർത്തത്തിലേക്ക് മനുഷ്യനെ നയിക്കുന്ന ശാപം മാത്രമാണത്. ഈ തത്ത്വത്തെ ഖുർആൻ അംഗീകരിക്കുന്നുവെന്ന് മാത്രമല്ല അത് പ്രത്യേക നിലയിൽ ഊന്നിപ്പറയുകയും ചെയ്യുന്നു. ഖുർആൻ പറയുകയാണ്:

**'അപ്പോൾ തങ്ങളുടെ നമസ്കാരത്തിൽ അശ്രദ്ധരായ നമസ്ക്കാരക്കാർക്ക് നാശം! അന്യരെകാണിക്കാൻ വേണ്ടി സൽക്കർമം ചെയ്യുന്ന വരത്രെ അവർ '** (107:5.6)

ഇപ്രകാരം ഹൃദയത്തിൽ നിന്നുള്ള ആത്മാർഥമായ സഹതാപ വികാരങ്ങളില്ലാതെ കാണിക്കാൻ വേണ്ടി മാത്രം ദാനധർമം ചെയ്യുന്ന വരെ പറ്റി ഖുർആൻ പറയുന്നു:

**'അവന്റെ സ്ഥിതി ഉറച്ചു മിനുത്ത ഒരു പാറയുടെ സ്ഥിതി പോലെ യാണ്. അതിന് മേൽ മണ്ണുണ്ടായി രുന്നു പിന്നീട് അതിനെഒരു പേമാരി ബാധിച്ചു. അങ്ങനെ അതിനെ (കഴുകി) ഒരു മിനുത്ത പാറയാക്കി വിട്ടു. '**(2:264)

അത്തരമാളുകൾ തങ്ങളുടെ ആത്മാർഥതക്കുള്ള സമ്മാനം നേടുന്നതിന് പകരം ആത്മാർഥയ്തയില്ലായ്മ മൂലം സ്വയം ദോഷമേൽപ്പിക്കുകയത്രേ. ആരാധനാ കർമങ്ങളെ ആത്മാർഥമായിട്ടുള്ളതല്ലെങ്കിൽ ഇസ്‌ലാമിൽ അംഗീകരിക്കപ്പെടുകയില്ല. അത്കൊണ്ട് പ്രയോജനവുമില്ല. നാവും ശരീരവും മാത്രമല്ല ഹൃദയവും ആരാധനയിൽ പങ്കുകൊള്ളണമെന്നതാണ് ഇസ്‌ലാമിന്റെ പാഠം.

സത്യ വിശ്വാസം ഹൃദയത്തിലാണ് പൂർണമാകുന്നതെന്നും നാവും സർവാംഗങ്ങളും അതു പ്രഖ്യാപിക്കുന്നതിൽ പങ്കുചേരണമെന്നും വിശുദ്ധ ഖുർആനും നബിവചനങ്ങളും വ്യക്തമാക്കുന്നു. ഹൃദയം സത്യം സ്വീകരിക്കാതെ നാവും ശരീരാംഗങ്ങളും വിശ്വാസം പ്രഖ്യാപിക്കുമ്പോൾ അത് കപട വിശ്വാസമായിതീരുന്നു. ഹൃദയം സ്വീകരിക്കുകയും നാവും ശരീരാംഗങ്ങളും അതിനെ അംഗീകരിക്കാതിരിക്കുകയും ചെയ്യുമ്പോഴും അപ്രകാരം തന്നെ. ഹൃദയംഗമമായി സ്വീകരിക്കപ്പെട്ടതും നാവും ശരീരാംഗങ്ങളും ഏറ്റുപറയുന്നതുമായ വിശ്വാസമാണ് യഥാർഥ സത്യവിശ്വാസം.

ഒരാൾ മറ്റൊരാളെ സ്നേഹിക്കുമ്പോൾ അയാളുടെ സാന്നിദ്ധ്യത്തിൽ സ്നേഹിക്കപ്പെട്ട ആളിന്റെ നാമം ഉച്ചരിക്കപ്പെടുകയാണെങ്കിൽ അയാളുടെ മുഖത്ത് സവിശേഷമായ വികാര ചലനങ്ങൾ ദൃശ്യമായി തീരുന്നു. അയാൾ പ്രത്യക്ഷനാകുമ്പോഴും അതുണ്ടാകുന്നു. അയാളുടെ സ്നേഹ വായ്പ്പ് ഒരു അപരിചതനുപോലും നോക്കി കാണാവുന്നതാണ്. മാതാപിതാക്കൾ മക്കളെ സ്നേഹിക്കുന്നു എന്നതിനെ ആർക്കും സംശയിക്കാൻ സാധ്യമല്ലെങ്കിലും അവർ പലപ്പോഴും ചുംബിച്ചും ഓമനിച്ചും അത് പ്രകടിപ്പിക്കുന്നതായി നാം കാണുന്നു. രണ്ട് ചങ്ങാതിമാർ പരസ്പരം കണ്ടു മുട്ടുമ്പോൾ കൈപിടിച്ചു കുലുക്കികൊണ്ടും സന്തോഷം പ്രകടിപ്പിക്കുന്നു. യൂറോപ്യന്മാർ തങ്ങളുടെ രാജാവിനെ കാണുമ്പോൾ തങ്ങളുടെ തൊപ്പി എടുത്ത് ഊരി ആദരം കാണിക്കുന്നു. എന്തിനാണ് എല്ലാവരും ഇങ്ങനെയൊക്കെ ചെയ്യുന്നത്? ഹൃദയത്തിൽ സ്നേഹവും ആത്മാർഥതയും തിങ്ങിനിൽക്കുന്നുണ്ടെന്ന വസ്തുത തന്നെ പോരെ? ഹൃദയത്തിലെ വികാരങ്ങൾ മറുപക്ഷത്തിനെ അറിയിക്കാൻ വേണ്ടിയാണ് ഇതൊക്കെ ചെയ്യുന്നത് എന്നു പറഞ്ഞാൽ അതുശരിയാവുകയില്ല. നാം നമ്മുടെ കുട്ടിയെ ചുംബിക്കുന്നതും ഓമനിക്കുന്നതും ഒരു ചങ്ങാതിയെ കൈകൊടുത്ത് സ്വാഗതം ചെയ്യുന്നതും നമുക്ക വരോട് സ്നേഹം പ്രകടിപ്പിക്കാൻ അല്ലെന്നു എല്ലാവർക്കുമറിയാം. മനുഷ്യനായാൽ അത്തരം പ്രകടനത്തിലൂടെയല്ലാതെ ഹൃദയത്തിലിരിക്കുന്ന വികാരം മറ്റൊരാൾക്ക് മനസ്സിലാവില്ലെന്ന് പറഞ്ഞാൽ അങ്ങനെ മനസ്സിലാക്കണമെന്നതല്ല ഉദ്ദേശ്യം. പെറ്റപാടുള്ള കുഞ്ഞിനെ അല്ലെങ്കിൽ ഉറങ്ങുന്ന ഒരു കുഞ്ഞിനെ മാതാപിതാക്കൾ ചുംബിക്കാറില്ലേ? ഈ സ്നേഹ പ്രകടനം അനിച്ഛികമായ ഒരു പ്രവൃത്തിയാണെന്നും മറ്റെന്തെങ്കിലും ഉദ്ദേശപൂർവമായ പ്രേരണയുടെ ഫലമായിട്ടുള്ളതല്ലെന്നും മനസ്സിലാക്കാൻ കഴിയും.

തന്നിമിത്തം, ദൈവത്തെ സ്നേഹിക്കുകയും അവനെ പ്രാപിക്കാൻ ആത്മാർഥമായി ആർത്തിപ്പെടുകയും ചെയ്യുന്ന ഒരാൾ അയാളുടെ ആ സ്നേഹവും തീവ്രമായ അഭിലാഷവും ബാഹ്യമായ ചില ചലനങ്ങളിലൂടെ പ്രകടിപ്പിക്കാതിരിക്കാൻ സാദ്ധ്യമല്ല. ഇതാണ് എല്ലാ ആരാധനയുടെയും രഹസ്യം. ആരാധന, മനുഷ്യനു ദൈവത്തോടുള്ള യഥാർഥമായ ബന്ധത്തിന്റെ ശാരീരികമായ സൂചനയാകുന്നു. ദൈവത്തെ ആത്മാർഥമായി സത്യ ഹൃദയത്തോടെ സ്നേഹിക്കുന്ന ഒരാൾക്ക് താൻ ദിവസവും തന്റെ പ്രിയവും അടുപ്പവും ബാഹ്യ സൂചനകളിലൂടെ പ്രകടിപ്പിക്കുന്നുണ്ടെന്ന് അറിഞ്ഞുകൊണ്ട് ശാരീരികമായ ആരാധനാ കർമങ്ങളെ എതിർക്കാൻ സാദ്ധ്യമല്ല. അങ്ങനെയുള്ള എതിർപ്പുകൾ സ്നേഹമില്ലാത്തത് കൊണ്ട് മാത്രമാണെന്നതാണ് സത്യം.

ഇസ്‌ലാംനിർദേശിക്കുന്ന ബാഹ്യമായ ആരാധനാ കർമങ്ങളെ

ക്കുറിച്ചുള്ള സമർഹമായ വിശദീകരണമാണിതെന്ന് കരുതുന്നു. എന്നാലതിൽ മറ്റു ചില പ്രാധാന്യങ്ങളും സൂചനകളും അന്തർലീനമായിരിക്കുന്നുണ്ട്. അതിലൊന്നിനെക്കുറിച്ച് വിശുദ്ധ ഖുർആൻ വിശദീകരിക്കുന്നത്, അത്തരം ശാരീരിക ച ലനങ്ങൾ മനസ്സിൽ പ്രതികരണങ്ങളുണ്ടാക്കുന്നുവെന്നും ശരീരത്തിന്റെ ബാഹ്യമായ അവസ്ഥകൾ മനസ്സിന്റെ അവസ്ഥകളിൽ പ്രതികരണ ങ്ങൾ സൃഷ്ടിക്കുന്നുവെന്നും ആണ്. വിശുദ്ധ ഖുർആൻ പറയുന്നു:

**'ദൈവത്തിന്റെ മഹത്വംവെളിപ്പെട്ടിരുന്ന സ്ഥാനങ്ങളിൽ മനുഷ്യർ ആദരം പ്രകടിപ്പിക്കുന്നത് ശരിയായിട്ടുള്ള ഒരു കൃത്യമാവുന്നു, എന്തുകൊണ്ടന്നാൽ, ഹൃദയത്തിലെ ഭക്തി സ്വാഭാവികമായും ബാഹ്യരൂപത്തിൽ സ്വയം പ്രകടിതമായി തീരുന്നു. '(22:33)**

ഇതു മനുഷ്യന്റെ മാനസികാവസ്ഥ ശരീരത്തിലുണ്ടാക്കുന്ന പ്രതികരണങ്ങളെക്കുറിച്ചാണ്. മറ്റൊരിടത്ത് ശാരീരിക ചലനങ്ങൾ മനസ്സിലുണ്ടാക്കുന്ന പ്രതി ചലനങ്ങളെ പറ്റി ഖുർആൻ ഇപ്രകാരം പറയുന്നു:

**'സൂക്ഷിച്ചു കൊള്ളുക. അവരുടെ ഹൃദയങ്ങൾ അവരുടെ പ്രവർത്തികളാൽ ദുഷിച്ചു പോയിരിക്കുന്നു' (83:15)**

ഭൗതികമായ ലാഭം കൈവരുത്തുന്നതിന് വേണ്ടി സത്യത്തിനെതിരായി തുടക്കത്തിൽ തന്നെ അവർ പ്രവർത്തിച്ചു. അതിന്റെ ഫലമായി സത്യത്തോടുള്ള സ്നേഹം അവരുടെ ഹൃദയത്തിൽ നിന്ന് നീങ്ങിപോയി. മനഃശ്ശാസ്ത്ര ജ്ഞന്മാർ തെളിയിച്ചു കാട്ടിയിട്ടുള്ള സത്യമാണിത്. ഒരമേരിക്കൻ ശാസ്ത്രജ്ഞൻ എഴുതിയ ഒരുഗ്രന്ഥം ഒരിക്കൽ ഞാൻ വായിക്കാനിടയായി. വളരെ പ്രാപ്തനായ ഒരു പ്രൊഫസർ ഒരു സ്ഥാപനത്തിന്റെ തലവനായി നിയമിതനായി. വായ എപ്പോഴും തുറന്നുവെക്കുന്ന സ്വഭാവക്കാരനായിരുന്നു അയാൾ. അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിൽ കർശന നടപടി സ്വീകരിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നില്ല. ഭരണകാര്യങ്ങളിൽ അയാൾ തികഞ്ഞ പരാജയമായിരുന്നു. വായ എപ്പോയും തുറന്നുവെക്കുന്ന ശീലം ഉപേക്ഷിച്ചു പൂട്ടിയിടുവാൻ ഒരു സ്നേഹിതൻ അയാളെ ഉപദേശിച്ചു. ഈ ഉപദേശമനുസരിച്ച് പ്രവർത്തിച്ചപ്പോൾ നിശ്ചയ ദാർഢ്യവും കരുത്തും ദിവസം പ്രതിതനിക്ക് വർധിച്ചുവരുന്നതായി അയാൾ കണ്ടു. അങ്ങനെ അയാൾ ഭരണപാടവം തെളിയിച്ച് വിജയം കൈവരിക്കുകയുണ്ടായി. നമ്മുടെ നിത്യജീവിതത്തിൽ ഉണ്ടാകുന്ന അനേകം സംഭവങ്ങളിലൂടെ നമ്മുടെ ശാരീരിക സ്ഥിതി മാനസികാവസ്ഥയിൽ നിരന്തരം പ്രതികരണങ്ങളുണ്ടാക്കുന്നുവെന്നു നാം നിരീക്ഷിച്ചറിയുന്നു. നെറ്റി ചുളിച്ചുകണ്ണുരുട്ടാൻ തുടങ്ങുകയും ക്രോധത്തിന്റെ മുഖ ഭാവം സൃഷ്ടിക്കുകയും ചെയ്യുന്ന ഒരാൾ സ്വയം ക്രുദ്ധനായി മാറുന്നത് കാണാം. ഉഗ്രകോപിയായ ഒരാളെ എങ്ങനെയെങ്കിലും ചിരിപ്പിക്കാൻ കഴിഞ്ഞാൽ അയാളുടെ കോപം ഉടൻ കെട്ടടങ്ങുന്നു. കണ്ണീർ ഹൃദയത്തെ ദുഃഖിതമാക്കുകയും ചിരി ഹൃദയത്തിൽ സന്തുഷ്ടി ഉളവാക്കുകയും ചെയ്യും. നമസ്ക്കാരം പോലുള്ള ആരാധാനകളിലെ ബാഹ്യ ചേഷ്ടകൾ ഇസ്ലാം നിർദേശിച്ചപ്പോൾ ഇസ്ലാം മത തത്ത്വങ്ങളെ അടിസ്ഥാനമാക്കിയിരിക്കുന്നു. ഒരാൾ ബാഹ്യമായ നിലയിൽ വിനയം പ്രകടിപ്പിക്കുകയും സാഷ്ടാംഗം ചെയ്യുകയും ചെയ്യുമ്പോൾ അയാളുടെ ഹൃദയം ക്രമേണ സ്നേഹത്തിന് അടിമപ്പെടുമാറാ കുകയും ഒടുവിൽ ഒരു ഇരുമ്പിൻ കഷണം കാന്തത്തിലേക്ക് ആകർ ഷിക്കപ്പെടുമ്പോലെ ദൈവത്തിലേക്ക് ആകൃഷ്ടനായി തീരുകയുംചെയ്യുന്നു.

ആരാധനാകർമത്തിലെ അംഗവിന്യാസത്തിൽ അടങ്ങിയിരിക്കുന്ന പൊരുൾ എന്തെന്നാൽ, ദൈവത്തോട് സാർവത്രികമായ സ്നേഹവികാരവും അനുസരണയും അതു വളർത്തുന്നു എന്നതത്രെ. കുട്ടികൾ തങ്ങളുടെ സഹോദരീ സഹോദരന്മാരോടും മറ്റു ബന്ധുക്കളോടും സ്നേഹം കാട്ടാൻ പഠിക്കുന്നത് മറ്റുള്ളവർ അപ്രകാരം ചെയ്യുന്നത് കണ്ടു കൊണ്ടാണ്. എല്ലാ സ്നേഹവാത്സല്യങ്ങളും ഹൃദയത്തിൽ മാത്രം ഒതുങ്ങി നിൽക്കുകയും ബാഹ്യമായി പ്രകടിപ്പിക്കാൻ കഴിയാതെ വരികയും ചെയ്തിരുന്നുവെങ്കിൽ ബന്ധുക്കൾ തമ്മിലുള്ള സ്നേഹ പ്രകടനം നിലനിന്നിരിക്കുകയില്ലായിരുന്നു. ഒരാൾ തങ്ങളുടെ മാതാ പിതാക്കന്മാരാലും ബന്ധുക്കളാലും സ്നേഹി ക്കപ്പെടുകയോ വെറുക്കപ്പെടുകയോ ചെയ്യുന്നു എന്ന കാര്യം ഒരു കുട്ടി എങ്ങനെ അറിയും? ബാഹ്യമായ ചെയ്തികളിലൂടെയാണ് വിവിധങ്ങളായ വികാരങ്ങളുടെ പ്രകടനം കണ്ടറിയുമാറാകുന്നത് എന്ന വസ്തുത പ്രത്യക്ഷമാണ്. അത് വഴിയാണ് തലമുറകളിലൂടെ അതു ശാശ്വതീകരിക്കപ്പെടുന്നത്.

മനുഷ്യന് സ്രഷ്ടാവിനോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ ബാഹ്യമായ സുചനകളൊന്നും നിർദേശിക്കപ്പെട്ടിട്ടില്ലെങ്കിലും ആ സ്നേഹം നിരന്തരമായി ആവർത്തിച്ചാവർത്തിച്ചും ശാരീരികമായ പ്രവർത്തികളിലൂടെ പ്രഖ്യാപിക്കപ്പെടുന്നില്ലെങ്കിലും ജനിക്കാനിരിക്കുന്നവരും തങ്ങളുടെ മാതാപിതാക്കളുടെ പെരു മാറ്റ ങ്ങളിലൂടെ ആദ്യത്തെ അനുഭവങ്ങൾ സ്വീകരിക്കേണ്ടി വരും.

ദൈവത്തോടുള്ള സ്നേഹത്തിന്റെയും ആത്മാർഥതയുടെയും വികാരങ്ങൾ, ദിനേന സ്നേഹാദരങ്ങളുടെ ചില ബാഹ്യ ചിഹ്നങ്ങൾ അനുവർത്തിച്ചു കൊണ്ട് സൃഷ്ടിച്ചെടുക്കേണ്ട ആ വികാരങ്ങൾ പ്രകടിപ്പിക്കുന്നതേയല്ല. നാസ്തികത്വവും ദൈവത്തോടുള്ള അവഗണനാമനോഭാവവും ബാഹ്യമായ ആരാധനാ കർമങ്ങളെ വകവെക്കാതെ വളർന്ന ജനവിഭാഗങ്ങളിൽ വർധിച്ചു കൊണ്ടിരിക്കയാണെന്നതും നമുക്കിന്നു കാണാൻ കഴിയുന്നുണ്ടല്ലോ.



# ഹൃദയത്തിന് ശാന്തി നൽകുന്ന ഉത്തമ സംഗീതം

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
(ഖലീഫത്തുൽ മസീഹ് നാലാമൻ)

ശബ്ദജാലങ്ങളുടെ ഉച്ചസ്ഥായിയിൽ വികാരവി ക്ഷോഭങ്ങളും പേശീചലനവും ഹാലിളക്കവും സൃഷ്ടിക്കുന്ന ആധുനിക പോപ്പ് സംഗീതത്തിൽ നിന്ന് വിഭിന്നമായി മനസ്സിനും ഹൃദയത്തിനും ശാന്തി നൽകുന്ന സംഗീതമാണ് ഉത്തമ സംഗീതം. അടുത്ത് തന്നെ പ്രസിദ്ധീകരിക്കുന്ന 'ഇസ്‌ലാമും സമകാലീന പ്രശ്നങ്ങളും' എന്ന പുസ്തകത്തിൽ നിന്ന്.

**സ**ംഗീത രംഗത്ത് കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളിലുണ്ടായ പുരോഗതിയെക്കുറിച്ചുള്ള പഠനങ്ങൾ രസകരവും നിഗൂഢാത്മകവുമായ വിവരങ്ങളാണ് വെളിപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ കാലഘട്ടത്തെ അപേക്ഷിച്ച് ഈ നൂറ്റാണ്ടിന്റെ(20-ാം നൂറ്റാണ്ട്) അവസാന ദശകങ്ങളാണ് ദ്രുതഗതിയിലുള്ളതും ശബ്ദപ്രളയം സൃഷ്ടിക്കുന്നതുമായ സംഗീതത്തിലെ ചുവടു മാറ്റത്തിന് സാക്ഷ്യം വഹിച്ചത്.

സംഗീതത്തെക്കുറിച്ച് എനിക്ക് അധികമൊന്നും അറിയില്ല. സംഗീതലോകത്തിലെ യാഥാർത്ഥ്യത്തിൽ

ശാരീരികമായ ആരാധനാക്രമങ്ങളിൽ ദൈവത്തിന്റെ അനുഗ്രഹങ്ങളാലും കാരുണ്യ വർഷത്താലും ധന്യങ്ങളായിത്തീർന്ന മനുഷ്യ ശരീരത്തിലെ സർവാംഗങ്ങളും ആ അനുഗ്രഹങ്ങൾക്കും കാരുണ്യ വർഷത്തിനും ദൈവത്തോടുള്ള നന്ദി പ്രകടിപ്പിക്കുന്ന തിൽ പങ്കു ചേരുമാറാകുന്നു. ദൈവാനുഗ്രഹങ്ങൾ ആത്മാവിനേയും ശരീരത്തേയും ചുറ്റിനിൽക്കുന്നു. ആത്മാവും ശരീരവും ഒന്നു ചേർന്നുള്ള ആരാധനയിൽ കുറ്റമറ്റതും പൂർണവുമായ ആരാധന അത്തരം സംയോജ നമില്ലെങ്കിൽ ആത്മീയാരാധന തന്നെയും നിലനിർത്താനാവാതെ വരും. എന്തുകൊണ്ടെന്നാൽ, ഹൃദയത്തിന്റെ ആരാധനയും അർച്ചനയും ആണ് വസ്തുവും സ്വത്തുമെങ്കിൽ ശരീരത്തിന്റെ ആരാധനയും അർച്ചനയും പുറംതോടാണ്. പുറംതോടില്ലെങ്കിൽ വസ്തുവെ സംരക്ഷിക്കാനാവില്ല. പുറംതോട് നശിക്കുമ്പോൾ ഉള്ളിലെ വസ്തുവിനും സത്തിനും ഒപ്പം കേടു വരുമെന്നത് തീർച്ചയാണ്.

നിന്നും അന്യമായ പരാമർശങ്ങ ളാണ് എന്റേതെങ്കിൽ എന്നോട് ക്ഷമിക്കണമെന്ന് അഭ്യർഥി ക്കുന്നു. കഴിഞ്ഞ ഏതാനും നൂറ്റാണ്ടുക ളായി പാശ്ചാത്യ സംഗീത ത്തിനുണ്ടായ പുരോഗതി ഉദാത്ത വും, മനം കവരുന്നതും മഹനീയ വുമായ വഴിയിലായിരുന്നു എന്ന് എന്റെ സഹാജവബോധം എന്നെ വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നു. അത്തരം സംഗീതം മനസ്സിനും ഹൃദ യത്തിനും ശാന്തി നൽകുന്നു. മനു ഷ്യന്റെ മനസ്സിലും ആത്മാവിലും ലീ നമായി കിടക്കുന്ന സംഗീതത്തിൽ പൂർണമായും നിമഗ്നമാക്കുന്നതാണ് ഉത്തമ സംഗീതം എന്ന് തിരിച്ചറിയ പ്പെട്ടിട്ടുണ്ട്. സാമഞ്ജസ്യവും ശാന്തിയുമായിരുന്നു സംഗീത പരി ണാമത്തിന്റെ മുഖ്യ ലക്ഷ്യമായി ഗണിക്കപ്പെട്ടിരുന്നത്. തീർച്ചയായും മഹാൻമാരായ സംഗീതജ്ഞരു ടെയും കലാകാരൻമാരുടെയും രച നകളിൽ പ്രകൃതിയിലെ ബാഹ്യ പ്രതിഭാസങ്ങളായ അഗ്നിപർവത സ്ഫോടനം, കൊടുങ്കാറ്റ്, മേഘ നാദം മുതലായ പ്രതീകങ്ങളുടെ ശബ്ദ മേളങ്ങൾ തങ്ങളുടെ രചന കളിൽ സൃഷ്ടിക്കാറുണ്ടായിരുന്നു. ജീവിതത്തിന്റെ ഓർമച്ചെപ്പുകളിൽ മായാത്ത സ്മരണകളായി അവ സൂക്ഷിക്കുകയും സംരക്ഷിക്കപ്പെടു കയും ചെയ്യുന്നു. ആ സംഗീത ത്തിന്റെ ഉച്ചസ്ഥായിയിലെത്തു മ്പോഴും അതിന്റെ അവരോഹണങ്ങ ളിലും മുഴുപ്രപഞ്ചവും പൊട്ടിത്ത കരുന്നത് പോലെ അനുഭവപ്പെ ടുന്നു. സൂചി വീണാൽ കേൾക്കുന്ന നിശ്ശബ്ദത പരക്കുന്നതു വരെ ശ്രോതാക്കൾ തങ്ങളുടെ പേശിക ളിൽ ഒരു ചലനം പോലുമില്ലാ തെയും കണ്ണിമ ചിമ്മാതെയും നിശ്ച ലരായി ഇരുന്നുകൊണ്ട് സംഗീത പ്രളയത്തിൽ ആമഗ്നരാവുന്നു. ആ നിശ്ശബ്ദതക്ക് ശേഷമാണ് ഹാളിൽ നിന്നും അതിഗംഭീരമായ കര ഘോഷം മുഴങ്ങാറ്. വികാരസാന്ദ്ര മായ ഉന്നത വീര്യത്തിലുള്ള ഏറ്റവും ശക്തിമത്തായ സംഗീതം പോലും ശ്രോതാവിനെ പൊട്ടിത്തെ റിക്കുന്നവനും ഹാലിളക്കമുണ്ടാക്കു ന്നവനുമാക്കുന്നില്ല. എല്ലാ സംഗീത ത്തിന്റെയും സന്ദേശം ഉദാത്തവും ശാന്തവും സ്വരലയപൂർണമായിരു ന്നു. അത് മനുഷ്യനിലെ ഏറ്റവും ഉത്തമമായത് പുറത്തു കൊണ്ടുവ രികയും ഉണർത്തപ്പെടുകയും ചെയ്തിരുന്നു. ഏറ്റവും മോശമാ യത് നിരോധിക്കപ്പെടുകുകയും ചെയ്തിരുന്നു.

കഷ്ടമെന്ന് പറയട്ടെ, കഴിഞ്ഞ ഏതാനും ദശകങ്ങളായി നാം കണ്ടു കൊണ്ടിരിക്കുന്നത് തികച്ചും വ്യത്യ സ്തമായ മറ്റൊരു പ്രതിഭാസമാണ്. തരംതാഴ്ന്നതും വന്യവുമായ ജീവി താവേശത്തിന്റെ, സംഗീതത്താൽ സമകാലീന തലമുറയുടെ കർണപു ടങ്ങൾ ബധിരമായി മാറിയിരിക്കു ന്നു. അസ്വസ്ഥ കലുഷിതവും വിക്ഷുബ്ധവുമായ തലമുറ അത്തരം സംഗീതവുമായി സമരസ പ്പെടുകയും അത് അവരെ ഭ്രാന്തരാ ക്കുകയും ചെയ്യുന്നു. സംഗീതം എത്ര ക്ഷോഭജനകമാകുന്നുവോ അത്രയും അത് ജനപ്രിയമാകുന്നു. ജനപ്രിയ സംഗീതത്തെക്കുറിച്ചും ക്ലാസിക്കൽ മ്യൂസിക്കിനെക്കുറിച്ചും ഞാൻ നടത്തിയ നിരീക്ഷണങ്ങളിൽ എന്റെ അറിവില്ലായ്മ കൊണ്ട് വല്ല തെറ്റും വന്നുപോയിട്ടുണ്ടെങ്കിൽ ഞാൻ വീണ്ടും മാപ്പ് ചോദിക്കുന്നു. ഒരു കാര്യം എനിക്കുറപ്പാണ്. പ്രക്ഷോഭം, കലാപം ഭ്രാന്ത്,ഗുണ്ടാ യിസം മുതലായവ മനുഷ്യന്റെ ഉദാ ത്തമായ സർഗാത്മകതയെ നശിപ്പി ക്കുന്നതാണ്.

പാശ്ചാത്യ സംഗീതത്തിൽ പാണ്ഡിത്യമുള്ള പ്രൊഫസർ ബ്ലൂം അദ്ദേഹത്തിന്റെ 'The closing of the American Mind' എന്ന പുസ്തക ത്തിൽ പറഞ്ഞ കാര്യങ്ങൾ എന്റെ അഭിപ്രായവുമായി യോജിക്കുന്നതാ ണ്. റോക്ക് മ്യൂസിക്ക് എന്ന ചവറ്, ആത്മാവിന് ഭക്ഷണമായി നൽകി ക്കൊണ്ട് സമകാലിന ലോകത്തിലെ കൗമാരക്കാരെ നിരന്തരമായി വന്യ വത്കരിക്കപ്പെടുകയും അവരുടെ സംവേദന ശീലത്തിൽ ജീർണ തയേൽക്കുകയും ചെയ്യുന്നതിനെ പ്പറ്റി പ്രൊഫ. ബ്ലൂം തന്റെ പുസ്തക ത്തിൽ വിലപിക്കുന്നുണ്ട്.

## റസൂൽ തിരുമേനി(സ)യെ സ്നേഹിക്കുന്നവൻ ദാരിദ്ര്യത്തെ നേരിടാനൊരുങ്ങുക

അബ്ദുല്ലാഹിബ്നു മുഗ്ലഫ്(റ)യിൽ നിന്നും നിവേദനം: ഒരാൾ ഒരിക്കൽ നബി(സ) യോട് പറഞ്ഞു: അല്ലാഹു വിന്റെ പ്രവാചകരെ! അങ്ങയെ ഞാനിഷ്ടപ്പെടുന്നു. തിരുദൂതർ(സ) പറഞ്ഞു: നീപറയുന്നതെന്താണെന്ന് നല്ല വണ്ണം ചിന്തിക്കുക അപ്പോഴും അദ്ദേഹം പറഞ്ഞു: അല്ലാഹുവാണേ ഞാൻ അങ്ങയെ ഇഷ്ടപ്പെടുന്നു. മൂന്നു പ്രാവശ്യം അത് ആവർത്തിച്ചു.തിരുനബി(സ) പറഞ്ഞു: അങ്ങനെ എന്നെ സ്നേഹിക്കുന്നുവെങ്കിൽ ദാരിദ്രത്തെ നേരിടാനുള്ള സഹനശക്തിനീ സംഭരിക്കണം. കാരണം മലവെള്ളം അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനേ ക്കാളുപരി വേഗതയിലാണ് എന്നെ സ്നേഹിക്കുന്നവരെ ദാരിദ്ര്യം പിടികൂടുന്നത് (തിർമിദി)




# ചന്ദ്രൻ ഒരു ദൈവികദൃഷ്ടാന്തം

സിയ.എച്ച്,ഷാ എംഡി.

***'അവനത്രെ സൂര്യനെ ഉജ്ജ്വല തേജസ്സുള്ളതും ചന്ദ്രനെ പ്രകാശം പ്രതിഫലിക്കുന്നതുമാക്കുകയും, വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ അറിയുന്നതിന് വേണ്ടി അതിന് പല ഘട്ടങ്ങൾ നിർണയിക്കുകയും ചെയ്തിട്ടുള്ളവൻ. ന്യായമായ ആവശ്യാർഥമല്ലാതെ അല്ലാഹു അത് സൃഷ്ടിച്ചിട്ടില്ല. കാര്യങ്ങൾ ഗ്രഹിക്കുന്ന ജനങ്ങൾക്ക്വേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു. രാവും പകലും മാറി മാറി വരുന്നതിലും ആകാശങ്ങളിലും ഭൂമിയിലും അല്ലാഹു സൃഷ്ടിച്ചിട്ടുള്ള വസ്തുക്കളിലും സൂക്ഷ്മത പാലിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും പല ദൃഷ്ടാന്തങ്ങളുമുണ്ട്. '(10:6-7)***

ചന്ദ്രനില്ലാതെ നിങ്ങളുടെ ജീവിതം എങ്ങനെയായിരിക്കും എന്ന് നിങ്ങൾ ആശ്ചര്യത്തോടെ ചിന്തിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള വിസ്മയകരമായ ഉത്തരം ചന്ദ്രൻ ഇല്ലെങ്കിൽ നിങ്ങളുമുണ്ടാകില്ല എന്നായിരിക്കും. ചന്ദ്രൻ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പുണ്ടായിരുന്ന ഭൂമി തികച്ചും മറ്റൊരു ഗോളമായിരുന്നു.

ഭൂമിക്ക് വലിയ ഒരു ചന്ദ്രനുള്ളത്കൊണ്ടാണ് നമ്മുടെ ആന്തര സൗരയൂഥത്തിൽ ഭൂമി അതുല്യമായ ഒരു ഗ്രഹമായിതീരുന്നത്. ആന്തര സൗരയൂഥമാണ് നമ്മുടെ സൗരയൂഥത്തിലെ ജീവമണ്ഡലം. ഈ മണ്ഡലത്തിൽ ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ എന്നിവയുൾപ്പെടുന്നു. അതിൽ ബുധനും ശുക്രനും ഉപഗ്രഹങ്ങളില്ല. ചൊവ്വക്കാകട്ടെ ഉൽക്കയുടെ വലിപ്പത്തിലുള്ളയത്ര രണ്ട് ചെറിയ ചിന്ന ഗ്രഹങ്ങൾ മാത്രമാണ് ഉപഗ്രഹമായിട്ടുള്ളത്. നമ്മുടെ സൗരയൂഥത്തിൽ 136 ചന്ദ്രന്മാരുണ്ട് (ഉപഗ്രഹങ്ങൾ). എന്നാൽ അതിൽ നമ്മുടെ ചന്ദ്രന് ചില പ്രത്യേകതകളുണ്ട്. അറിയപ്പെടുന്ന ഉപഗ്രഹങ്ങളിൽ സൗരയൂഥത്തിലെ ആന്തര മണ്ഡ്ലത്തിൽ മൂന്ന് ഉപഗ്രഹങ്ങൾ മാത്രമാണുള്ളത്.

ചന്ദ്രന്റെ ആകർഷണ ശക്തിയാണ് സമുദ്രങ്ങളിൽ വേലിയേറ്റം

സൃഷ്ടിക്കുന്നത്. ഈ സമുദ്രവേലിയേറ്റങ്ങൾ പല സ്ഥലങ്ങളിലും ഏറ്റക്കുറച്ചിലോടെ അനുഭവപ്പെടുന്നു. ഭൂമധ്യരേഖാ പ്രദേശത്ത് വേലിയേറ്റം വളരെ കുറച്ചാണ് അനുഭവപ്പെടുക. ഏതാനും അടിമാത്രം. എന്നാൽ ധ്രുവങ്ങളിലേക്ക് പോകുമ്പോൾ അത് കൂടി വരുന്നു. കാനഡയിലെ ഫണ്ടി ഉൾക്കടലിൽ ഏറ്റവും അനുകൂലമായ അവസ്ഥയിൽ വേലിയേറ്റം 53 അടിവരെ ഉയരുന്നു. വേലിയേറ്റ പ്രവർത്തനത്തിന്റെ ഫലമായാണ് ഭൂമിയിൽ പ്രത്യേകമായ പരിസ്ഥിതിയും ആവാസ വ്യവസ്ഥയും സൃഷ്ടിക്കപ്പെട്ടത്. ഇത്തരം വേലിയേറ്റങ്ങളുടെ ഫലമായി ജലസംഭരണ പ്രദേശങ്ങളിലും അതിന്റെ ഇതര പ്രദേശങ്ങളിലും നിരവധി ജീവിരൂപങ്ങൾ വികാസം പ്രാപിക്കുന്നു. വേലിയേറ്റങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇന്ന് കാണുന്ന സസ്യങ്ങളുടെയും ജീവികളുടെയും രൂപങ്ങൾ വ്യത്യസ്തമാകുമായിരുന്നു.

മറ്റുഗ്രഹങ്ങളുടെ ഉപഗ്രഹങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രൻ അസാധാരണമാം വിധം വലുതാണ്. ചന്ദ്രന്റെ വ്യാസാർധം ഭൂമിയുടെ നാലിലൊന്നാണ്. ചന്ദ്രന്റെ ആനുപാതികമായ ഈ വലിപ്പം കാരണം അത് ഭൂമിയിൽ ഗണ്യമായ ബലം ചെലുത്തുന്നു. ഭൂമിയുമായി താരതമ്യം ചെയ്യുമ്പോൾ ആനുപാതികമായി ചന്ദ്രന്റെ അസാമാന്യമായ വലിപ്പത്തെപറ്റി പ്രതിപാദിച്ചു കൊണ്ട് എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പറയുന്നു:'ചന്ദ്രന് ഭൂമിയോടുള്ള അടുപ്പത്തെ കൂടാതെ മറ്റു ഗ്രഹങ്ങളുടെ സ്വാഭാവിക ഉപഗ്രഹങ്ങളെക്കാൾ ആനുപാതികമായി ചന്ദ്രന് പിണ്ഡം കൂടുതലാണ്. ഇതിന്റെ ഫലമായി ചന്ദ്രനും ഭൂമിയും പരസ്പരം ചെലുത്തുന്ന ശക്തമായ ആകർഷണ ശക്തിമൂലം ഒരു പ്രത്യേക ഗോള വ്യവസ്ഥയായി ഭൂമി ചന്ദ്രയുഗ്മം നിലകൊള്ളുന്നു.'[1]

സൂര്യനിൽ നിന്ന് ഭൂമി, ജീവികളുടെ ആവാസവ്യവസ്ഥക്ക് അനുയോജ്യമായ അകലത്തിലാണ് നിലകൊള്ളുന്നത്. ഭൂമി സ്യൂര്യനിൽ നിന്ന് ഇപ്പോഴുള്ളതിനേക്കാൾ അടുത്താണെങ്കിൽ സൂര്യതാപത്താൽ അതിലെ ജലമെല്ലാം വറ്റിപ്പോവുമായിരുന്നു. അകലെയാണെങ്കിൽ ജലമെല്ലാം തണുത്തുറഞ്ഞു പോകുകയും ചെയ്യുമായിരുന്നു, ചന്ദ്രന്റെ അനുയോജ്യമായ വലുപ്പവും അതിന്റെ യുഗ്മത്വവുമാണ് നിശ്ചിത അകലത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്ന ഭൂമിയുടെ അച്ചുതണ്ടിനെ സ്ഥിരമായി നിർത്തി ഭൂമിക്ക് പ്രവചനീയമായ ഒരു കാലവസ്ഥ പ്രദാനം ചെയ്യുന്നത്. യൂറോപ്യൻ സ്പേസ് ഏജൻസിയിയുടെ റിസർച്ച് ആന്റ് സയൻസ് ഡിപ്പാർട്ട്മെന്റിലെ ചീഫ് സയന്റിസ്റ്റായ ഡോ. ബർണാർഡ് എഛ്. ഫോയിങ്ങ് ആസ്ട്രോ ബയോളജിക്കൽ മാഗസിനിൽ എഴുതുന്നു:

'കറങ്ങിക്കൊണ്ടിരിക്കുന്ന ഭൂമിയുടെ അച്ചുതണ്ടിനെ സ്ഥിരമായി നിർത്തുന്ന ഘടകം ചന്ദ്രനാണ്. നിങ്ങൾ ചൊവ്വാഗ്രഹത്തെ നോക്കൂ സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളുടെ ആകർഷണ സ്വാധീനം മൂലം ചൊവ്വ അതിന്റെ അച്ചു തണ്ടിൽ ഉലഞ്ഞുകൊണ്ടാണ് കറങ്ങുന്നത് (Wobbling Motion). ഇത്തരത്തിൽ അച്ചുതണ്ട് അസ്ഥിരമായി ചരിഞ്ഞും ഉലഞ്ഞും കൊണ്ടുള്ള ഭ്രമണം മൂലം ചൊവ്വയുടെ ധ്രുവപ്രദേശത്തുള്ള മഞ്ഞു തൊപ്പി മദ്ധ്യഭാത്തേക്ക് മാറുന്നതായി കാണാം. എന്നാൽ ചന്ദ്രൻ നമ്മുടെ ഗ്രഹമായ ഭൂമിയെ സ്ഥിരമായി നിർത്താൻ സഹായിക്കുന്നു. അതിന്റെ അച്ചുതണ്ട് ഒരേ ദിശയിൽ തന്നെ നിശ്ചിതമായ ചരിവോടെ ഉലയാതെ സ്ഥിരമായി കറങ്ങുന്നു. അതുകൊണ്ടാണ് നമുക്ക് കുറഞ്ഞ തോതിലുള്ള കാലാവസ്ഥാ മാറ്റം അനുഭവപ്പെടുന്നത്. ഭൂമിയിലെ ജീവരാശിയുടെ സ്വഭാവത്തെ വമ്പിച്ച തോതിൽ സ്വാധീനിച്ചത് ഭൂമിയുടെ ഈയൊരു പ്രത്യേകതയാണ്. അതുകൊണ്ടാണ് ഭൂമിയിൽ സങ്കീർണങ്ങളായ ബഹുകോശ ജീവികൾ ആവിർഭവിക്കാൻ കാരണം. വലിയ തോതിലുള്ള കാലാവ സ്ഥാഭേദങ്ങളുള്ള ഗ്രഹങ്ങളിൽ ചെറിയതും മൃദുലമല്ലാത്തതുമായ ജീവികൾ മാത്രമേ ആവിർഭവിക്കൂ[2]. ചന്ദ്രൻ ഇല്ലായിരുന്നുവെങ്കിൽ ഭൂമിയുടെ അച്ചുതണ്ട് (വടക്ക് തെക്കായി ഭൂമിയുടെ മദ്ധ്യത്തിലൂടെയുള്ള സാങ്കൽപ്പിക രേഖ) പമ്പരം കറങ്ങി വീഴാൻ നേരത്ത് ആടി ഉലയുന്നത് പോലെയോ അല്ലെങ്കിൽ താങ്ങിനിർത്തുന്ന തൂണുകളില്ലാതെ മുറുക്കിക്കെട്ടിയ കയറിൽ കൂടെ നടക്കുന്ന ഒരു അഭ്യാസിയുടെ വേച്ചു വേച്ചുള്ള നടത്തം പോലെയോ ഉലയുമായിരുന്നു. ഭൂമിക്ക് അല്പം ഉലച്ചിൽ ഉണ്ടെങ്കിലും അത് സ്ഥിരമാക്കി നിർത്തുന്നത് ചന്ദ്രനാണ്. ഇത്കൊണ്ടാണ് ഭൂമിയിൽ ഋതുഭേദങ്ങൾ കൂടുതൽ മാറ്റങ്ങളില്ലാതെയും സ്ഥിരമായും ആവർത്തിക്കുന്നത്. ഈ കാലാവസ്ഥ ഭേദമാണ് കൂടുതൽ സങ്കീർണമായ ജീവിരൂപങ്ങൾ ആവിർഭവിക്കാനും പരിണമിക്കാനും വിജയകരമായ രൂപസ്ഥിരത കൈവരിക്കാനും കാരണമായി തീരുന്നത്.

ഭൂമിയുമായി ചന്ദ്രൻ ഇന്നു കാണുന്ന ഭ്രമണ പഥത്തെക്കാൾ കൂടുതൽ അടുത്തായിരുന്നു വെങ്കിൽ കടലിലുണ്ടാകുന്ന ഓരോ വേലിയേറ്റവും ഒരു സുനാമിയായി പരിണമിക്കുമായിരുന്നു. അങ്ങനെയാണെങ്കിൽ കരയിൽ ജീവിതം അസാദ്ധ്യമായി തീരും. ചന്ദന്റെ ഗുരുത്വ ബലം എല്ലാ കാലത്തും സ്ഥിരമായിരുന്നുവെങ്കിൽ സമുദ്രത്തിൽ വേലിയിറക്കവും വേലിയേറ്റവും ഉണ്ടാകുമായിരുന്നില്ല. ചന്ദ്രന്റെ ഗുരുത്വ ബലത്തെ പറ്റി എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പറയുന്നു:

ചന്ദ്രന്റെ ഭൂമദ്ധ്യരേഖാവ്യാസാർധം 1,738 കിലോമീറ്ററാണ് (1,080 മൈൽ) അതിന്റെ ആകൃതി അല്പം പരന്നതാണ്. ഭൂമിയുടെ നേർക്ക് അല്പം ഉന്തിനിൽക്കുന്നതുമാണ്. ചന്ദ്രന്റെ പിണ്ഡം വിതരണം ചെയ്യപ്പെട്ടിരിക്കുന്നത് എല്ലായിടത്തും ഒരു പോലെയല്ല. ചന്ദ്രന്റെ മദ്ധ്യഭാഗം ഗോളാകാരത്തെ അപേക്ഷിച്ച് 2 കി.മീറ്ററോളം (1.2മൈൽ) വിസ്ഥാ

പനം സംഭവിച്ച് ഭൂമിക്ക് നേരെ ഉന്തിനിൽക്കുന്നു.[3]

ചന്ദ്ര-ഭൂമി യുഗ്മത്തിന്റെ ഈ പ്രത്യേകതയാണ് ഭൂമിയിൽ സങ്കീർണമായ ജീവിതം ആവിർഭവിക്കാൻ കാരണമായി തീർന്നത്. അത് കേവലം ആകസ്മികമോയാദൃച്ഛികമോ അല്ല. സ്രഷ്ടാവിന്റെ പ്രത്യേകമായകരുണാകടാക്ഷമാണ്. അല്ലാഹുപറയുന്നു:

'*രാവിനേയും പകലിനേയും സൂര്യനേയും ചന്ദ്രനേയും അവൻ നിങ്ങളുടെ സേവനത്തിനായി ഏർപ്പെടുത്തിത്തന്നിരിക്കുന്നു. നക്ഷത്രങ്ങളും അവന്റെ കൽപ്പനയനു സരിച്ച് വിധേയമാക്കപ്പെട്ടവയാണ്. ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് ഇതിൽ തീർച്ചയായും പല ദൃഷ്ടാന്തങ്ങളുമുണ്ട്.' (വിശുദ്ധ ഖുർആൻ 16:13)*

*ചന്ദ്രന്റെ ഭ്രമണത്തെപറ്റി ഖുർആൻ പറയുന്നു: 'അവനത്രെ രാവിനെയും പകലിനെയും സൂര്യനേയും ചന്ദ്രനേയും സൃഷ്ടിച്ചത്. ഇവയിൽ ഒരോന്നും ഒരോ പാന്ഥാവിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു' (വിശുദ്ധ ഖുർആൻ 21: 34)*

ഈ ലേഖനത്തിന്റെ തുടക്കത്തിൽ ഉദ്ധരിച്ച സൂറ യൂനുസിലെ വചനം പോലെ വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ അറിയുന്നതിന് വേണ്ടി അതിന് പല ഘട്ടങ്ങളും നിർണയിക്കുകയും ചെയ്തു. സൂര്യന്റെയും ചന്ദ്രന്റെയും ചലനങ്ങളാണ് ഗോള ശാസ്ത്രത്തിന്റെയും ഗണിത ശാസ്ത്രത്തിന്റെയും വികാസത്തിലേക്ക് നയിച്ചത്. പ്രൊഫ: ബർണാർഡ് എഷ്. ഫോയിങ്ങ് എഴുതുന്നു: 'നമ്മുടെ ചരിത്രത്തിൽ അധിക കാലവും നാം വേട്ടയാടുകയും മത്സ്യം പിടിക്കുകയും കൃഷി നടത്തുകയും നമ്മുടെ ജീവിതം ക്രമപ്പെടുത്തുകയും ചെയ്തത് ചന്ദ്രനെ ഉപയോഗിച്ചാണ്. നമ്മുടെ വേട്ടയുടെ സമയവും കൊയ്ത്തിന്റെ സമയവും നിർണയിച്ചിരുന്നത് ചന്ദ്രനാണ്. അതുകൊണ്ടാണ് നമ്മുടെ കലണ്ടറുകളധികവും ചന്ദ്രനെ അടിസ്ഥാനമാക്കിയായത്. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ നിരീക്ഷണം ഇങ്ങനെയാണ്. ചന്ദ്രന്റെ പ്രകൃതിയെക്കുറിച്ചും അതിന്റെ ഉദ്ഭവത്തെക്കുറിച്ചും നൂറ്റാണ്ടുകളുടെ നിരീക്ഷണവും ശാസ്ത്രഗവേഷണങ്ങളും നടക്കുകയുണ്ടായി. ചന്ദ്രന്റെ ചലനങ്ങളെക്കുറിച്ചും സ്ഥാനത്തെക്കുറിച്ചുമുള്ള പുരാതനകാലത്തെ പഠനങ്ങൾ വേലിയേറ്റത്തെക്കുറിച്ചും ഇറക്കത്തെക്കുറിച്ചുമുള്ള പ്രവചനങ്ങൾ നടത്താൻ സാദ്ധ്യമാക്കുകയും അങ്ങിനെ കലണ്ടറുകളുടെ വികാസത്തിലേക്ക് അത് നയിക്കുകയും ചെയ്തു. ഫോയിങ്ങ് തുടരുന്നു: ശാസ്ത്രത്തിന്റെ വികാസത്തിന് പ്രപഞ്ചത്തിൽ നമ്മുടെ സ്ഥാനത്തെക്കുറിച്ച് അറിയാനും ചന്ദ്രന് നിർണായകമായ ഒരു പങ്കുണ്ട്. ചന്ദ്രന്റെ വൃദ്ധി ക്ഷയങ്ങളുടെ ആവർത്തനം നാം കാണുന്നു. ചന്ദ്രഗ്രഹണവും സൂര്യ ഗ്രഹണവും നാം നിരീക്ഷിക്കുന്നു. പ്രകൃതിയെക്കുറിച്ച് മനസ്സിലാക്കാൻ ഇത് നമുക്ക് ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു.[5] എൻസൈക്ലാപീഡിയ ബ്രിട്ടാനിക്ക പറയുന്നു: ചന്ദ്രചലനങ്ങളെക്കുറിച്ചുള്ള പഠനമാണ് വിജ്ഞാന വളർച്ചയുടെ കേന്ദ്രബിന്ദു. അത് ചന്ദ്രനെക്കുറിച്ച് മാത്രമല്ല, ഗോള ബലതന്ത്രത്തെക്കുറിച്ചും ഭൗതിക ശാസ്ത്രത്തെ ക്കുറിച്ചുമുള്ള അറിവിന് ആധാരം ഈ ചന്ദ്രനെക്കുറിച്ചുള്ള അറിവാണ്.[6] വിശുദ്ധ ഖുർആൻ പറയുന്നു: '*ചന്ദ്രന് നാം ചില പതനങ്ങൾ നിർണയിച്ചിട്ടുണ്ട്. അങ്ങനെ അത് പഴയ ഈന്തക്കുല തണ്ട് പോലെ ആയി തീരുന്നു (36: 40-41)*

നമ്മുടെ സൗരയൂഥത്തിലെ 137 ചന്ദ്രന്മാരെക്കുറിച്ചുള്ള വിവരണ പട്ടിക ഇപ്രകാരമണ്

ബുധൻ 0, ശുക്രൻ 0. ഭൂമി 1, വ്യാഴം 62, ശനി 33, യുറാണസ് 27, നെപ്ട്യൂൺ 13, പ്ലൂട്ടോ 1 (പ്ലൂട്ടോയെ ഇന്റർ നാഷണൽ ആസ്ട്രാണമി യൂണിയൻ 2006 ൽ ഗ്രഹത്തിന്റെ പദവിയിൽ നിന്ന് ചിലകാരണങ്ങളാൽ ഒഴിവാക്കിയിട്ടുണ്ട്)

**ബൈബിൾ**

ഞാൻ വിശുദ്ധ ഖുർആനെ സംബന്ധിച്ച് പക്ഷപാതിത്വത്തോടുകൂടിയല്ല സംസാരിച്ചത്. നമ്മുടെ ചന്ദ്രനെപറ്റി ബൈബിളിൽ എന്താണ് പറഞ്ഞതെന്ന് ഞാൻ നോക്കാൻ തീരുമാനിച്ചു. ബൈബിളിൽ രണ്ടു വ്യത്യസ്തമായ സൃഷ്ടികഥയാണ് കണാൻ കഴിഞ്ഞത്. ഉൽപത്തിയിൽ വിവരിച്ച സൃഷ്ടികഥ ഇപ്രകാരമാണ്. അതായത് സൂര്യന് മുമ്പാണ് ഭൂമി സൃഷ്ടിക്കപ്പെട്ടത്. ഈ പരാമർശം ശാസ്ത്രീയമായി തെറ്റാണ്. ഭൂമി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടത് മൂന്നാം ദിവസമാണ്. നാലാം ദിവസം വരെ സൂര്യനും ചന്ദ്രനും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഉൽപത്തി 9-13 വരെയുള്ള വചനങ്ങളിലാണ് ഭൂമിയുടെ സൃഷ്ടികഥ വിവരിച്ചിരിക്കുന്നത്. '*ദൈവം അരുളി ചെയ്തു ആകാശത്തിന് കീഴിലുള്ള വെള്ളമെല്ലാം ഒരിടത്ത് ഒന്നിച്ച് ചേരട്ടെ, വരണ്ട കര കാണുമാറുകയും ചെയ്യട്ടെ. അത് അങ്ങനെ ആയി. വരണ്ട കരയെ ഭൂമിയെന്നും ഒന്നിച്ചു ചേർന്ന വെള്ളത്തെ കടൽ എന്നും ദൈവം വിളിച്ചു. അത് നല്ലത് എന്ന് ദൈവം കണ്ടു. ദൈവം അരുൾ ചെയ്തു: 'ഭൂമിയിൽ സസ്യങ്ങൾ മുളച്ച് വളരട്ടെ. അതതു തരം വിത്തുള്ള ചെടികളും അതതു തരം കുരുവോടുകൂടിയ ഫലങ്ങളും കായ്ക്കുന്ന വൃക്ഷങ്ങളും അങ്ങനെ ആയി. ഭൂമി സസ്യങ്ങൾ മുളപ്പിച്ചു അതതു തരം വിത്തുകളോടുകൂടിയ ചെടികളും അതതു തരം കുരുവോടുകൂടിയ ഫലം കായ്ക്കുന്ന വൃക്ഷങ്ങളും അതു നല്ലത് എന്നു ദൈവം കണ്ടു സന്ധ്യയായി. ഉഷസ്സായി മൂന്നാം ദിവസം' (ഉൽപ്പത്തി 1: 1-13)*

ഈ ബൈബിൾ വചനത്തിൽ പ്രതിപാദിച്ച മറ്റു വസ്തുതകളിൽ ശാസ്ത്രീയമായി സംഗതമല്ലാത്ത പരാമർശങ്ങളാണുള്ളത്. അതായത് സൂര്യൻ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പേ സസ്യങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്ന പരാമർശം. ഇത് ശാസ്ത്രീയം എന്നത് പോയിട്ട് സാമാന്യയുക്തിക്കു പോലും നിരക്കുന്നതല്ല. സൂര്യപ്രകാശം ലഭിച്ചെങ്കിൽ മാത്രമേ

പ്രകാശ സംശ്ലേഷണം നടത്തി സസ്യങ്ങൾക്ക് വളരാൻ സാദ്ധ്യമാവൂ. അത്പോലെ സൂര്യൻ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പേ രാവും വൈകുന്നേരവുമുണ്ടായി. സൂര്യനും ചന്ദ്രനും നാലാം ദിവസമാണ് സൃഷ്ടിക്കപ്പെട്ടത്, ബൈബിളിൽ ചന്ദ്രനെപറ്റി അതിന്റെ നാമം പരാമർശിക്കാതെ യുള്ള ഒരു പ്രതിപാദനം നോക്കുക.

*'ദൈവം അരുൾ ചെയ്തു: പകലും രാത്രിയും വേർതിരിക്കാൻ ആകാശ കമാനത്തിൽ ജ്യോതിസ്സുകൾ ഉണ്ടാകട്ടെ, അവ ഋതുക്കളും ദിനങ്ങളും വത്സരങ്ങളും തിരിച്ചറിയാനുള്ള അടയാളങ്ങളായിരിക്കട്ടെ. അവ ആകാശ കമാനത്തിൽ ഭൂമിക്ക് വെളിച്ചം നൽകുന്ന ജ്യോതിസ്സുകളായിരിക്കട്ടെ, അത് അങ്ങനെ ആയി. അങ്ങനെ രണ്ട് വലിയ ജ്യോതിസ്സുകളെ ദൈവം സൃഷ്ടിച്ചു. അവയിൽ വലുപ്പമേറിയതിനെ പകൽ ഭരിക്കാനും വലിപ്പം കുറഞ്ഞതിനെ രാവു ഭരിക്കാനും ആക്കി. ദൈവം നക്ഷത്രങ്ങളെ സൃഷ്ടിച്ചു. ഭൂമിയിൻമേൽ പ്രകാശം നൽകാനും പകലും രാത്രിയും ഭരിക്കാനും ഇരുളിൽ നിന്ന് പ്രകാശത്തെ വേർതിരിക്കാനുമായി ദൈവം അവയെ ആകാശകമാനത്തിൽ സ്ഥാപിച്ചു. ഉഷസ്സായി. നാലാം ദിവസം.' (ഉൽപ്പത്തി 1: 14-19)*

ബൈബിളിൽ ചന്ദ്രൻ എന്ന പദം സെർച്ച് ചെയ്യാനായി WWW. Bible.com എന്ന സൈറ്റിൽ പോയി സെർച്ച് ചെയ്തപ്പോൾ ഞാൻ 62 ബൈബിൾ വചനങ്ങൾ കണ്ടു. പക്ഷേ അതൊന്നും തന്നെ ഖുർആനിൽ പ്രതിപാദിച്ചത് പോലെ ചന്ദ്രന്റെ സൃഷ്ടിപ്പിൽ ഒരു ഉദ്ദേശ്യം ഉള്ളതായും അത് ഒരു ഭ്രമണ പഥത്തിൽ ചുറ്റിത്തിരിയുന്നതായും പ്രതിപാദിച്ചതായി കാണാൻ സാധിച്ചില്ല. അപ്രകാരം ശാസ്ത്രത്തിന്റെയും ഗണിത ശാസ്ത്രത്തിന്റെയും നിദാനം ചന്ദ്രന്റെ വിവിധ പതനഘട്ടങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണെന്ന പരാമർശവും കണ്ടില്ല. ഞാൻ ഈ ലേഖനത്തിൽ ഉദ്ധരിച്ച ഖുർആൻ വചനങ്ങൾ സർവജ്ഞനായ ദൈവത്തിൽ നിന്നുള്ളതാണെന്ന എന്റെ ബോദ്ധ്യം വീണ്ടും ശക്തിപ്പെടുകയാണുണ്ടായത്. അത് കൂടാതെ സങ്കീർത്തനങ്ങളിൽ പ്രപഞ്ച ശാസ്ത്രത്തെക്കുറിച്ച് ചില പരാമർശങ്ങളുണ്ട്. പക്ഷേ അതൊന്നും തന്നെ ഖുർആനോളം തുല്യമല്ല. ബൈബിളിലെ പരാമർശങ്ങൾ ശാസ്ത്രീയമായ കൃത്യതയോ സൂക്ഷ്മതയോ ഇല്ലാത്തതാണ്. ഒരു ബൈബിൾ വചനം ഇങ്ങനെയാണ്: *ഋതുക്കളെക്കുറിക്കാൻ നീ ചന്ദ്രനെ സൃഷ്ടിച്ചു. സൂര്യൻ അതിന്റെ അസ്തമയ കാലം അറിയുന്നു.' (സങ്കീർത്ത നം: 104: 19) 'സൂര്യൻ നിശ്ചലമായി നിന്നു. ചന്ദ്രൻ അനങ്ങിയില്ല. യാശാറന്റെ പുസ്തകത്തിൽ ഇത് എഴുതിയിട്ടില്ലേ? സൂര്യൻ ആകാശമദ്ധ്യത്തിൽ ഉറച്ചു നിന്നു. അത് ഒരു മുഴുവൻ ദിവസങ്ങളോളം അസ്തമിക്കാൻ മുതിർന്നതേയില്ല.' (യോആശുവാ.10:13)*

ഈ വൈരുദ്ധ്യങ്ങൾ ഡോ.മൗറീസ് ബുക്കായിയുടെ The Bible the Quran and the Science എന്ന പുസ്തകത്തിൽ ചന്ദ്രനെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ അദ്ദേഹം Creation of the Heaven and Earth എന്ന അദ്ധ്യായത്തിൽ എഴുതുന്നു: 'ബൈബിൾ, സൂര്യനെയും ചന്ദ്രനേയും ജ്യോതിസ് എന്ന പദമാണ് ഉപയോഗിച്ചത്. സൂര്യനെ വലിപ്പമേറിതെന്നും ചന്ദ്രനെ വലിപ്പം കുറഞ്ഞതെന്നും പ്രയോഗിച്ചു. ഖുർആൻ മറ്റൊരു മാനത്തിലാണ് രണ്ട് ഗോളങ്ങളയും വിശേഷിപ്പിച്ചത്. വെറുമൊരു അക്ഷരമാത്രമായ വിശേഷണത്തിൽ കവിഞ്ഞ ഒന്നാണ് ഖുർആന്റെ വിശേഷണം. എന്നാൽ എങ്ങനെയാണ് ഈ കാലത്ത് ഇങ്ങനെയൊരു കാര്യം ആശയക്കുഴപ്പമില്ലാതെ മനുഷ്യനോട് വിനിമയം ചെയ്യാൻ സാധിക്കുക. ഖുർആന്റെ ഈ വിശേഷണത്തിൽ സൂര്യന്റെയും ചന്ദ്രന്റേയും പ്രകാശം തികച്ചും വ്യത്യസ്തമായ പ്രകാശമാണ്. ഖുർആൻ ഈ രണ്ട് വ്യത്യാസങ്ങളും വ്യക്തമായി പ്രതിപാദിക്കുന്നു. ഇവിടെ അദ്ദേഹം സൂചിപ്പിച്ച ഖുർആൻ വചനം ഇതാണ്.'*അല്ലാഹു ഏഴാകാശങ്ങളെ എങ്ങനെ പരസ്പരം യോജിച്ച നിലയിൽ സൃഷ്ടിച്ചുവെന്ന് നിങ്ങൾ കണ്ടില്ലേ?' (71: 16-17) 'ആകാശത്തിൽരാശികളെ ഉണ്ടാക്കുകയും അതിൽ ഒരു വിളക്കിനെയും (സിറാജ്) വെളിച്ചം (മുനീർ) നല്കുന്ന ഒരു ചന്ദ്രനേയും സൃഷ്ടിക്കുകയും ചെയ്തവൻ അനുഗ്രഹപൂർണനാണ്.' (25:62)*

ബൈബിളിൽ ചന്ദ്രന്റെ ഭ്രമണ വൃത്തത്തിലൂടെയുള്ള ചലനത്തെ പറ്റി പ്രതിപാദിക്കുന്നില്ല. ഖുർആൻ ചന്ദ്രന്റെ ഭ്രമണവൃത്തത്തിലൂടെയുള്ള ചലനത്തെപറ്റി പ്രതിപാദിക്കുന്നുവെന്ന് മാത്രമല്ല അത് സൂര്യന്റെ ചലനത്തിൽ നിന്ന് വ്യത്യസ്ത പഥത്തിലാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

*'അവനത്രെ രാവിനെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ചത്. ഇവയിൽ ഓരോന്നും ഓരോ പാന്ഥാവിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു.'(21:34) 'സൂര്യനെ ചന്ദ്രനെ എത്തിപ്പിടിക്കാനാവുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഒരോ സഞ്ചാര പഥത്തിൽ അനായാസം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.' ( 36: 41)*

ബൈബിളിനെപോലെഖുർആനിൽ പരസ്പര വൈരുദ്ധ്യങ്ങളോ സുസ്ഥാപിത ശാസ്ത്രീയ സത്യങ്ങളുമായി വിയോജിപ്പുള്ള വസ്തുതകളോ ഇല്ല.

**ഉപസംഹാരം**

*'നിങ്ങൾക്ക് കാണാൻ കഴിയാത്ത തൂണുകൾ കൂടാതെ ആകാശങ്ങളെ ഉയർത്തിവച്ചിരിക്കുന്നവനാണ് അല്ലാഹു. പിന്നീട് അവൻ സ്വയം സിംഹാസനത്തിൽ ആസനസ്ഥനായി. സൂര്യനെയും ചന്ദ്രനേയും അവൻ അധീനമാക്കി. എല്ലാം ഒരു നിശ്ചിത കാലയളവനുസരിച്ചു സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. അവൻ കാര്യങ്ങളെല്ലാം ക്രമപ്പെടുത്തി നിയന്ത്രിച്ചു കൊണ്ടിരിക്കുന്നു. നിങ്ങളുടെ നാഥനുമായുള്ള കൂടി*

*കാഴ്ച്ചയിൽ നിങ്ങൾക്ക് ദൃഢവിശ്വാസമുണ്ടാകുന്നതിന് വേണ്ടി. അവൻ ദൃഷ്ടാന്തങ്ങൾ വിശദമായി വിവരിക്കുന്നു.' (13:3)*

നമ്മുടെ പ്രവിശാലമായ പ്രപഞ്ച സംവിധാനത്തെ പറ്റി പ്രത്യേകിച്ച് സൗരയൂഥത്തെ പറ്റി നിരീക്ഷിക്കുമ്പോൾ എങ്ങനെയാണ് ഗുരുത്വാകർഷണം നമ്മെ സ്വാധീനിക്കുന്നത് എന്ന് കുറേകൂടി അഗാധമായ തലങ്ങളിൽ നാം ചിന്തിക്കുക യാണെങ്കിൽ അതിന്റെ അന്തർധാരയായി വർത്തിക്കുന്ന സൂക്ഷ്മമായ കാരണങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ തിരിയുന്നു. പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവ് ഉണ്ട് എന്ന യാഥാർഥ്യമല്ലാതെ മറ്റൊന്നുമല്ല അത്. നമ്മുടെ ജീവിതത്തെ അത് ഉത്തരവാദിത്വ പൂർണമാക്കുകയും പരലോക ജീവിതത്തെ പറ്റിയുള്ള വിശ്വാസം ജനിപ്പിക്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ യഹൂദ പ്രവാചകന്മാരായ ദാവൂദ് നബി യെ(അ) യും സുലൈമാൻ നബി (അ)യെ പറ്റിയും പറയുന്നു: '*നാം ദാവൂദിന് സുലൈമാനെ അനുഗ്രഹിച്ചു നൽകി അദ്ദേഹം വളരെ നല്ല ദാസൻ. തീർച്ചയായും അദ്ദേഹം ദൈവസന്നിധിയിൽ ഭക്തിപൂർവം കുനിയുന്ന ആളായിരുന്നു. വളരെ വേഗം ഓടുന്ന മേത്തരം കുതിരകളെ സായാഹ്നവേളകളിൽ അദ്ദേഹത്തിന്റെ മുമ്പിൽ പ്രദർശിപ്പിക്കപ്പെട്ട സന്ദർഭം സ്മരിക്കുക. അപ്പോൾ അദ്ദേഹം പറഞ്ഞു: നല്ല വസ്തുക്കൾ എന്റെ നാഥനെ സംബന്ധിച്ച് സ്മരണ ഉണർത്തുന്നത് നിമിത്തം അവയെ സ്നേഹിക്കുന്നതിനെ ഞാനിഷ്ടപ്പെടുന്നു. അങ്ങനെ അവ മറവിൽ അപ്രത്യക്ഷമായി. (അപ്പോൾ അദ്ദേഹം കൽപ്പിച്ചു) അവയെ എന്റെ മുന്നിൽ തിരിച്ചു കൊണ്ടുവരിക എന്നിട്ട് അദ്ദേഹം അതിന്റെ കണങ്കാലുകളും കഴുത്തു കളും (വാത്സല്യപൂർവം തടവുകയുണ്ടായി '(38: 31–34)*

അല്ലാഹുവിന്റെ സൃഷ്ടിയാവുന്ന ദർപ്പണത്തിൽ നമുക്ക് സ്രഷ്ടാവിനെകാണാനും അവനെ വാഴ്ത്താൻ സാധിക്കുകയും ചെയ്യണം. വാഗ്ദത്ത മസീഹ് മനുഷ്യ ജീവിതത്തിന്റെ ഉദ്ദേശ്യത്തെപറ്റിയും മനുഷ്യ മസ്തിഷ്ക്കത്തിന്റെ സ്വഭാവത്തെക്കുറിച്ചും അവിടുത്തെ 'ഹഖീഖത്തുൽ വഹ്യ്' എന്ന പുസ്തകത്തിൽ ഇങ്ങനെ പ്രതിപാദി ക്കുകയുണ്ടായി. 'മനുഷ്യൻ സ്രഷ്ടിക്കപ്പെട്ടതിന്റെ ആത്യന്തിക ലക്ഷ്യം അവന്റെ സ്രഷ്ടാവിനെ തിരിച്ചറിയാനാണ്. മനുഷ്യൻ അവന്റെ സ്രഷ്ടാവിനെ സംബന്ധിച്ച് പൂർണമായും ബോധവാനാകണമെന്ന് വ്യക്തമാക്കേണ്ടതുണ്ട്. അവന്റെ ഗുണങ്ങളെ സംബന്ധിച്ച് ഒരളവോളം മനസ്സിലാക്കുകയും ചെയ്താൽ ദൈവത്തെ സംബന്ധിച്ച അവന്റെ ബോധം ഒരു നിശ്ചിത ജ്ഞാനത്തിന്റെ തലത്തിലെത്തും. അതിനാൽ അല്ലാഹു മനുഷ്യന്റെ മനസ്സ് രണ്ട് വിധത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഒരു ഭാഗത്ത് അവന് ധിഷണാ ശേഷി നൽകിയിരിക്കുന്നു. ഈ കഴിവ് കൊണ്ട് അവന് അല്ലാഹുവിന്റെ സൃഷ്ടികളെക്കുറിച്ച് പഠിക്കാൻ കഴിയുന്നു. എല്ലാ കണികകളിലും ദൈവികമായ ഉദ്ദേശ്യം കാണാൻ അവന് സാധിക്കുകയും ചെയ്യുന്നു. പ്രകൃതിയിലെ സംഘാടനവും പ്രകൃതി സംവിധാനത്തിലെ ക്രമവും അവൻ പഠിച്ചാൽ ആകാശ ഭൂമിക ളിലെ ഈ രൂപഘടന ഒരു സ്രഷ്ടാവിനെ കൂടാതെ സ്വയം ഉണ്ടാവുക സാദ്ധ്യമല്ല എന്ന് പൂർണമായും അവന് ബോദ്ധ്യമാവും.ഇതിനെല്ലാം തന്നെ ഒരു സംവിധായകനും സ്രഷ്ടാവും ഉണ്ട് എന്ന നിഗമനത്തിൽ അവൻ എത്തിച്ചേരുന്നതാണ്.'


Reference

1 "Moon." Encyclopædia Britannica. 2009. Encyclopædia Britannica Online. 31 Oct. 2009 <http://www.britannica.com/EBchecked/topic/391266/Moon>.

2 http://www.astrobio.net/index.php?option=com_retrospection&task=detail&id=2507

3 "Moon." Encyclopædia Britannica. 2009. Encyclopædia Britannica Online. 17 Nov. 2009 <http://www.britannica.com/EBchecked/topic/391266/Moon>.

4 "Moon." Encyclopædia Britannica. 2009. Encyclopædia Britannica Online. 31 Oct. 2009, <http://www.britannica.com/EBchecked/topic/391266/Moon>.

5 http://www.astrobio.net/index.php?option=com_retrospection&task=detail&id=2507

6 "Moon." Encyclopædia Britannica. 2009. Encyclopædia Britannica Online. 17 Nov. 2009, <http://www.britannica.com/EBchecked/topic/391266/Moon>.

7 Promised Messiahas. Haqiqat-ul-Wahi, Ruhani Khaza'in, vol. 22, pp. 7-8

8 Promised Messiahas. Malfoozat recording of September 14, 1907.

9 Commentary on the Holy Quran, based on the writings of Promised Messiah may blessings of Allah be on him, Translanted by Sir Zafarulla Khan. Volume I, Surah Fatiha,

Published by the London Mosque, page 78.


## ദുനിയാവിന്റെ ക്ഷണികത

അബ്ദുല്ലാഹിബ്നു മസ്ഊദി(റ)ൽ നിന്നും നിവേദനം : ഒരവസരത്തിൽ റസൂൽ തിരുമേനി (സ) ഒരു പായയിൽ കിടന്നുറങ്ങി. എഴുന്നേറ്റപ്പോൾ ആ പായ തിരുദൂതരുടെ ശരീരത്തിൽ അടയാളങ്ങളുണ്ടാക്കിയിരുന്നു. ഞങ്ങൾ അപ്പോൾ അവിടത്തോട് ചോദിച്ചു. അല്ലാഹുവിന്റെ പ്രവാചകരെ, അങ്ങേക്ക് ഞങ്ങളൊരു മാർദ്ദവമേറിയ വിരിപ്പുണ്ടാക്കി തന്നാലോ? അന്നേരം തിരുദൂതർ പറഞ്ഞു: ദുനിയാവുമായി എനിക്കെന്തു ബന്ധമാണുള്ളത്? ഒരു വൃക്ഷ ചുവടിൽ കുറച്ച് സമയം നിഴലേറ്റു വിശ്രമിച്ചു, പിന്നീട് അത് ഉപേക്ഷിച്ച് പോകുന്ന യാത്രക്കാരനെപോലെ മാത്രമാണ് ഞാനീ ലോകത്ത് ( മുസ്‌ലിം)

# സ്വർഗനരകങ്ങൾ ഇസ്‌ലാമിലും മറ്റു മതങ്ങളിലും

എല്ലാ മതവിശ്വാസങ്ങളിലും സ്വർഗ നരകങ്ങളെപ്പറ്റി പൊതുവായ ചില സങ്കല്പങ്ങളുണ്ട്

ഫസ്‌ൽ അഹ്‌മദ്

**വി**ശുദ്ധഖുർആനിൽ സ്വർഗനരകങ്ങളെ സംബന്ധിച്ചും മനുഷ്യന്റെ ഭൗതികാവസ്ഥയിൽ നിന്നും ആത്മീയാവസ്ഥയിലേക്കുള്ള പരിണാമത്തെക്കുറിച്ചും വിശദമായ വിവരണമുണ്ട്. മതപ്രമാണങ്ങളിലുള്ള ഏറ്റവും വിശദമായ വിവരണം ഒരു പക്ഷേ ഖുർആനിലുള്ളതായിരിക്കാം. താഴെ കൊടുത്ത ഖുർആനിക സൂക്തങ്ങൾ അടിസ്ഥാനപരമായ വീക്ഷണത്തിന്റെ ഉദാഹരണങ്ങളാണ്.

''എന്നാൽ ദൗർഭാഗ്യവാന്മാരാവട്ടെ അവർ തീയിലായിരിക്കും. അവർക്ക് അവിടെ നെടുവീർപ്പും തേങ്ങിക്കരച്ചിലുമാണ് ഉണ്ടായിരിക്കുക.

ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്ന കാലത്തോളം അവർ അതിൽ നിവസിക്കുന്നവരായിരിക്കും. നിന്റെ നാഥൻ ഉദ്ദേശിക്കുന്ന കാലം ഒഴിച്ച്. നിന്റെ നാഥൻ അവനുദ്ദേശിക്കുന്നതെന്തും പ്രവർത്തിക്കുന്നവൻ തന്നെയാണ്.

എന്നാൽ സൗഭാഗ്യം പ്രാപിച്ചവരാവട്ടെ, അവർ സ്വർഗത്തിലായിരിക്കും. ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്ന കാലത്തോളം അവർ അതിൽ പാർക്കുന്നവരായിരിക്കും. നിന്റെ നാഥനുദ്ദേശിക്കുന്ന (കാല) മൊഴിച്ച്. നിരന്തരം ലഭിച്ചു കൊണ്ടിരിക്കുന്ന സമ്മാനമായി (അവർക്കതുണ്ടാകും)'' *(സൂറ ഹൂദ്: 107-109)*

നരകത്തിന്റെ ദൈർഘ്യം പരിമിതമായിരിക്കുമെന്ന കാര്യം ശ്രദ്ധേയമാണ്. ദൈവേച്ഛക്ക് വിധേയമായിരിക്കും അതിന്റെ കാലപരിധി. അങ്ങനെ നോക്കുമ്പോൾ നരകത്തിൽ പ്രവേശിക്കുന്നതോടെ ശാശ്വതമായ നാശമാണ് എന്ന് ഇതിനർഥമില്ല. ആത്മാവിനെ ശുദ്ധീകരിക്കുന്ന പ്രക്രിയ ആരംഭിക്കുന്നത് മുതൽ സ്വർഗപ്രവേശനത്തിന് സന്നദ്ധമാകുന്നത് വരെയുള്ള കാലമായിരിക്കും അത്. നരകം ഒരു ചികിത്സാ പ്രക്രിയയോ താൽക്കാലികമോ അല്ലെന്ന് ചിത്രീകരിക്കുന്ന മറ്റു മതങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു വീക്ഷണമാണിത്.

മരണത്തിനും വിധിന്യായദിവസത്തിനും ഇടയിൽ എന്ത് സംഭവിക്കുന്നു എന്ന ഒരു ചെറിയ കാര്യവും ഉണ്ട്. അതിന് ശേഷം ആത്മാവ് സ്വർഗത്തിലോ നരകത്തിലോ പ്രവേശിക്കുന്നു.

ഇസ്‌ലാമിക തത്ത്വശാസ്ത്രമനുസരിച്ച് ആത്മാവ് ശരീരത്തിൽ നിന്ന് വേർപ്പെട്ട് അടുത്ത ഘട്ടത്തിൽ പ്രവേശിക്കുന്നു. പക്ഷേ ഇത് പെട്ടെന്ന് സംഭവിക്കുന്നില്ല. ഭൗതികലോകവുമായി വളരെയധികം ഒട്ടിച്ചേർന്ന ഒരു വ്യക്തിയുടെ കാര്യത്തിൽ ചിലപ്പോൾ അനേകം ദിവസങ്ങൾ കഴിയേണ്ടി വരും. എന്നാൽ തന്റെ സ്രഷ്ടാവിനു വേണ്ടി എല്ലാം ത്യാഗം ചെയ്ത ഒരു ആത്മീയ മനുഷ്യന്റെ കാര്യത്തിൽ ആത്മാവ് ശരീരത്തെ കൈവെടിയുന്നത് താരതമ്യേന വേഗത്തിലായിരിക്കും. എന്നാലും അത് പെട്ടെന്നുണ്ടാവില്ല. (ഒരു പ്രവാചകന്റെ കാര്യത്തിൽ ഇത് തന്നെയാണ് സംഭവിക്കുക)

വിധിന്യായ ദിവസം ഒരു മനുഷ്യന് തന്റെ ഭൗതികജീവിതത്തിലെ പ്രവൃത്തികൾ ഗോപ്യമാക്കി വെക്കാൻ സാദ്ധ്യമല്ല. എന്തെന്നാൽ അയാളുടെ പ്രവൃത്തികളെക്കുറിച്ച് ശരീരം തന്നെ സാക്ഷ്യം വഹിക്കുന്നു.

താഴെക്കൊടുത്ത ഖുർആൻ സൂക്തങ്ങൾ ഇക്കാര്യം വിവരിക്കുന്നു.

''അല്ലാഹുവിന്റെ ശത്രുക്കളെ ഒരുമിച്ചു കൂട്ടി നരകത്തിലേക്ക് നയിക്കുകയും അങ്ങനെ അവരെ വിവിധ വിഭാഗങ്ങളായി തിരിച്ച് കൊണ്ടുപോകുകയും ചെയ്യുന്ന നാളിൽ. അങ്ങനെ അവർ അതിന്റെ സമീപത്ത് എത്തിക്കഴിഞ്ഞാൽ അവരുടെ കാതുകളും കണ്ണുകളും അവരുടെ ചർമങ്ങളും അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ചെയ്തികളെ സംബന്ധിച്ച് അവർക്കെതിരിൽ സാക്ഷി പറയുന്നതാണ്. അവർ തങ്ങളുടെ ചർമങ്ങളോട് ചോദിക്കും. 'നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരിൽ സാക്ഷി പറയുന്നത്?'' ആ ചർമങ്ങൾ പറയും ''സർവ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെയും സംസാരിപ്പിക്കുന്നു. അവനാണ് ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത്. അവനിലേക്ക് തന്നെ നിങ്ങൾ തിരിച്ചു കൊണ്ടുപോകപ്പെടുന്നതുമാണ്. (നിങ്ങൾ പാപം ചെയ്യുമ്പോൾ) നിങ്ങളുടെ കാതുകളോ കണ്ണുകളോ ചർമങ്ങളോ നിങ്ങൾക്കെതിരിൽ സാക്ഷി പറയാതിരിക്കാൻ നിങ്ങൾ (അവയിൽ നിന്ന്) സ്വയം മറഞ്ഞു നിൽക്കുന്നവരായിരുന്നില്ല, പക്ഷേ നിങ്ങൾ പ്രവർത്തിക്കുന്നതിൽ പലതും അല്ലാഹു അറിയുന്നില്ലെന്ന് നിങ്ങൾ ധരിച്ചു (സൂറ ഹാമീം സജദ 20-23)

ന്യായപൂർണമായ വിചാരണക്ക് ശേഷം ആത്മാവിന്റെ അവസ്ഥയുടെയും ആവശ്യങ്ങളുടെയും

അടിസ്ഥാനത്തിൽ വിധികൽപ്പിക്കപ്പെടുന്നു എന്ന് വളരെ വ്യക്തമായി കാണാൻ സാധിക്കുന്നു.

അതിനാൽ മനുഷ്യന്റെ മരണശേഷമുള്ള അവസ്ഥയെക്കുറിച്ചുള്ള അടിസ്ഥാനപരമായ അറിവ് ഇതാണ്. ഈ സംഭവങ്ങൾ ജീവിക്കുന്ന മനുഷ്യന് ഫലപ്രദമായ അതിർത്തികൾ നിർണയിക്കപ്പെടാത്തതാണെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് മുന്നറിവു കൊണ്ടോ അനുഭവം കൊണ്ടോ അത്തരം ഒരു പദ്ധതി അനുഭവഗോചരമാണ് എന്നത് ജീവിക്കുന്ന മനുഷ്യനെ സംബന്ധിച്ചിടത്തോളം വിഷമകരമാണ്. ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ വ്യത്യസ്ത സമയങ്ങളിൽ പരസ്പരം ബന്ധപ്പെട്ടു കഴിയാത്ത വ്യക്തികൾക്ക് ഇത്തരമൊരു പദ്ധതി സ്വതന്ത്രമായി കെട്ടിച്ചമക്കാൻ കഴിയുകയെന്നത് അതിനേക്കാളേറെ അസാദ്ധ്യമാണ്. ലോകത്തെങ്ങുമുള്ള പൗരാണികമായ വിവരങ്ങൾ നമുക്ക് മുമ്പിൽ വെക്കുന്ന മരണാനന്തരാവസ്ഥയെ സംബന്ധിച്ച് പരിശോധിക്കാം.

**പുരാണം**

പുരാണങ്ങൾ ചർച്ച ചെയ്യപ്പെടുമ്പോൾ ഇപ്പോഴും വേർതിരിച്ചെടുക്കാൻ കഴിയാത്ത നിരവധി വസ്തുതകൾ അതിനെ ആവരണം ചെയ്തതായി കാണാം. പലപ്പോഴും അത്തരം പാരമ്പര്യവിശ്വാസങ്ങൾ വെച്ചു പുലർത്തുന്നതും അവ ഭാവി തലമുറയിലേക്ക് കൈമാറുന്നതും ലിഖിതരൂപത്തിലല്ല, വായ്മൊഴി മുഖേനയാണ്. ഇന്ത്യയിൽ ഹിന്ദുവേദങ്ങൾ പോലെ ചിലപ്പോൾ അവ ലിഖിതരൂപത്തിൽ നിലനിൽക്കുന്നു.

ലോകത്തെങ്ങുമുള്ള സംസ്കാരങ്ങളിൽ നിന്നും ഗോത്രങ്ങളിൽ നിന്നും വിവരങ്ങൾ രേഖപ്പെടുത്താൻ വളരെയധികം ഗവേഷണങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. പൊതുവായ ധാരണയിലെത്താൻ ഈ വിവരങ്ങൾ താരതമ്യപഠനത്തിന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. മതതാരതമ്യപഠനങ്ങൾക്ക് പുതിയ മാനങ്ങൾ കണ്ടെത്താൻ ജോസഫ് കാമ്പൽ, മിർസിയ ഇല്ല്യാസ് എന്നീ പണ്ഡിതന്മാർ നടത്തിയ ശ്രമങ്ങൾ സൽഫലമുളവാക്കിയിട്ടുണ്ട്. മരണാന്തര ജീവിതത്തെക്കുറിച്ചുള്ള പൗരാണിക വിവരണങ്ങളുടെ ഈ പഠന സംഗ്രഹം എല്ലാം ഉൾക്കൊള്ളുവാൻ ഉദ്ദേശിക്കപ്പെട്ടതല്ല.

ഈ വിഷയകമായി പൗരാണികമായ എല്ലാ വിവരങ്ങളും അത് ഉൾക്കൊള്ളണമെന്നില്ല. ഒരു മത ചർച്ചയിൽ അതെല്ലാം പുരാണകഥകൾ എന്ന് പറഞ്ഞ് തള്ളിക്കളയപ്പെട്ടില്ല. അത് പൗരാണിക മതങ്ങളെ സംബന്ധിച്ച് വളരെ വിലപ്പെട്ട വിവരങ്ങൾ നൽകുന്നുണ്ട്.

വ്യത്യസ്തമായ വിവരണങ്ങൾ താരതമ്യപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു പ്രധാനകാര്യം അവ ബി. സി. 3000 മുതൽ ആധുനിക കാലം വരെ വിശാലമായ ഒരു കാലം ഉൾക്കൊള്ളുന്നുവെന്നതാണ്. കാലപ്പഴക്കം കൊണ്ട് ബൈബിൾ പോലെയുള്ള ഗ്രന്ഥങ്ങളിൽ കൃത്യതയില്ലായ്മ വന്നെങ്കിൽ വായ്മൊഴിയായുള്ള പാരമ്പര്യ അദ്ധ്യാപനങ്ങളിൽ താരതമ്യേന കലർപ്പുകൾ ചേർന്നിട്ടുണ്ടാകുമെന്ന് സുനിശ്ചിതമാണ്. എങ്കിലും ആ വിവരണങ്ങളിൽ അദ്ധ്യാപനങ്ങളുടെയും കഥകളുടെയും അന്തസ്സത്ത ഉണ്ട്. യഥാർഥമായ അദ്ധ്യാപനം എന്തായിരിക്കണം എന്നതിന്റെ സൂചനയും അതിൽ കാണാം. അങ്ങനെയുള്ള വിവരണങ്ങൾ കൂടുതൽ പഠനവിധേയമാക്കിയാൽ അതുല്യമായ പൊതു സന്ദേശം അവ ഉൾക്കൊള്ളുന്നതായിക്കാണാം.

**ആത്മാവിന്റെ യാത്ര**

ആത്മാവിനെ മനസ്സിലാക്കുകയെന്നതാണ് പ്രഥമപ്രശ്നം. മനുഷ്യൻ തന്റെ ദൈനംദിന ജീവിതത്തിൽ കാര്യങ്ങൾ അറിയാൻ പഞ്ചേന്ദ്രിയങ്ങളും ശാരീരികമായ പ്രവർത്തനങ്ങളും ഉപയോഗപ്പെടുത്തുന്നു. എന്തെന്നാൽ അവ വളരെ എളുപ്പത്തിൽ ഗ്രാഹ്യമാണ്. ശരീരത്തിന് സമാന്തരമായി നിലകൊള്ളുന്ന ആത്മാവിനെക്കുറിച്ചുള്ള സൈദ്ധാന്തിക ധാരണ പുരാതനസംസ്കാരങ്ങളിൽ വളരെ കുറഞ്ഞ നിലയിലാണ്, പ്രത്യേകിച്ചും മതപരമായ ധാരണകൾ വേണ്ടത്ര പക്വമാവാത്ത പുരാതനമതങ്ങളിൽ. എങ്കിലും മരണാനന്തരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പൊതുവായ ശരീരത്തെ സംബന്ധിച്ചല്ല ആത്മാവിനെക്കുറിച്ചാണ് ചർച്ച. ആത്മാവ് വിദൂരമായ സ്ഥലത്തേക്ക് ആവാഹിക്കപ്പെടുന്നു, നശ്വരതയുടെ കൈയെത്താത്തിടത്തേക്ക്.

ജർമൻ നാടോടിക്കഥകളിൽ ഒരു നിഴൽ അഥവാ 'ഡോപ്പൽ ഗാൻഗർ' (doppel ganger) ഉണ്ട്. അതിന് ശരീരത്തിൽ നിന്ന് വിദൂരമായി പ്രത്യക്ഷപ്പെടാൻ കഴിയുന്നു. ആഫ്രിക്കക്കാരുടെ വിശ്വാസപ്രകാരം ആത്മാവിനെ അഥവാ നിഴലിനെ ആക്രമിക്കാൻ സാധിക്കും. ഇതിന്റെ ഫലമായി ശരിക്കും ശരീരത്തിന് തന്നെ ക്ഷതം വരുത്താൻ സാധ്യമാകും. കുപ്രസിദ്ധമായ അടിമക്കച്ചവടത്തിലൂടെ ഈ ആശയം അമേരിക്കയിലെത്തി. അവിടെ 'വൂദൂ' (Vodoo) സമ്പ്രദായം നിലവിൽ വന്നു. അതിൽ വ്യക്തിയുടെ ഒരു കോലമുണ്ടാക്കി അതിനെ സൂചി കൊണ്ടും മറ്റായുധങ്ങൾ കൊണ്ടും ആക്രമിക്കുന്നു. അത് മുഖേന യാഥാർഥവ്യക്തിക്ക് മരണം അല്ലെങ്കിൽ ഗുരുതരമായ പരിക്ക് ഉണ്ടാക്കാൻ കഴിയുമെന്ന് അവർ വിശ്വസിക്കുന്നു.

മറ്റു ചില സംസ്കാരങ്ങളിൽ ആത്മാവ് മനുഷ്യന്റെ തലയിൽ സ്ഥിതി ചെയ്യുന്നു. ഒരാളുടെ തലയെടുക്കുന്നത് വഴി അയാളുടെ ആത്മാവിന്റെ അനന്തരാവകാശം കിട്ടുന്നു എന്നാണ് വിശ്വാസം. അതുകൊണ്ടാണ് പോളിനേഷ്യയിലും ആഫ്രിക്കയിലെ ചില സ്ഥലങ്ങളിലും തല വെട്ടുന്ന സമ്പ്രദായം വന്നത്.

എന്നിരിക്കിലും പല ആചാരങ്ങളിലും പൊതുവായ ഒരു ധാരണയുണ്ട്. അതായത് ആത്മാവ് ജീവിതകാലത്ത് ശരീരത്തോടൊപ്പം വസിക്കുന്നത് കൊണ്ടു തന്നെ ആത്മാവ് ഭൂതകാല സ്വഭാവത്തിന്റെ രേഖയുമായി പരലോകത്തെത്തുന്നു.

ആഫ്രിക്കയിലെ ചില വിശ്വാസ പ്രകാരം കുറേക്കാലത്തിനുശേഷം ആത്മാവ് അധോലോകത്ത് നിന്ന് മടങ്ങിവരുന്നു. പുനർജനിക്കാൻ, ആത്മാവ് അതിന്റെ അടുത്ത ഘട്ടത്തിലെത്തുന്നതിന് കുറച്ച് കാലതാമസമുണ്ട് എന്നത് രസാവഹമാണ്. അത് ഇസ്‌ലാമിൽ വിവരിക്കപ്പെട്ടപോലെ തന്നെയാണ്.

**വിധിന്യായ ദിനം**

വിധിന്യായദിനത്തെക്കുറിച്ചുള്ള വിശ്വാസം ഈജിപ്ഷ്യൻ പുരാണങ്ങളിൽ പൊതുവാണ്. അധോലോക ദൈവമായ ഒസിറിസന്റെ സിംഹാസനമുറിയിലേക്ക് ആത്മാവ് എടുക്കപ്പെടുന്നു. അവിടെ നാല്പത്തിരണ്ട് ജഡ്ജിമാർ അവയെ പരിശോധിക്കുന്നു. പാപികളെ ഒരു ഭീകരജന്തു ഭക്ഷിക്കുന്നു. സജ്ജനങ്ങൾ ദൈവവുമായി കൂടിച്ചേർത്ത് ആശയക്കുഴപ്പത്തിന്റെ പാമ്പായ അപാപി (Apap) നെതിരെയുള്ള നിരന്തര സമരത്തിൽ പങ്കെടുക്കുന്നു. പുരാതന ഈജിപ്തുകാരുടെ ദൈനംദിന ജീവിതത്തിൽ ഈ വിധിന്യായ ദിവസത്തിനും അതിനുശേഷം മരണാനന്തര ജീവിതത്തിനുമുള്ള പങ്കിന്റെ സ്വാധീനം രസാവഹമാണ്. സത്യത്തിന്റ പ്രതീകമായ മാതിന്റെ തൂവലുമായി ഓരോ വ്യക്തിയുടെയും ആത്മാവ് തൂക്കിനോക്കപ്പെടുന്നു. ഈ തൂക്കത്തിന്റെ താരതമ്യത്തിന്റെ അടിസ്ഥാനത്തിലാണ് വിധി നിർണയിക്കപ്പെടുന്നത്. വിശുദ്ധഖുർആനിൽ വിശദമായി വിവരിക്കപ്പെട്ട ആത്മാവിന്റെ നന്മ തിന്മകളെ പരിശോധിക്കുന്ന വിവരണവുമായി ഇതിന് വ്യക്തമായ സാമ്യതയുണ്ട്. സാത്വികരായി ജീവിക്കാനുള്ള പ്രേരണ ഈ വിചാരണയെക്കുറിച്ചുള്ള ഭയം ഈജിപ്തുകാരിലുണ്ടാക്കുന്നു. ഏകദേശം 3600 ബി സിയിൽ മെൻകൗറ (Men Kau Ra) ഭരണകാലത്തു തന്നെ വിധിന്യായത്തെപ്പറ്റി വിശദമായി വിവരിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അമൻടെറ്റിന്റെ നാഥനായ (The Lord of Amentet) മഹാനായ ദൈവത്തിന്റെ വിധി ന്യായദിവസത്തെ അതിജീവിക്കുവാൻ പരേതാത്മാക്കളെ സഹായിക്കാൻ ഉപയോഗിച്ചിരുന്ന ലിഖിതങ്ങൾ ഇരുമ്പ് ഫലകങ്ങളിൽ രേഖപ്പെടുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ഒരു സാമുദായികമായ പ്രവൃത്തി എന്നതിലുപരി വിധിന്യായം നടത്തിയിരുന്നത് ഓരോ വ്യക്തിക്കും വേണ്ടിയായിരുന്നു.

സ്വഭാവത്തിന്റെ വ്യത്യസ്ത വശങ്ങളിൽ തീരുമാനം കല്പിക്കുന്ന നാല്പത്തിരണ്ടു കീഴ് ദൈവങ്ങൾക്ക് മുമ്പിൽ പരേതർ കുറ്റസമ്മതം നടത്തേണ്ടിയിരുന്നു. വിധിയുടെ ഭാഗമായി വ്യത്യസ്ത പാപങ്ങളൊന്നും താൻ ചെയ്തിട്ടില്ലെന്ന് പരേതൻ പ്രഖ്യാപിക്കണമായിരുന്നു. ഈ ലിഖിതത്തിന്റെ ഭാഗം പാപിറസ് വിവരിക്കുന്നതിന്റെ ഒരു ചുരുക്കമിതാ.

ഖരേരെഫിൽ നിന്ന് വരുന്ന ഹയ്ൽ ആം ഖയിഖിത്തു ഞാൻ മോഷണം നടത്തിയിട്ടില്ല.

സുതൻ ഹെനനിൽ നിന്ന് വരുന്ന ഹെയ്ൽ സെത് ഖെസ്, ഞാൻ വ്യാജം ഉച്ചരിച്ചിട്ടില്ല.

രണ്ടു മാതിയുടെ നഗരത്തിൽ നിന്ന് വരുന്ന ഹെയ്ൽ നെബ് മാത് ഞാൻ കുഴപ്പമുണ്ടാക്കാനുള്ള കാര്യങ്ങളിലൊന്നും ഏർപ്പെട്ടിട്ടില്ല.

അപ്രകാരം പുരാതന ഈജിപ്തുകാരൻ സമ്മതിക്കേണ്ടിയിരുന്നു, താൻ മോഷണം, കൊല, വ്യഭിചാരം, സ്വവർഗരതി, എന്നിവ നടത്തിയിട്ടില്ലെന്ന്. താൻ അഹംഭാവിയോ, അത്യാർത്തിയുള്ളവനോ, അക്രമാസക്തനോ, ധൃതിപിടിപ്പെട്ടവനോ, കാപട്യക്കാരനോ, എന്തിന് പൊതു ജലപാതയിൽ വിഘ്നം വരുത്തിയില്ലെന്ന് പോലും സമ്മതിക്കേണ്ടിയിരുന്നു. അത്തരം വിശദമായ പാപങ്ങളുടെ വിവരണം പുരാതന ഈജിപ്തുകാർ മനസ്സിലാക്കിയിരുന്നു. പരേതൻ തന്റെ ഹൃദയത്തെ ‘കാ’ യുമായി അതായത് ഇരട്ടയുമായി ബന്ധിച്ചിരുന്നു. ശരീരത്തിലെ പ്രധാന അവയവങ്ങളെ ഭരിക്കുന്ന മെസ്ത, ഹാഖി, തുആമുട്ടെഫ്, ഖെബ്സെനുഫ് തുടങ്ങിയവരെ അഭിസംബോധന ചെയ്തിരുന്നു. ഇത് മനസ്സിലാക്കിത്തരുന്നത് തങ്ങളുടെ പ്രവർത്തനങ്ങൾക്ക് കണക്കുബോധിപ്പിക്കാൻ ശരീരങ്ങൾ വിളിക്കപ്പെടുന്നുവെന്ന് ഈജ്പിതുകാർ വിശ്വസിച്ചിരുന്നു വെന്നാണ്.

**പരലോകത്തിന്റെ സ്ഥാനം**

സ്വർഗത്തിന്റെ അല്ലെങ്കിൽ നരകത്തിന്റെ സ്ഥാനം വളരെ വിദൂരമാണ്. ഭൂമിയിലെ ജനങ്ങൾക്ക് അപ്രാപ്യമാണ്. അല്ലായിരുന്നുവെങ്കിൽ ജീവിതകാലത്തു തന്നെ ഈ സ്ഥലത്തെത്താൻ അവർ പരിശ്രമിക്കുമായിരുന്നു. സ്വർഗം ആകാശങ്ങളും അതിന്റെ ചുറ്റുമുള്ളതും മനുഷ്യർക്ക് അപ്രാപ്യവും ദൈവം അഥവാ ദൈവങ്ങൾ വസിക്കുന്നിടവുമാണ്.

ജപ്പാനിലെ പുരാണങ്ങളിൽ പരലോകമായ അമർ (Amer) സ്ഥിതി ചെയ്യുന്നത് ഭൂമിക്ക് മീതെയാണ്. ക്ഷീരപഥമാണ് അതിനു ജലസേചനം ചെയ്യുന്നത്. മറ്റു സംസ്കാരങ്ങൾ പരേതാത്മാക്കൾ, ഭൂമിയിലെ വിദൂരസ്ഥലങ്ങളിൽ വസിക്കുന്നു എന്നാണ് പറയുന്നത്. ഉദാഹരണമായെടുത്താൽ സ്ലാവ ജനതയുടെ പരമ്പരാഗത വിശ്വാസ പ്രകാരം സൂര്യോദയത്തിന്റെ കിഴക്ക് പരേതർക്ക് അനുഗ്രഹപൂർണമായ ഒരു ഭൂമിയുണ്ട്. എന്നാൽ സെൽറ്റിക്ക് പുരാണങ്ങൾ പരലോകം പശ്ചിമദേശത്തുള്ള ദ്വീപുകളിലാണെന്നാണ് സങ്കല്പിക്കുന്നത്. അതിലേക്കുള്ള പ്രവേശം ഗുഹകളിൽ കൂടിയാണ്. ഈജിപ്തുകാരുടെ വിശ്വാസപ്രകാരം സ്വർഗം ഭൂമിക്കടിയിലാണ്. അപ്രകാരം മെലനേഷ്യൻ പുരാണങ്ങളിലും പാതാളത്തിൽ ആത്മാക്കളുടെ ഒരു ലോകമുണ്ട്. അത് നമ്മുടെ ഇഹലോകത്തെ പ്രതിബിംബിപ്പിക്കുന്നു.

**പുനർജന്മം**

എന്തുകൊണ്ടാണ് കിഴക്കൻ സംസ്കാരങ്ങളിൽ പുനർജന്മ സിദ്ധാന്തം വന്നത്? അതെങ്ങനെ ക്രമികമായ ഒരു പദ്ധതിയുമായി യോജിച്ചു പോവുന്നതെന്ന് നോക്കാം. ആഫ്രിക്കക്കാരുടെ വിശ്വാസമനുസരിച്ച് ഏതൊരു ഗോത്രത്തിലാണോ ആത്മാവ് ആദ്യം ഉണ്ടായിരുന്നത്

അവിടെത്തന്നെ അത് പുനർജനിക്കുന്നു.

എന്നാൽ ഈ സിദ്ധാന്തത്തിന്റെ സ്വാധീനം ഏറ്റവും അധികം കാണപ്പെടുന്നത് വിദൂര പൗരസ്ത്യദേശങ്ങളിൽ ഹിന്ദുമതത്തിലും ബുദ്ധമതത്തിലുമാണ്. ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനം ഒരാളുടെ ജീവിതത്തിലുള്ള സ്വഭാവത്തെക്കുറിച്ചുള്ള വിധിന്യായത്തിലാണ്. നല്ലവർ പുനർജനിക്കുന്നത് സാമൂഹ്യമായി ഔന്നത്യമുള്ള വിഭാഗങ്ങളിലും ജാതികളിലുമാണ്. ദുർജനങ്ങൾ താഴ്ന്ന പദവിയുള്ളവരിലേക്ക് മടങ്ങിവരുന്നു. മൃഗങ്ങളായിപ്പോലും അവർ വന്നേക്കാം. അപ്രകാരം നന്മ ചെയ്യുന്ന മൃഗങ്ങൾ മനുഷ്യരായി മടങ്ങിവന്നേക്കാം. എന്നിരിക്കിലും ഈ സിദ്ധാന്തം സ്വയം തന്നെ ചിലപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ഈ സിദ്ധാന്ത പ്രകാരം പ്രകൃതിയിലെ മനുഷ്യന്റെയും മൃഗത്തിന്റെയും സന്തുലനവ്യവസ്ഥ എളുപ്പത്തിൽ വിശദീകരിക്കുന്നില്ല. മൃഗങ്ങളും മനുഷ്യരുമായി വേർപിരിഞ്ഞു നിൽക്കുന്ന ഈ ജിവി രൂപങ്ങൾ ഈ സിദ്ധാന്ത പ്രകാരം അവരുടെ സ്വഭാവത്തെ ആശ്രയിച്ചുള്ളതാണ്. ഇവിടെ മനുഷ്യരുടെയും മൃഗങ്ങളുടെയും എണ്ണത്തിൽ വമ്പിച്ച തോതിലുള്ള ഏറ്റക്കുറച്ചിലുകളുണ്ടാക്കുന്നു. ഇതിന് യാതൊരു യുക്തിപരമായ വിശദീകരണങ്ങളും ഈ സിദ്ധാന്തം നൽകുന്നില്ല. എന്നാൽ ഇപ്പോൾ ഇവ തമ്മിൽ നല്ല നിലയിലുള്ള സന്തുലിതാവസ്ഥയുണ്ട്. അതാവട്ടെ പരിസ്ഥിതിപരമായ പരിവൃത്തിയുടെ ഭാഗമാണ്. അന്തിമമായി പുനർജന്മം മുഖേന എല്ലാ ജന്തുക്കളും സാത്വികരായിത്തീരുകയാണെങ്കിൽ മനുഷ്യരല്ലാത്ത മറ്റൊരു ജീവിയും ഭൂമുഖത്തുണ്ടാവില്ല. അവയെല്ലാം മനുഷ്യരുടെ പദവിയിൽ എത്തുന്നതാണ്.

'ഭൂമിയിലെ സ്വർഗം' എന്ന് ഒരു പദ പ്രയോഗമുണ്ട്. അത് അക്ഷരാർഥത്തിൽ എടുത്താൽ ഈ സിദ്ധാന്തങ്ങൾ നമ്മുടെ മുമ്പിലവതരിപ്പിക്കുന്ന അവസ്ഥയെ അങ്ങിനെ വിവരിക്കാവുന്നതാണ്. വളരെ വ്യക്തമായ നിലയിൽ ഈ സിദ്ധാന്തം വിധിന്യായദിവസത്തെ അല്ലെങ്കിൽ സമാനമായ മറ്റൊന്നിനെ ആശ്രയിക്കുന്നു. എന്തെന്നാൽ മനുഷ്യന്റെ ആദ്യത്തിലുള്ള സ്വഭാവത്തിന്റെ അടിസ്ഥാനത്തിലുള്ള വിധിന്യായത്തിന്റെ ഫലമായി അവൻ പുതിയൊരു ജീവിതഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. ഇസ്‌ലാമിക ചിന്താഗതിയുമായി ഇത് ഒത്തുപോകുന്നു. എന്നാലും ഇസ്‌ലാമികമായ വീക്ഷണത്തിൽ ആത്മാവിന്റെ സ്വർഗനരകങ്ങൾ വ്യത്യസ്തമായൊരു സ്ഥലമാണ്. എന്നാൽ പുനർജന്മത്തിൽ രണ്ടാമത്തെ ഘട്ടവും ഭൂമിയിൽ ത്തന്നെയാണ്. ഇവിടെയാണ് കുഴപ്പം. എന്നിരിക്കിലും ഇസ്‌ലാമിലെ നരകത്തിന്റെ വിവക്ഷ ആത്മാവിന്റെ ശുദ്ധീകരണത്തിന്റെ ഘട്ടങ്ങളും പരിശുദ്ധിയിലേക്കും അതു വഴി സ്വർഗത്തിലേക്കുള്ള പ്രയാണവുമാണെങ്കിൽ പുനർജന്മത്തിൽ നിർവാണം അഥവാ സമാധാനത്തിലേക്കുള്ള യാത്രയുടെ വികാസഘട്ടങ്ങൾ ഉൾക്കൊള്ളുന്നു. അതിനാൽ മരണാനന്തര ജീവിതത്തിന്റെ വിവക്ഷയിലേക്കുള്ള ഒരു വ്യത്യസ്ത സമീപനമാണ് ഈ പുതിയ സിദ്ധാന്തത്തിന് രൂപം കൊടുത്തിരിക്കുന്നത്.

**സ്വർഗനരകങ്ങളുടെ പ്രകൃതി**

ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്ത് സ്വർഗ നരകങ്ങൾ തമ്മിലുള്ള വ്യത്യാസം ഒരു മനോഭാവമാണെന്ന കഥയാണ് പറയപ്പെട്ടിരുന്നത്. ഈ കഥയിൽ പറയപ്പെട്ടിരുന്നത് ഒരു തീൻമേശക്ക് ചുറ്റും ഭക്ഷണം കഴിക്കാൻ ഇരുന്നിരുന്ന ആളുകളെ സംബന്ധിച്ചായിരുന്നു. അവരുടെ കയ്യിൽ ഏഴടി നീളമുള്ള തവി ഉണ്ടായിരുന്നു.

നരകത്തിലുള്ളവർ ഈ വിചിത്രമായ പാത്രങ്ങളിൽ നിന്ന് സ്വയം ഭക്ഷണം കഴിക്കാനുള്ള നിഷ്ഫലമായ ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. എന്നാൽ സ്വർഗത്തിലുള്ളവർ അതേ ഉപകരണങ്ങൾ തന്നെയാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ അവർ ആ തവികൊണ്ട് ഏഴടി ദൂരെ ഇരുന്നിരുന്നവരെ തീറ്റിയിരുന്നു! ഈ കഥ ശിശു സഹജമായ ഒന്നാണെന്ന് തോ ന്നിയേക്കാം. എന്നാൽ അതിലടങ്ങിയ സിദ്ധാന്തം വളരെ രസാവഹമാണ്. നരകത്തിലുള്ളവർ പട്ടിണി കിടന്നപ്പോൾ സ്വർഗവാസികൾ അവരുടെ നിസ്വാർഥമായ മനോഭാവം കാരണം മറ്റുള്ളവരെ തീറ്റുകയും അതിനിടക്ക് തങ്ങൾക്ക് ഭക്ഷണമുണ്ടാക്കുകയും ചെയ്തു.

മരണാനന്തര ജീവിതത്തെപ്പറ്റി അന്യസംസ്ക്കാരങ്ങളിൽ നിന്ന് വിശ്വാസങ്ങൾ സ്വീകരിച്ച ആതിഥേയ സംസ്ക്കാരങ്ങളിൽ അവരുടെ പ്രത്യേകതകളെ ആശ്രയിച്ച് വിവരണങ്ങളിൽ വ്യത്യാസമുണ്ടാവാം. എന്നിരിക്കിലും നരകത്തിന്റെ വിവരണം വളരെ ചീത്തയായിട്ടുള്ളതാണ്. അതിൽ പലപ്പോഴും അഗ്നിയുടെ അടിസ്ഥാനത്തിലുള്ള ചിത്രകൽപ്പനയുണ്ടാവും. സെമറ്റിക് പുരാണത്തിൽ ഗുഹകളുടെ നീണ്ട സംവിധാനം ഒരു മാന്ത്രികവലയത്തിൽ കുഴച്ചതായിരിക്കും. ഈ സംസ്ക്കാരങ്ങളിൽ നരകത്തെക്കുറിച്ചുള്ള വിവരണമുണ്ടാകുന്നു. നല്ല രീതിയിൽ പ്രവർത്തിച്ചില്ലെങ്കിൽ അവരുടെ വിധി വളരെ മോശമായിരിക്കും എന്നതിനാ ൽ അവരെ ഈ വിവരണം തിന്മയിൽ നിന്നകറ്റി നിർത്തുന്നു. തങ്ങളുടെ ഈ ജീവിതത്തിലുള്ള പ്രവൃത്തികൾ കാണപ്പെടാതെ പോകില്ലെന്നും തങ്ങൾ ചെയ്ത പ്രവൃത്തികൾക്ക് കണക്കുകൾ ബോധിപ്പിക്കണമെന്നുമുള്ള വിചാരം ദൈവ വിശ്വാസവും പരലോക വിശ്വാസവും ജനങ്ങളിലുണ്ടാക്കുന്നു. തങ്ങളുടെ പ്രവൃത്തികൾ മറ്റുള്ളവർ കാണാതെ ഇരുട്ടറയിൽ വെച്ച് ചെയ്താലും കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്നവർ വിശ്വസിക്കുന്നു. മുൻ വിവരിച്ച ഖുർആൻ സൂക്തത്തിൽ പ്രസ്താവിക്കുന്നു: പാപം ചെയ്യുമ്പോൾ നിങ്ങൾ ഭയപ്പെടുന്നില്ല, നിങ്ങളുടെ കണ്ണുകളും കാതുകളും ചർമങ്ങളും നിങ്ങൾക്കെതിരിൽ സാക്ഷി പറയുമെന്ന്. നിങ്ങൾ ചെയ്യുന്നതിലധികവും അല്ലാഹു

പോലും അറിയുന്നില്ല എന്ന് നിങ്ങൾ ധരിച്ചുകളഞ്ഞു. മരണശേഷം തങ്ങളെ കാത്തിരിക്കുന്ന ദൈവിക വിധികളിൽ നിന്ന് തങ്ങളുടെ പ്രവൃത്തികളെ മറച്ചുവെക്കാൻ ആർക്കും സാധ്യമല്ല എന്ന ഒരു താക്കീതാണിത്.

**പൊതുവായ ആശയങ്ങൾ**

ഈ വിവരണങ്ങളിൽ മുഴുവൻ പൊതുവായ ചില ആശയങ്ങളുണ്ട്. പരലോക ജീവിതാവസ്ഥക്ക് നിദാനം ഐഹിക ജീവിതത്തിലെ പ്രവൃത്തികളാണ്. സന്ദർഭവശാൽ ഇതിന്റെ ഫലമായി പറയപ്പെട്ടിരിക്കുന്നത് ഈ ലോകത്തിലേക്കുള്ള വ്യത്യസ്ത രൂപത്തിലുള്ള മടക്കമാണ്. ഇത് മരണാനന്തര ജീവിതത്തിന്റെ സ്ഥലത്തെക്കുറിച്ചുള്ള വെറുമൊരു ആശയക്കുഴപ്പമാണ്. അല്ലാതെ അതിന്റെ പ്രകൃതിയെക്കുറിച്ചല്ല. സൽസ്വഭാവിയായ ഒരു മനുഷ്യന് മരണാനന്തരം പ്രതിഫലം നൽകപ്പെടുന്നു. എന്നാൽ പാപിയായ ഒരാൾ ശിക്ഷിക്കപ്പെടുന്നു. ഈ സംസ് കാരങ്ങളെല്ലാം പറയുന്നത് വിധിന്യായം ഐഹിക ജീവിതത്തിലെ സ്വഭാവത്തെ ആധാരമാക്കിയാണെന്നതാണ്.

മരണാനന്തര ജീവിതത്തിന്റെ രംഗം ഈ ജീവിതത്തിൽ കയ്യെത്താത്തത്ര വിദൂരത്താണ്. മനുഷ്യൻ കാണാത്ത കാര്യങ്ങളെക്കുറിച്ച് വിവരിച്ച് പൊതുജനത്തെ ആശയക്കുഴപ്പത്തിലാക്കാനാണിതെന്ന് ഒരു ദോഷൈകദൃക്ക് വാദിച്ചേക്കാം. എന്നിരിക്കിലും നാം മനസ്സിലാക്കേണ്ടത് ഐഹിക ജീവിതം ശരീരവും ആത്മാവും ചേർന്നതാണെങ്കിൽ പരലോക ജീവിതത്തിൽ ആത്മാവ് ആണെന്നാണ്. ഈ ജീവിതത്തിൽ തന്നെ നമുക്ക് അനുഭവവേദ്യമായ മറ്റു രംഗങ്ങളുണ്ട്. അത് നമുക്ക് ജീവിതത്തിന്റെ ആത്മീയ വശം കാണിച്ചുതരുന്നു. അതീന്ദ്രിയ ജ്ഞാനങ്ങളും സ്വപ്നങ്ങളും അവയിൽപ്പെടുന്നു. ആത്മീയമായ ഈ പ്രതിഭാസങ്ങളുടെ യുക്തി കണ്ടെത്താൻ ശാസ്ത്രം പരിശ്രമിക്കുന്നു. ഇക്കാര്യത്തിൽ സംസ് ക്കാരങ്ങൾ എത്രത്തോളം യോജിക്കുന്നുവെന്നത് അദ്ഭുതമുളവാക്കുന്നതാണ്.

ഇങ്ങനെയൊരു സിദ്ധാന്തം വ്യത്യ സ്ത സംസ്കാരങ്ങളിൽ സ്വതന്ത്രമായി വികാസം പ്രാപിച്ചതാണെന്ന് വിചാരിക്കാൻ ന്യായമില്ല. ആ സംസ് കാരങ്ങൾ തമ്മിൽ പരസ്പരം ബന്ധപ്പെടാൻ താരതമ്യേന സമീപകാലത്ത് മാത്രമാണ് സാധ്യമായിട്ടുള്ളത്. ഇവിടെ വിശ്വാസങ്ങളുടെ ഏകമായ ഉത്ഭവ സ്ഥാനത്തെക്കുറിച്ചുള്ള വാദഗതിയെ വിശുദ്ധ ഖുർആൻ അനുകൂലിക്കുന്നു.

ദൈവവുമായി ബന്ധം സ്ഥാപിച്ച ആദ്യപ്രവാചകനായ ആദം നബിയെ സംബന്ധിച്ച് വിശുദ്ധഖുർആൻ പ്രസ് താവിക്കുന്നു.

“ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നുവെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം ഓർമിക്കുക. അവർ പറഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ നിശ്ചയിക്കാൻ പോകുന്നത്? നാമാകട്ടെ നിന്റെ മഹത്വം കൊണ്ട് നിന്നെ സ്തുതിക്കുകയും നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ മറുപടി പറഞ്ഞു: ‘നിങ്ങൾക്കറിയാത്തത് എനിക്കറിയാം.’ (സൂറഖറ 31-ാം വാക്യം)”

മനുഷ്യകുലത്തിന് ആദ്യമായി നിയമസംഹിത കൊണ്ടുവന്നത് ആദമായിരുന്നു. ആദം ആദ്യത്തെ മനുഷ്യനായിരുന്നില്ല. പുരാണങ്ങളിൽ കാണുന്ന അതേ രീതിയവലംബിച്ചുകൊണ്ട് ആദ്യമായി ജീവിച്ചത് ആദമായിരുന്നുവെന്നും അദ്ദേഹത്തിന് മുമ്പുള്ള മനുഷ്യർക്ക് മാർഗദർശനമായി ദൈവിക നിയമം ഉണ്ടായിരുന്നില്ലെന്നും വാദിക്കാവുന്നതാണ്. ഒരിക്കൽ ഒരു നിയമം മനുഷ്യന്റെ മേൽ ചുമത്തിയാൽ സ്വാഭാവികമായും അവർ അതിനെ ലംഘിച്ച് പാപികളാവുമെന്നും അതിന് മുമ്പ് മനുഷ്യന് മനസ്സാക്ഷിയില്ലാതെയും പാപത്തെക്കുറിച്ചുള്ള ധാരണയില്ലാതെയും പ്രവർത്തിക്കുമായിരുന്നു എന്നത് കൊണ്ടായിരിക്കാം, ഒരു പ്രതിനിധിയെ നിശ്ചയിക്കുന്നതിൽ മലക്കുകൾ പ്രകടിപ്പിച്ച ഭയം എന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നു.

ഒരു ജനതക്കും അവരുടെ കഴിവിനപ്പുറമുള്ള ഭാരം ചുമത്തപ്പെടുന്നതല്ലെന്ന് വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു. സ്രഷ്ടാവിന്റെ മാർഗദർശനമില്ലാതെ ഒരു ജനതയും ജീവിച്ചിട്ടില്ല. ഇതിന്റെ സൂചന ഒന്നാമതായി ആദമിന്റെ കാലംവരെ മനുഷ്യന് ദൈവികനിയമം മനസ്സിലാക്കാനുള്ള കഴിവുണ്ടായിരുന്നില്ല എന്നും വെളിപാടിന്റെ പ്രക്രിയ ആരംഭിച്ചശേഷം മദ്ധ്യപൗരസ്ത്യ ദേശങ്ങളിലെയും ഏഷ്യയിലെയും ജനങ്ങൾ മാത്രമായിരുന്നില്ല അതിന്റെ ഗുണഭോക്താക്കൾ എന്നുമാണ്. അതേപ്രകാരം ആഫ്രിക്കയിലേയും ആസ്ത്രേലിയയിലെയും അമേരിക്കയിലെയും ജനങ്ങൾക്ക് ഗുണപ്രദമായ രീതിയിൽ ദൈവികമാർഗദർശനം ലഭിച്ചിരുന്നു.

ഇത് രണ്ടുവിധത്തിൽ ബൈബിളിലെ വിവരണവുമായി വ്യത്യസ്തമാണ്. ഒന്നാമതായി ആദം ആദ്യത്തെ മനുഷ്യനായി ഗണിക്കപ്പെടുന്നില്ല. മതത്തോടുകൂടിയുള്ള ആദ്യത്തെ മനുഷ്യനായിരുന്നു അദ്ദേഹം. മദ്ധ്യപൗരസ്ത്യദേശങ്ങളിലെ ജനങ്ങൾക്ക് മാത്രമായിരുന്നില്ല വെളിപാട് ലഭിച്ചത്. മനുഷ്യവർഗത്തിന് മുഴുവനും അവർക്കനുയോജ്യമായ വിധത്തിൽ വെളിപാട് ലഭിച്ചിരുന്നു. ലഭിച്ച സന്ദേശം ലോകത്തിലെ വ്യത്യസ്ത ഭാഗങ്ങളിൽ വ്യത്യസ്തമായ സങ്കീർണതകളോടെയായിരിക്കാം. എന്നാൽ അവ പരസ്പര വിരുദ്ധമായിരുന്നില്ല. ലോകംമുഴുവനുമുള്ള പരമ്പരാഗത വിശ്വാസങ്ങളിൽ സ്വർഗനരകങ്ങളെക്കുറിച്ചുള്ള വിഷയം ഉണ്ടായിരിക്കണമെന്നത് തികച്ചും ബുദ്ധിപൂർവകമാണ്. ശരിയായ വിശദവിവരങ്ങൾ കാലപ്പഴക്കത്താൽ വികൃതമായതാവാം. പക്ഷേ അതിന്റെ അടിസ്ഥാനതത്ത്വങ്ങൾ ഒന്നുതന്നെയായിരുന്നു.

**(വിവ: കെ.വി. എച്ച്. )**

## യവന തത്ത്വചിന്താലോകത്തെ ത്രിമൂർത്തികൾ – 3


# യവന ചിന്തകനായ അരിസ്റ്റോട്ടിൽ

എ. ക്യു. മഹ്ദി

മഹാനായ സോക്രട്ടീസ് തന്റേതായ ഒരു ചിന്താപദ്ധതിക്ക് രൂപം കൊടുത്തിരുന്നില്ല. ചിന്തകന്മാർക്കു വളരുവാൻ വേണ്ട വളക്കൂറുള്ള മണ്ണു നൽകുക മാത്രമാണ് അദ്ദേഹം അന്നു ചെയ്തത്. ആ വളക്കൂറുള്ള മണ്ണിൽ വളർന്നുപന്തലിച്ച ആദ്യത്തെ ചിന്തകൻ പ്ലേറ്റോ ആയിരുന്നു. എന്നാൽ പ്ലേറ്റോയും പൂർണ രൂപത്തിലും ഭാവത്തിലുമുള്ള ഒരു തത്ത്വചിന്താപദ്ധതിക്ക് രൂപംകൊടുത്തുവെന്നു പറയാൻ നിവൃത്തിയില്ല. അന്നു സാദ്ധ്യമായിരുന്ന എല്ലാ വിഷയങ്ങളും പ്ലേറ്റോയുടെ ചിന്താമണ്ഡലത്തിൽ കടന്നുചെന്നിരുന്നുവെങ്കിലും ക്രമീകൃതവും തനതുമായ ഒരു തത്ത്വശാസ്ത്രം രൂപപ്പെടുത്തിയെടുക്കാൻ അദ്ദേഹത്തിനും കഴിഞ്ഞിരുന്നില്ല. ഈ കുറവു നികത്തിയ ആദ്യത്തെ യവനചിന്തകനാണ് പ്ലേറ്റോയുടെ തന്നെ പ്രിയപ്പെട്ട ശിഷ്യന്മാരിൽ ഒരാളായ അരിസ്റ്റോട്ടിൽ.

മഹാനായ സോക്രട്ടീസ് സ്വജീവിതകാലത്ത് തന്റെ ആശയങ്ങളൊന്നും എഴുതിവെച്ചിരുന്നില്ല. പ്ലേറ്റോയുടെ തൂലികയാണ് സോക്രട്ടീസിന്റെ തത്ത്വങ്ങൾക്കും ആശയങ്ങൾക്കും സ്ഥിരപ്രതിഷ്ഠ നൽകിയത്. പിൽക്കാലത്തെ ചരിത്രപണ്ഡിതന്മാർ തയ്യാറാക്കിയ ജീവിതരേഖാചിത്രങ്ങളും സോക്രട്ടീസിനെപ്പറ്റി ലോകത്തിന് അറിവു നൽകാൻ സഹായകമായിത്തീർന്നു.

സോക്രട്ടീസിന്റെ ശിഷ്യനായ പ്ലേറ്റോ ഒട്ടാകെ 36 ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. എങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് നേരിട്ടു ലഭ്യമായ വിവരങ്ങൾ വളരെ കുറച്ചു മാത്രമേയുള്ളൂ. ബി.സി. 347–ൽ തന്റെ 81–ാം വയസ്സിൽ പ്ലേറ്റോ അന്തരിക്കുമ്പോൾ ശിഷ്യനായ അരിസ്റ്റോട്ടിലിന് അന്ന് കേവലം 37 വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ.



ഇറുകിയ കണ്ണുകൾ, കണ്ണുകൾക്കു ചേരാത്ത തടിച്ച പുരികം, തലമുടിയും നന്നേ കുറവായിരുന്നു. കഷണ്ടി ബാധിച്ച തലയുടെ പിന്നിലേക്ക്, ശേഷിച്ച മുടി നീട്ടിവളർത്തിയിട്ടിരുന്നു.

വല്ലാതെ ശോഷിച്ചു നേർത്തകാലുകൾ. ഒരിക്കലും അവ ശരീരത്തിന് ആനുപാതികമായിരുന്നില്ല. സംഭാഷണത്തിനുമുണ്ടായിരുന്നു ചെറിയ വൈകല്യം, കൊഞ്ചിക്കൊഞ്ചിയുള്ള ഭാഷണരീതി.

ബാഹ്യമായി ഈ അനാകർഷണീയതകളൊക്കെയുണ്ടായിരുന്നിട്ടും സ്വന്തം വസ്ത്രധാരണത്തിൽ ആ മനുഷ്യൻ വല്ലാതെ ഭ്രമം കാട്ടിയിരുന്നു. വിവിധ നിറങ്ങളിലുള്ള കുപ്പായം ധരിക്കാൻ ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹം തനിക്കേറ്റവും പ്രിയപ്പെട്ടതായി കരുതിയിരുന്നത് ഇളംപച്ചനിറമുള്ള വസ്ത്രങ്ങളായിരുന്നു. ഒരു പ്രകൃതിസ്നേഹികൂടിയായിരുന്ന അദ്ദേഹം, ഹരിതനിറം പ്രകൃതിയുടേതു മാത്രമല്ല ഭൂമിയുടെ ജീവന്റെയും നിലനിൽപ്പിന്റെയും നിറമാണെന്നും പറയാറുണ്ടായിരുന്നു. ശരീരഘടനയിലും മുഖഭംഗിയിലും ശരാശരിയിലും താഴെയായിരുന്നുവെങ്കിലും ഉന്നതമായ ചിന്താദർശനങ്ങളുടെ ഉദാത്തമായ സൗന്ദര്യം ഉള്ളിൽ നിറഞ്ഞുനിന്നിരുന്ന ഒരാളായിരുന്നു അദ്ദേഹം. നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ തനതായ ഒരു ചിന്താപദ്ധതിക്ക് രൂപവും ഭാവവും നൽകിയ വ്യക്തി. ലോകത്തെ പ്രമുഖനായ ഒരു തത്ത്വചിന്തകനായി പിൽക്കാലത്ത് അദ്ദേഹം അറിയപ്പെട്ടു. ലോകം അംഗീകരിച്ച അസാധാരണമായ ചിന്താദർശനങ്ങളുടെ പിതാവായാണ് ചരിത്രം അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്.

വിശ്വപ്രസിദ്ധ യവനചിന്തകനും ക്രാന്തദർശിയുമായിരുന്ന അരിസ്റ്റോട്ടിൽ ആയിരുന്നു ആ മനുഷ്യൻ.

അരിസ്റ്റോട്ടിൽ ജീവിച്ചിരുന്നത് ഏകദേശം സോക്രട്ടീസിന്റേയും പ്ലേറ്റോയുടെയും ജീവിതഘട്ടത്തിൽ തന്നെയായിരുന്നു. അടുത്തടുത്ത കാലങ്ങളിൽ ഗുരുശിഷ്യന്മാരായി കഴിഞ്ഞിരുന്ന ഈ മൂന്നു മഹാന്മാരെയും പുരാതനതത്ത്വചിന്തയുടെ ത്രിമൂർത്തികളായാണ് ലോകം അംഗീകരിക്കുന്നത്.

തന്റെ 17-ാം വയസ്സിൽ, ഏതാണ്ട് രണ്ടു പതിറ്റാണ്ടുകാലത്തോളം അരിസ്റ്റോട്ടിൽ, പ്ലേറ്റോയുടെ 'അക്കാദമി' എന്ന തത്ത്വജ്ഞാന വിദ്യാലയത്തിൽ അദ്ദേഹത്തിന്റെ ശിഷ്യനായി കഴിഞ്ഞുവെന്നാണ് കരുതപ്പെടുന്നത്. എന്നിട്ടും അരിസ്റ്റോട്ടിലിന്റെ രചനകളിലൊന്നും പ്ലേറ്റോയെപ്പറ്റി കാര്യമായ യാതൊരു വിശദീകരണവും നൽകിയിട്ടില്ല എന്നത് ദുരൂഹമായിരിക്കുന്നുവെന്ന് ചരിത്രകാരന്മാർ വിലയിരുത്തുന്നു. എന്നാൽ പ്ലേറ്റോ തന്റെ ശിഷ്യനായ അരിസ്റ്റോട്ടിലിനെ, 'സത്യത്തിന്റെ പ്രവാചകൻ' എന്ന് അഭിസംബോധന ചെയ്തത്, അരിസ്റ്റോട്ടിലിന്റെ മഹത്വത്തിന്റെ കിരീടത്തിൽ ഒരു പൊൻതൂവൽകൂടി ചാർത്തുന്നു.

അരിസ്റ്റോട്ടിൽ ഗ്രന്ഥരചനയുടെ കാര്യത്തിൽ ഉന്നത നിലവാരം പുലർത്തിയിട്ടുണ്ട്. 400-ൽപരം ഗ്രന്ഥങ്ങളാണ് അദ്ദേഹം രചിച്ചിട്ടുള്ളത്. പൊളിറ്റിക്സ് (POLITICS) എന്ന കൃതിയാണ് അവയിൽ ഏറ്റവും പ്രധാനപ്പെട്ടത്. 158 ഗ്രീക്ക് നഗരങ്ങളുടെ ചരിത്രപരവും വികാസപരവുമായ പഠനത്തിന്റെ ഫലമാണ് ഈ മഹത്ഗ്രന്ഥം. ഈ ഗ്രന്ഥരചനയ്ക്കായി അദ്ദേഹം നിരവധി യാത്രകൾ ചെയ്യുകയുണ്ടായി. ഭരണകൂടങ്ങളുടെ സ്വാഭാവികക്രമീകരണം, സാമൂഹ്യ-രാഷ്ട്രീയ സംവിധാനങ്ങളുടെ വിശകലനം, യജമാനനും അടിമയും തമ്മിലുള്ള ബന്ധം, ഭാര്യയും ഭർത്താവും തമ്മിലും, രക്ഷകർത്താക്കളും കുട്ടികളും തമ്മിലും, ഭരണകർത്താക്കളും പ്രജകളും തമ്മിലുമുള്ള ബന്ധം തുടങ്ങി മനുഷ്യജീവിതത്തിനാധാരമായ മിക്ക വിഷയങ്ങളും ഈ കൃതിയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ രചനകളിൽ ഏറിയപങ്കും ശാസ്ത്രീയ കാഴ്ചപ്പാടിൽ സംവാദശൈലിയിൽ തന്റെ പാഠശാലയിലെ വിദ്യാർഥികൾക്കു വേണ്ടി രചിച്ചിട്ടുള്ളതാണ്. തർക്കശാസ്ത്രം, പ്രകൃതിശാസ്ത്രം, ജീവശാസ്ത്രം, സാഹിത്യശാസ്ത്രം എന്നീ വിഷയങ്ങളാണ് അരിസ്റ്റോട്ടിലിന്റെ മിക്ക കൃതികളിലേയും പ്രതിപാദ്യം. സാധാരണജനങ്ങളെ ഉദ്ദേശിച്ചെഴുതിയ കൃതികളിലാവട്ടെ ധർമശാസ്ത്രം, കാവ്യശാസ്ത്രം, ധനശാസ്ത്രം എന്നീ വിഷയങ്ങളും അദ്ദേഹം ഉൾപ്പെടുത്തിയിരുന്നു.

ഇന്നേവരെയുള്ള എല്ലാ പാശ്ചാത്യചിന്താധാരകളുടെയും അടിസ്ഥാനശിലകൾ അരിസ്റ്റോട്ടിലിന്റെ വിവിധകൃതികളിൽ നിന്ന് പെറുക്കിയെടുത്തിട്ടുള്ളവയാണ്. അരിസ്റ്റോട്ടിലിന്റെ മരണശേഷം അദ്ദേഹത്തിന്റെ തത്ത്വശാസ്ത്രത്തിന്റെ പല അംശങ്ങളും പിൽക്കാലത്ത് ഉൽഭവിച്ച ക്രിസ്തുമതത്തിന്റെ ഭാഗമായിക്കഴിഞ്ഞിരുന്നു. ഇസ്ലാംമതവും മഹാനായ ഈ തത്ത്വജ്ഞാനിയുടെ ചിന്തകളെ താലോലിച്ചിട്ടുണ്ടെന്ന് ചരിത്രഗവേഷകർ സൂചന നൽകുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്തിനുശേഷം ഒരു സഹസ്രാബ്ദം പിന്നിട്ടപ്പോൾ, ഏ.ഡി. 7-ാം നൂറ്റാണ്ടായപ്പോഴേക്കും യൂറോപ്പിലെ ബുദ്ധിജീവികൾ അരിസ്റ്റോട്ടിലിയൻ ചിന്തകളെ മറ്റെല്ലാത്തിനും ഉപരിയായി അംഗീകരിച്ചു. പതിമൂന്നാം നൂറ്റാണ്ടു മുതൽ പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള പാശ്ചാത്യതത്ത്വചിന്താമേഖലയിൽ അരിസ്റ്റോട്ടിലിന്റെ ചിന്താതരംഗം ഏറെ സ്വാധീനം ചെലുത്തിയിരുന്നതായി കാണാം. ഏകദൈവവിശ്വാസത്തെപ്പറ്റി അദ്ദേഹം ഊന്നിപ്പറഞ്ഞ കാര്യങ്ങൾ ഗ്രീസിലെ അന്നത്തെ സാമൂഹ്യവ്യവസ്ഥയിൽ ചലനങ്ങളുണ്ടാക്കുകയും, പൗരോഹിത്യ-ഭരണനേതൃത്വങ്ങളിൽ നിന്ന് അദ്ദേഹത്തിന് കഠിനമായ എതിർപ്പുകൾ നേരിടേണ്ടി വരികയും ചെയ്തു. അദ്ദേഹം അവയെയൊക്കെ യുക്തിപൂർവം അതിജീവിക്കുകയാണുണ്ടായത്. ഈ ആധുനികകാലത്തും തത്ത്വചിന്തകന്മാർക്കും സാമൂഹ്യശാസ്ത്രജ്ഞർക്കും, രാഷ്ട്രമീമാംസകർക്കും പുതിയ വെളിച്ചം പകർന്നു കൊടുക്കാൻ അരിസ്റ്റോട്ടിലിന്റെ ചിന്തകൾക്കു കഴിയുന്നു. അതു തന്നെയാണ് അദ്ദേഹത്തിന്റെ ഇന്നത്തെ പ്രസക്തിയും.

ദാർശനികൻ, മനഃശാസ്ത്രജ്ഞൻ, താർക്കികൻ, രാഷ്ട്രമീമാംസകൻ, ധർമശാസ്ത്രവിശാരദൻ, സാഹിത്യവിമർശകൻ എന്നീ നിലകളിൽ വിശ്വപ്രസിദ്ധനായിത്തീർന്ന അരിസ്റ്റോട്ടിൽ ബി.സി. 384-ൽ ഗ്രീസിലെ സ്റ്റാഗിറ എന്ന സ്ഥലത്തു ജനിച്ചു. നിക്കോമാക്കസ് എന്നായിരുന്നു പിതാവിന്റെ പേര്. മാസിഡോണയിലെ രാജാവ്, അമൈന്താസ് രണ്ടാമന്റെ ആസ്ഥാനഭിഷഗ്വരനായിരുന്നു ഇദ്ദേഹം.

അരിസ്റ്റോട്ടിലും പിതാവിൽ നിന്ന് വൈദ്യശാസ്ത്രം അഭ്യസിച്ചു. പിതാവിന്റെ അകാലനിര്യാണത്തെത്തുടർന്ന് പ്രോസിനസ് എന്നൊരാൾ അരിസ്റ്റോട്ടിലിന്റെ രക്ഷാകർത്തൃത്വം ഏറ്റെടുത്തു. പതിനേഴാമത്തെ വയസ്സിൽ പ്രോസിനസ് അരിസ്റ്റോട്ടിലിനെ ഏഥൻസിലേക്ക് അയച്ച് പ്ലേറ്റോയുടെ തത്ത്വജ്ഞാനമഹാവിദ്യാലയമായ അക്കാദമിയിൽ ചേർത്തു. വിജ്ഞാനത്തിനു വേണ്ടിയുള്ള അരിസ്റ്റോട്ടിലിന്റെ പരക്കംപാച്ചിൽ എല്ലാ വിഷയങ്ങളുടെ പഠനത്തിലും അദ്ദേഹത്തെ കൊണ്ടുചെന്നെത്തിച്ചു. തർക്കശാസ്ത്രം, ഊർജതന്ത്രം, ഗണിതശാസ്ത്രം, അതിഭൗമികശാസ്ത്രം, രാഷ്ട്രതന്ത്രം, പ്രഭാഷണകല, സൗന്ദര്യാവബോധശാസ്ത്രം തുടങ്ങിയ എല്ലാ വിഷയങ്ങളിലും ചുരുങ്ങിയ കാലം കൊണ്ട് അരിസ്റ്റോട്ടിൽ അവഗാഹം നേടി.

ബി.സി. 347-ൽ അരിസ്റ്റോട്ടിൽ അസുസി എന്ന സ്ഥലത്തേക്കു പോവുകയും അവിടെ അദ്ധ്യാപകവൃത്തിയിൽ ഏർപ്പെടുകയും ചെയ്തു. അവിടത്തെ ഭരണാധികാരിയായ ഹെർമിയാസ്, അരിസ്റ്റോട്ടിലിന്റെ ശിഷ്യനായിത്തീർന്നു. ഈ ബന്ധം ഹെർമിയാസിന്റെ ഭാഗിനേയിയായ പൈതിയാസിനെ അരിസ്റ്റോട്ടിലിനു വിവാഹം കഴിച്ചുകൊടുക്കുന്നതിൽ വരെ എത്തിച്ചേർന്നു. പൈതിയാസിൽ ഒരു പുത്രിയും, മറ്റൊരു പത്നിയിൽ ഒരു പുത്രനും അദ്ദേഹത്തിനുണ്ടായി.

അക്കാലത്താണ്, ബി.സി. 342-ൽ അലക്സാണ്ടറുടെ അദ്ധ്യാപകനായി അരിസ്റ്റോട്ടിൽ മാസിഡോണിയയിൽ തിരിച്ചെത്തിയത്. അലക്സാണ്ടർക്ക്

അപ്പോൾ 13 വയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളു. ഏഴു വർഷക്കാലത്തോളം അലക്സാണ്ടറുടെ അദ്ധ്യാപകനായി അരിസ്റ്റോട്ടിൽ മാസിഡോണിയയിൽ താമസിച്ചിരുന്നു. അന്നത്തെ ഭരണാധികാരിയും അലക്സാണ്ടറുടെ പിതാവുമായ ഫിലിപ്പ് രാജാവ് പേർഷ്യയെ ആക്രമിക്കാൻ ഒരു പദ്ധതി തയ്യാറാക്കി വരികയായിരുന്ന കാലമായിരുന്നു അത്. രാജാവിനു ഭരണപരമായ പല ഉപദേശങ്ങൾ നൽകാനും അരിസ്റ്റോട്ടിലിനു കഴിഞ്ഞു.

ഫിലിപ്പ് രാജാവ് പേർഷ്യൻ യുദ്ധത്തിനു പുറപ്പെട്ടപ്പോൾ രാജ്യഭരണം തൽക്കാലത്തേക്ക് അലക്സാണ്ടറുടെ കൈകളിലായി. പിന്നീട് അലക്സാണ്ടർ ഔദ്യോഗികമായി സ്ഥാനാരോഹണം ചെയ്യുകയും പടിപടിയായി ഉയർന്ന് ചക്രവർത്തി പദവിയിലെത്തുകയും ചെയ്തു. അങ്ങനെ അദ്ദേഹം മഹാനായ അലക്സാണ്ടർ ചക്രവർത്തി എന്ന പേരിൽ ചരിത്രത്തിൽ അറിയപ്പെട്ടു. ചക്രവർത്തിയുടെ എല്ലാ നേട്ടങ്ങൾക്കു പിന്നിലും അരിസ്റ്റോട്ടിലിന്റെ ഉപദേശവും സ്വാധീനവും ഉണ്ടായിരുന്നതായി കണക്കാക്കപ്പെടുന്നു.

ബി.സി. 323-ൽ തന്റെ ശിഷ്യനായ അലക്സാണ്ടർ ചക്രവർത്തി അന്തരിച്ചപ്പോൾ, അന്നു മാസിഡോണിയൻ ഭരണത്തിലെ പ്രതിപക്ഷമായ എഥീനിയൻ പാർട്ടി അരിസ്റ്റോട്ടിലിനെതിരെ പടവാളുയർത്തി. സോക്രട്ടീസിന് സ്വജീവിതകാലത്ത് ഭരണാധികാരികളിൽ നിന്നുണ്ടായ അനുഭവത്തെക്കുറിച്ചു ബോധവാനായ അരിസ്റ്റോട്ടിൽ, തന്റെ തത്ത്വചിന്താദർശനങ്ങളെ നിന്ദിക്കുവാൻ എഥീനിയൻ ജനതയെ അനുവദിക്കില്ല എന്നു പ്രഖ്യാപിച്ചുകൊണ്ട്, സ്വന്തം മാതൃദേശത്തേക്കു മടങ്ങിപ്പോയി. പിന്നീട് ഏതാനും മാസങ്ങൾ മാത്രമേ അദ്ദേഹം ജീവിച്ചിരുന്നുള്ളു. ബി.സി. 322-ൽ അരിസ്റ്റോട്ടിൽ തന്റെ 62-ാം വയസ്സിൽ അന്തരിച്ചു.

പ്ലേറ്റോയും അരിസ്റ്റോട്ടിലും ഭിന്നമായ വ്യക്തിപ്രഭാവത്തിന്റെയും ചിന്താധാരകളുടെയും ഉടമകളായിരുന്നു. പ്ലേറ്റോയുടെ പ്രപഞ്ചം അതീന്ദ്രിയസങ്കൽപ്പങ്ങൾ നിറഞ്ഞതായിരുന്നു, അരിസ്റ്റോട്ടിലിന്റേതാകട്ടെ ഇന്ദ്രിയഗോചരമായിരുന്നു.

പ്ലേറ്റോ ഒരു നിശ്ചലമായ പ്രപഞ്ചത്തെ വിഭാവനം ചെയ്തപ്പോൾ അരിസ്റ്റോട്ടിൽ ചലനാത്മകവും പരിവർത്തനവിധേയവുമായ ഒരു പ്രപഞ്ചത്തെയാണ് സങ്കൽപ്പിച്ചത്. കാൽപ്പനികമായ തത്ത്വചിന്താപ്രശ്നങ്ങളുമായിട്ടായിരുന്നു പ്ലേറ്റോയ്ക്കു കൂടുതൽ അടുപ്പം; അരിസ്റ്റോട്ടിലിന്റെ ആഭിമുഖ്യമാകട്ടെ വിശദവും ശാസ്ത്രീയവുമായ അന്വേഷണത്തിലൂടെ ഉരുത്തിരിഞ്ഞുണ്ടായ ഒരുതരം പരിണാമസിദ്ധാന്തത്തോടായിരുന്നു. അരിസ്റ്റോട്ടിലിന്റെ തത്ത്വചിന്തയെ ക്രമമായ രൂപസംവിധാനത്തോടുകൂടി പടുത്തുയർത്തിയ ഒരു പിരമിഡിനോടും പ്ലേറ്റോയുടെ തത്ത്വചിന്തയെ ആകാശത്തേക്കു കുതിച്ചുയരുന്ന അഗ്നിജ്വാലയോടുമാണ് ഗോയ്ഥേ ഉപമിച്ചിട്ടുള്ളത്.

പാശ്ചാത്യലോകം അരിസ്റ്റോട്ടിലിനെ തർക്കശാസ്ത്രത്തിന്റെ പിതാവായി കരുതുന്നു. സങ്കീർണങ്ങളായ പ്രപഞ്ചരഹസ്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള ഉപാധിയായിട്ടാണ് അരിസ്റ്റോട്ടിൽ തർക്കശാസ്ത്രത്തെ വിവക്ഷിച്ചിരിക്കുന്നത്. വിവിധങ്ങളായ വസ്തുക്കളും വസ്തുതകളും കൊണ്ട് നിറഞ്ഞതാണ് പ്രപഞ്ചം. ഇവയെ ശരിയായ വിധത്തിൽ തരംതിരിച്ചു വിശകലനം ചെയ്താൽ മാത്രമേ യഥാർഥ പ്രപഞ്ചത്തെക്കുറിച്ചുള്ള അറിവു സമ്പാദിക്കാൻ കഴിയൂ എന്നദ്ദേഹം വിശ്വസിച്ചു. ഈ ലക്ഷ്യം മുൻനിർത്തി തർക്കശാസ്ത്രം എന്നൊരു കൃതിയും അദ്ദേഹം രചിച്ചു.

തത്ത്വചിന്തയെപ്പറ്റി അദ്ദേഹം പറയുന്നത്, സത്തയുടെ പരമമായ തത്ത്വം കണ്ടുപിടിക്കുക എന്നതാണെന്നാണ്. എന്താണു പ്രപഞ്ചം? ഈ പ്രപഞ്ചത്തെ എങ്ങനെ വിവരിക്കാം? എന്താണു പ്രപഞ്ചരഹസ്യം?

ഇത്തരം ചോദ്യങ്ങൾക്കുള്ള അരിസ്റ്റോട്ടിലിന്റെ ഉത്തരത്തിന് പ്ലേറ്റോയുടെ ആശയസിദ്ധാന്തങ്ങളുമായും, പരമാണുവിന്റെ ചലനത്തിൽക്കൂടി ലോകത്തെ വിവരിക്കുന്ന പരമാണുവാദികളുടെ ഭൗതികസിദ്ധാന്തവുമായും ബന്ധമുണ്ട്.

ഭൗതികയാഥാർഥ്യത്തിൽ നിന്ന് മാറിനിന്നുകൊണ്ട് പ്രകൃതിയുടെ കാരണതത്ത്വങ്ങളെക്കുറിച്ചു പ്ലേറ്റോ വിശദീകരിക്കാൻ ശ്രമിച്ചപ്പോൾ, അരിസ്റ്റോട്ടിൽ പദാർഥത്തെ അടിസ്ഥാനമാക്കി പ്രകൃതിയുടെ കാരണതത്ത്വം വിശദീകരിക്കുന്നു. ദ്രവ്യത്തിന്റെ നിരന്തരചലനവും അതിൽനിന്നു രൂപം പ്രാപിക്കുന്ന പ്രപഞ്ചവും ഒരു ആദികാരണത്തെ സൂചിപ്പിക്കുന്നു എന്ന് അരിസ്റ്റോട്ടിൽ പറഞ്ഞു. പ്രപഞ്ചത്തിന്റെ ആ ആദികാരണത്തെ അദ്ദേഹം പ്രപഞ്ചചാലകൻ എന്നു നാമകരണം ചെയ്തു. ആ പ്രപഞ്ചചാലകനാണ് ദൈവമെന്നദ്ദേഹം സിദ്ധാന്തിച്ചു. പ്രഥമചാലകൻ അഥവാ സർവശക്തനായ ദൈവം ശാശ്വതമാകയാൽ ചലനവും ശാശ്വതമാണെന്നദ്ദേഹം സമർഥിച്ചു. പ്രഥമചാലകൻ ഏകനും പരിപൂർണത ഉള്ളവനുമായതുകൊണ്ട് വിശ്വം ശാശ്വതമാണ്. അതിന് ആരംഭവും അവസാനവുമില്ല എന്നും അദ്ദേഹം പ്രസ്താവിച്ചു. വ്യത്യസ്ത ദൈവങ്ങളിലും, ബിംബങ്ങളിലും വിശ്വാസമർപ്പിച്ചു ജീവിച്ചിരുന്ന ഗ്രീക്ക് ജനതയ്ക്ക് അരിസ്റ്റോട്ടിലിന്റെ ഈ സിദ്ധാന്തം ഉൾക്കൊള്ളാനോ അംഗീകരിക്കാനോ കഴിഞ്ഞില്ല.

മനുഷ്യന്റെ യുക്തിയാണ് അവനെ മറ്റു ജീവികളിൽ നിന്ന് ഭിന്നമാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ആത്മാവും ശരീരവും തമ്മിലുള്ള ബന്ധം രൂപവും ദ്രവ്യവും തമ്മിലുള്ള ബന്ധത്തിന് സമാനമാണ്. രൂപം ദ്രവ്യത്തിൽ നിന്ന് അഭേദ്യമായിരിക്കുന്നതുപോലെ ആത്മാവും ശരീരവും അഭേദ്യങ്ങളായി നിലകൊള്ളുന്നു. ആത്മാവ് ഒരു ശക്തിയാണ്, വസ്തുവല്ല; ശരീരം ക്ഷയിക്കുമ്പോൾ ശക്തിയും ക്ഷയിക്കുന്നു..... ഇങ്ങനെ പോയി അരിസ്റ്റോട്ടിലിന്റെ ചിന്താധാര.

തത്ത്വശാസ്ത്രത്തിൽ അധിഷ്ഠിതമാണ് അരിസ്റ്റോട്ടിലിന്റെ നീതിശാസ്ത്രം. നീതിശാസ്ത്രത്തിന്റെ ലക്ഷ്യം പരമമായ നന്മ എന്തെന്നു മനസ്സിലാക്കുകയാണ്. ഒരു വസ്തുവിന്റെ നന്മ അതിന്റെ വിശേഷവിധിയായ ശക്തിയുടെ (ആത്മാവിന്റെ) പ്രവർത്തനത്തെ ആശ്രയിച്ചിരിക്കുന്നതുപോലെ, മനുഷ്യന്റെ നന്മ അവന്റെ ബുദ്ധിശക്തിയുടെ കാര്യക്ഷമമായ വ്യാപാരത്തെ ആശ്രയിച്ചിരിക്കുന്നു. ബുദ്ധിയുടെ പരിപൂർണവും സ്വാഭാവികവുമായ പ്രയോഗത്തിൽ അധിഷ്ഠിതമായ പരമമായ നന്മയാണ് ആത്മപൂർണത അഥവാ ആത്മാനന്ദം. ആത്മപൂർണത സുഖത്തെ ആശ്രയിച്ചല്ല, സുഖം സമ്പൂർണതയെ ആശ്രയിച്ചിരിക്കുന്നു. സദ്ഗുണസമ്പന്നമായ ആത്മാവിൽ വിചാരങ്ങളും വികാരങ്ങളും ആഗ്രഹങ്ങളും ശരിയായ നിലയിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. വികാരങ്ങളെ യുക്തിയ്ക്കനുസരിച്ച് ക്രമപ്പെടുത്തുന്നതിലാണ് സദ്ഗുണം സ്ഥിതിചെയ്യുന്നത്. വ്യക്തിനന്മയും രാജ്യനന്മയും തമ്മിൽ വ്യത്യാസമില്ല. രാഷ്ട്രജീവിതത്തിലെ പങ്കാളിത്തത്തിൽ അധിഷ്ഠിതമാണ് വ്യക്തിനന്മ അദ്ദേഹം പറഞ്ഞു.

രാജ്യനീതിയെ ഒരു രാഷ്ട്രത്തിന്റെ നീതിശാസ്ത്രമായിട്ടാണ് അരിസ്റ്റോട്ടിൽ കരുതിയിരുന്നത്. പ്രജകളുടെ നന്മയും സന്തോഷവുമായിരിക്കണം രാജ്യത്തിന്റെ ലക്ഷ്യം. വ്യക്തി, ദ്രവ്യവും രാഷ്ട്രം രൂപവുമാണ്. വ്യക്തികൾ ചേർന്നു കുടുംബവും, കുടുംബങ്ങൾ ചേർന്ന് സമൂഹവും, സമൂഹങ്ങൾ ചേർന്ന് രാഷ്ട്രവും ഉടലെടുക്കുന്നു. രാഷ്ട്രം ഒരു സജീവഘടനയാണ്. ഇതിലെ അംഗങ്ങളാണു വ്യക്തികൾ. ഘടനയിലെ എല്ലാ അംഗങ്ങളുടെയും കാര്യക്ഷമമായ പ്രവൃത്തിയിലാണ് രാജ്യത്തിന്റെ ക്ഷേമം കുടികൊള്ളുന്നത്.

ഒരു പ്രത്യേക രാഷ്ട്രസംവിധാനവും ഉത്തമമല്ലാത്തതിനാൽ അരിസ്റ്റോട്ടിൽ ഒരു ആദർശരാഷ്ട്രത്തെ വിഭാവനം ചെയ്തിരുന്നില്ല. ഒരു രാജ്യത്തിനു ഒരു കാലഘട്ടത്തിൽ നല്ലതെന്നു തോന്നുന്നത് മറ്റൊരു രാജ്യത്തോ, മറ്റൊരു കാലത്തോ നല്ലതാകണമെന്നില്ല. സമൂഹത്തിലെ ഏറ്റവും കൂടുതൽ ധാർമികശ്രേഷ്ഠതയുള്ള ഒരു വ്യക്തിയുടെ - രാജാവിന്റെ - നേതൃത്വത്തിലുള്ള ഭരണത്തെയാണ് തത്ത്വത്തിൽ അരിസ്റ്റോട്ടിൽ അംഗീകരിച്ചിരിക്കുന്നത്. എന്നാൽ അങ്ങനെ ധാർമിക ശ്രേഷ്ഠതയുള്ള വ്യക്തികളെ കണ്ടെത്തുക പ്രയാസമാണെന്ന് അദ്ദേഹം കരുതിയിരുന്നു. പ്രഭുക്കളുടെ ഭരണം, രാജഭരണം, പ്രജാഭരണം, സ്വേച്ഛാഭരണം, ജനാധിപത്യം എന്നീ 5 വിവിധ ഭരണക്രമങ്ങളിൽ അടങ്ങിയിട്ടുള്ള ദോഷങ്ങളെ മാറ്റി ഗുണങ്ങളെ മാത്രം ചേർത്തു ഒരു ഭരണസമ്പ്രദായം വാർത്തെടുത്താൽ അതാണ് അരിസ്റ്റോട്ടിലിന്റെ വീക്ഷണത്തിലുള്ള ആദർശപൂർണമായ ഭരണകൂടം. അദ്ദേഹത്തിന്റെ ആ ആശയം ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും അന്വർഥമാണെന്നു നമുക്കു കാണാം.

കാവ്യമീമാംസ, പ്രഭാഷണകല എന്നീ രണ്ടു കൃതികളിലൂടെ അദ്ദേഹം തന്റെ സാഹിത്യ-കലാ നിരൂപണസംബന്ധമായ ആശയങ്ങൾ മുഴുവൻ പ്രകടിപ്പിച്ചിട്ടുണ്ട്. സംഭവ്യമായ അസംഭവ്യതകളാണ് അസംഭവ്യമായ സംഭവ്യതകളേക്കാൾ എക്കാലത്തും നല്ലതെന്നു അദ്ദേഹം പറയുമായിരുന്നു. സാഹിത്യകൃതികളെപ്പറ്റിയുള്ള ഒരു സംവാദത്തിൽ ഒരിക്കലദ്ദേഹം പറയുകയുണ്ടായി, ഒരു നല്ല കഥ രൂപപ്പെടുത്തിയെടുക്കുന്നതിലൂടെ കഥാകൃത്ത് തന്റെ സാഹിത്യരചനാ സങ്കല്പം മുഴുവൻ പ്രകടിപ്പിക്കുന്നെങ്കിൽ അതു ഉദാത്തമായ ഒരു കർമമാണ്. ഒരു നല്ല കഥയെ ജീവത്തായ ഒരു പ്രതിഭാസമായി കാണണം; അതു ജീവസ്പർശിയാകണം; സ്വാഭാവികതയുടെ ഭാവപ്പകർച്ച അതിനുണ്ടാകണം; സോദ്ദേശപരമായ ഒരു സന്ദേശവുമുണ്ടാവണം. ആ കഥയിൽ നിന്ന് എന്തെങ്കിലും അടർത്തിയെടുക്കുന്നതുപോലെ വിഷമമുള്ള കാര്യമാണ് പുതുതായി എന്തെങ്കിലും അതിനോടു ചേർക്കുന്നതും. സർഗാത്മകമായ കൽപ്പനാവൈഭവം ഉള്ള ഒരു എഴുത്തുകാരൻ, അയാൾ കവിയോ, സാഹിത്യകാരനോ ആയിക്കൊള്ളട്ടെ, വെറുമൊരു കവിയോ, കഥാരചയിതാവോ അല്ല, ഉൽകൃഷ്ടമായ സംവാദങ്ങൾ സമന്വയിപ്പിച്ച് കഥാഘടന ഉത്തമമാക്കുന്ന ഒരു നിർമാതാവാണ്. മനുഷ്യന്റെ ദുരന്തവശങ്ങളെ കേന്ദ്രബിന്ദുവാക്കി ഒരു കവിത രചിക്കുന്ന കവി മനുഷ്യപ്രവൃത്തികളെ താളാത്മകമായ ഭാഷയിലും ശൈലിയിലും ഹൃദയത്തെ സ്പർശിക്കും വിധം അവതരിപ്പിക്കുന്നു. ഗൗരവാവഹവും സമഗ്രവും ആയ ഒരു പ്രവൃത്തിയുടെ അനുകരണമായിരിക്കണം ഓരോ കഥയും കവിതയും. ആലങ്കാരികമായ ഭാഷയും സംഭവബഹുലതയും അതിന്റെ ജീവനുമായിരിക്കണം.

ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമായ കാഴ്ചപ്പാടായിരുന്നു കവികളെയും സാഹിത്യകാരന്മാരെയും പറ്റി അരിസ്റ്റോട്ടിലിന്റെ ഗുരുവായ പ്ലേറ്റോയ്ക്കുണ്ടായിരുന്നത്. പ്രചോദനത്താൽ ഭ്രാന്തന്മാരായിത്തീരുന്ന ദുർബലമനസ്സുകളായിട്ടാണ് പ്ലേറ്റോ സാഹിത്യകാരന്മാരെ ചിത്രീകരിച്ചിട്ടുള്ളത്. ഈ ഭ്രാന്തിന്റെ ജൽപ്പനങ്ങളാണ് കവിത എന്നുകൂടി പറയാൻ അദ്ദേഹം മടിച്ചില്ല.

പ്ലേറ്റോയുടെ ഈ അഭിപ്രായങ്ങൾ ഇന്നും രൂക്ഷമായ വിമർശനങ്ങൾക്കു വിധേയമാണ്.

അങ്ങനെ, യവനതത്ത്വദർശനമണ്ഡലത്തിലെ ഈ ത്രിമൂർത്തികളിൽ മൂന്നാമനായി രംഗത്തുവന്ന അരിസ്റ്റോട്ടിലും കാലയവനികയ്ക്കുള്ളിൽ മറഞ്ഞതോടെ രണ്ടു സഹസ്രാബ്ദങ്ങൾക്കു മുമ്പ് അരങ്ങേറിയ ആ മൂന്നംഗനാടകത്തിനു തിരശ്ശീല വീണുകഴിഞ്ഞിരിക്കുന്നു. പക്ഷേ, രണ്ടായിരത്തിലേറെ വർഷങ്ങൾ പിന്നിട്ടിട്ടും ഇന്നും, ഒരുപക്ഷേ ലോകമുള്ളിടത്തോളം കാലം സോക്രട്ടീസും, പ്ലേറ്റോയും, അരിസ്റ്റോട്ടിലും ജനഹൃദയങ്ങലിൽ പ്രസരിപ്പോടെ ജീവിച്ചിരിപ്പുണ്ടാകും.

# അബ്ദുല്ലാഹ് ബിനു മസ്ഊദ്(റ)

മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ പരിശുദ്ധ ശക്തിപ്രഭാവത്തിന്റെ അത്യദ്ഭുതകരമായൊരു ദൃഷ്ടാന്തമായിരുന്നു ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ). പൊക്കം കുറഞ്ഞ വ്യക്തിയും ശ്യാമള നിറവുമുള്ള ഈ ആട്ടിടയനെ നബി(സ)തിരുമേനി തന്റെ അനുഗൃഹീത സഹവാസത്തിലെടുക്കുകയും ആത്മീയ ചക്രവാളത്തിലെ മിനുമിനാമിന്നുന്ന നക്ഷത്രമാക്കിത്തീർക്കുകയും ചെയ്തു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ഒരു വശത്ത് ജ്ഞാനത്തിന്റേയും കർമത്തിന്റേയും ഉന്നതി പ്രാപിക്കുകയും മറുഭാഗത്ത് കൂഫയിലെ ഗവർണർ സ്ഥാനംവരെ അലങ്കരിക്കുകയും ചെയ്തു.

**പേര്, കുടുംബം, ഇസ്ലാംമത സ്വീകരണം**

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന് ബനൂഹുദയ്ൽ ഗോത്രവുമായിട്ടായിരുന്നു ബന്ധം. സംജ്ഞാ നാമം അബൂ അബ്ദുർറഹ്മാൻ എന്നായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് ഉമ്മു അബ്ദുല്ലാഹ് ബിൻത് അബ്ദൂദിന് ഇസ്ലാം സ്വീകരിക്കാനും സ്വഹാബിയഃ ആയിത്തീരാനുമുള്ള സൗഭാഗ്യം ലഭിച്ചു.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന് ഇസ്ലാമിന്റെ പ്രാരംഭ കാലത്തുതന്നെ ദാറുഅർക്കമിൽവച്ചു 6-ാമനായിക്കൊണ്ട് ഇസ്ലാം സ്വീകരിക്കാൻ ഭാഗ്യമുണ്ടായി. തന്റെ ഇസ്ലാംമത സ്വീകരണം അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു: "ജാഹ്ലിയാ കാലഘട്ടത്തിൽ ഉഖ്ബഃ ബിൻ അബീമുഈത്തിന്റെ ആടുകളെ മേയ്ക്കാറുണ്ടായിരുന്നു. ആ അവസരത്തിൽ നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും(റ) എന്റയടുത്തു വന്നു. അവരുടെ ഉത്കൃഷ്ടമായ പെരുമാറ്റവും ചില അടയാളങ്ങളുംകണ്ട് പരിശുദ്ധ ഇസ്ലാം സ്വീകരിക്കാൻ എനിക്കു ഭാഗ്യം കിട്ടി.

**അറിവിനോടുള്ള അതിയായ അഭിവാഞ്ഛ**

നബി(സ)തിരുമേനി ഖുർആനിക വചനങ്ങൾ ഓതുന്നതു ഒരിക്കൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)കേട്ടു. തന്നെയും ആ ഗ്രന്ഥം പഠിപ്പിക്കാൻ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ), നബി(സ)തിരുമേനിയോടു അപേക്ഷിച്ചു. പവിത്രഗ്രന്ഥത്തോടുള്ള അദ്ദേഹത്തിന്റെ അതിയായ ആഗ്രഹംകണ്ട് നബി(സ)തിരുമേനി അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടു പറഞ്ഞു: 'പഠിക്കാനുള്ള കഴിവ് താങ്കളിൽ വേണ്ടുവോളമുണ്ട്.'

അങ്ങനെ നബി(സ)തിരുമേനിയിൽനിന്ന് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ദൈവഗ്രന്ഥത്തിന്റെ പാഠങ്ങൾ കേട്ടു. അദ്ദേഹം പറയുന്നു: 'അതിനുശേഷം ഞാൻ നബി(സ)തിരുമേനിയിൽനിന്ന് 70 അധ്യായങ്ങൾ പഠിച്ചു. സ്വഹാബിമാരിലാർക്കും ഇത്രയധികം സൂറത്തുകൾ മനഃപാഠമില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. അല്ലാഹുവിന്റെ ഗ്രന്ഥത്തെ ഏറ്റവുമാദ്യം മനഃപാഠമാക്കിപഠിച്ചത് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ആയിരുന്നുവെന്ന് ഹദ്റത്ത് അലി(റ)പറയാറുണ്ടായിരുന്നു.

**പ്രബോധനാവേശം**

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന് എതിർപ്പിന്റെ ആദ്യകാലത്ത് മക്കയിലെ ഖുറയ്ശീ നേതാക്കന്മാരെ വിശുദ്ധ ഖുർആൻ ഉച്ചത്തിൽ ഓതിക്കേൾപിക്കുക എന്ന ബഹുമതിയും കിട്ടിയിരുന്നു. ഈ മഹത്വവും ഭാഗ്യവും ആത്മാർഥതയും ത്യാഗവും എങ്ങനെയാണ് അദ്ദേഹത്തിന് ലഭിച്ചതെന്ന സംഭവം ഏറെ കൗതുകമുണർത്തുന്നതാണ്. കുറച്ചു സ്വഹാബിമാർ ഒരിടത്തു ഒത്തുകൂടി. ഇന്നുവരെ തങ്ങൾ എതിരാളികൾക്ക് വിശുദ്ധ ഖുർആൻ ഉച്ചത്തിൽ കേൾപിച്ചിട്ടില്ല, അതെങ്ങനെ കേൾപിക്കാൻ കഴിയും, അവരെ എങ്ങനെ അല്ലാഹുവിലേക്ക് ക്ഷണിക്കാൻ കഴിയും തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് അവർ ചർച്ച ചെയ്യാൻ തുടങ്ങി. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)വളരെ താൽപര്യത്തോടെ താൻ ഈ സേവനത്തിന് തയ്യാറാണെന്ന് പറഞ്ഞു. എന്നാൽ, ഈ കർത്തവ്യം

നിർവഹിക്കാൻ സ്വയം തയ്യാറാകുന്ന ആൾ പ്രബോധന സമയത്തുണ്ടാകുന്ന എതിർപ്പിനെ പ്രതിരോധിക്കാൻ കഴിവുള്ള ഗോത്രത്തിൽപ്പെട്ട ആളായിരിക്കണമെന്ന് മറ്റു സ്വഹാബിമാർ അഭിപ്രായപ്പെട്ടു. അതായിരിക്കും കൂടുതൽ ഉചിതമെന്ന് അവർ പറഞ്ഞു. കാരണം ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ ഗോത്രം അത്ര ശക്തമല്ലാത്തതിനാൽ അദ്ദേഹത്തിനു കൂടുതൽ പ്രതിരോധിക്കാൻ കഴിയുമോ എന്ന ആശങ്ക അവർക്കുണ്ടായിരുന്നു. എന്നാൽ, ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)പറഞ്ഞു: 'നിങ്ങൾ അതിനെക്കുറിച്ച് ചിന്തിക്കണ്ട. അല്ലാഹു എന്നെ സംരക്ഷിച്ചുകൊള്ളും.' പിറ്റേന്ന് പ്രഭാതത്തിൽ ധീരനും നിർഭയനുമായ ആ പ്രബോധകൻ കഅ്ബഃ ദേവാലയത്തിൽച്ചെന്ന് ഖുറയ്ശികളുടെ സഭയ്ക്കടുത്ത് മഖാമെ ഇബ്റാഹീമിൽനിന്നുകൊണ്ട് വിശുദ്ധ ഖുർആനിലെ റഹ്മാൻ എന്ന അമ്പത്തിഅഞ്ചാമത്തെ അധ്യായം പാരായണം ചെയ്യാൻ തുടങ്ങി. ആദ്യമൊക്കെ അവർ ശ്രദ്ധയോടെ കേട്ടിരുന്നു. പിന്നീടു പരിശുദ്ധ ഗ്രന്ഥമാണ് തങ്ങളെ കേൾപ്പിച്ചുകൊണ്ടിരിക്കുന്നതെന്ന് അവർക്ക് മനസ്സിലായപ്പോൾ അവരെഴുന്നേറ്റ് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ പിടിച്ചമർത്തുകയും ക്രൂരമായി മർദിക്കുകയും ചെയ്തു. എന്നാൽ, ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)അത്ഭുതകരമായ സ്ഥൈര്യത്തോടെ അധ്യായം മുഴുവൻ ഓതിത്തീർത്തിട്ടേ അവിടെ നിന്ന് മടങ്ങിയുള്ളു. ഈ മർദനമുണ്ടാകുമെന്ന ആശങ്ക തങ്ങൾക്കുണ്ടായിരുന്നുവെന്ന് സ്വഹാബത്ത് പിന്നീടു പറയുകയുണ്ടായി. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)പറഞ്ഞു: അല്ലാഹുവാണ! ഞാൻ വിശുദ്ധഖുർആൻ പാരായണം ചെയ്യുകയായിരുന്നപ്പോൾ ശത്രുക്കൾ എനിക്ക് ഒന്നുമല്ലാത്തവരായിട്ടായിരുന്നു തോന്നിയിരുന്നത്. നിങ്ങൾ സമ്മതിക്കുകയാണെങ്കിൽ നാളേയും ഖുറയ്ശീ നേതാക്കന്മാരുടെ സദസ്സിൽപ്പോയി വിശുദ്ധ ഖുർആൻ കേൾപ്പിക്കാൻ ഞാൻ തയ്യാറാണ്.' സ്വഹാബത്ത് പറഞ്ഞു: 'വേണ്ട! ഇത്രമതി.'[4]

**ഹിജ്റത്തും റസൂലിന് സേവനവും**

മക്കയിൽ എതിർപ്പ് കൊടുമ്പിരി കൊണ്ടപ്പോൾ ആദ്യം ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന് ഹബ്ശയിലേക്ക് (അബീസീനിയ)ഹിജ്റ പോകാൻ ഭാഗ്യം കിട്ടി. പിന്നീടു അദ്ദേഹം മദീനയിലേക്കും ഹിജ്റത്തു ചെയ്തു.[5] ഹിജ്റത്ത് ചെയ്ത് മദീനത്തു വന്നപ്പോൾ ഹദ്റത്ത് മുആദ് ബിൻ ജബലിന്റെ വീട്ടിലായിരുന്നു താമസിച്ചത്; അദ്ദേഹത്തിന്റെ ആത്മീയ സഹോദരനായിട്ട്. മദീന ജീവിതത്തിന്റെ ആരംഭ കാലത്ത് അദ്ദേഹത്തിന്റെ സാമ്പത്തിക സ്ഥിതി അത്ര നല്ലതല്ലായിരുന്നു. നബി(സ)തിരുമേനി ഹിജ്റത്തു ചെയ്തു വന്നവർക്ക് (മുഹാജിരീൻ) താമസിക്കാൻ മസ്ജിദുന്നബ്വിയുടെ അടുത്ത് ഏർപാടു ചെയ്തിരുന്നു. ബനു സഹ്റയിലെ ചിലയാളുകൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ കൂടെ താമസിപ്പിക്കാൻ അല്പം മടി കാണിച്ചു. നബി(സ)തിരുമേനി ഈ വിവരം അറിഞ്ഞു. നബി(സ)തിരുമേനി തന്റെ ദരിദ്രനും ദുർബലനുമായ ഈ ഭൃത്യനെ സംബന്ധിച്ച് അഭിമാനത്തോടെ പറഞ്ഞു: 'അല്ലാഹു എന്നെ അയച്ചിട്ടുള്ളത് നിങ്ങൾ ഓർക്കുക. ദുർബലരായ ജനതകളുടെ അവകാശം നല്കാത്ത ജനതയ്ക്ക് അല്ലാഹു ഒരിക്കലും അനുഗ്രഹം നല്കുകയില്ല.' പിന്നീടു നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന് മസ്ജിദിനടുത്ത് താമസ സൗകര്യം ചെയ്തു കൊടുത്തു. സഹ്റ ഗോത്രത്തിന് മസ്ജിദിന്റെ പിൻ ഭാഗത്ത് ഒരു മൂലയിലായിരുന്നു താമസ സ്ഥലം കിട്ടിയത്.[6]

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ഇസ്ലാമിന്റെ തുടക്കംമുതലേ നബി(സ)തിരുമേനിക്ക് സേവനം ചെയ്തു വന്നിരുന്നു. യാത്രയിലും അല്ലാത്തപ്പോഴും നബി(സ)തിരുമേനിക്കുവേണ്ടി ബാഹ്യമായി നോക്കുമ്പോൾ ചെറുതാണെങ്കിലും ഒഴിച്ചുകൂടാൻ പറ്റാത്ത പല പ്രധാനകാര്യങ്ങളുമാണ് അദ്ദേഹം ചെയ്തിരുന്നത്. മിസ്വാക് കൊണ്ടുവരിക, കൃത്യസമയത്ത് വുസുചെയ്യാനും കുളിക്കാനുമുള്ള വെള്ളം കോരിക്കൊണ്ടു കൊടുക്കുക, ഇരിക്കാനുള്ള പടവും കിടക്കാനുള്ള വിരിപ്പും തയ്യാറാക്കിവയ്ക്കുക, സമയത്ത് ഉണർത്തുക, കുളിക്കാൻ മറ തയ്യാറാക്കുക, നബി(സ)തിരുമേനിയുടെ ചെരുപ്പ് സൂക്ഷിക്കുക, തുടങ്ങിയ സേവനങ്ങൾ അദ്ദേഹം ചെയ്യാറുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) സാഹിബുസ്സവാക്ക്(ടൂത്ത്ബ്രഷുകാരൻ), സാഹിബുൽവസാദ(തലയിണക്കാരൻ), സാഹിബുന്നഅ്ലയ്ൻ(ചെരുപ്പകാരൻ)തുടങ്ങിയ പദവിപ്പേരുകളിലും സ്മരിക്കപ്പെടുന്നു. ഈ സേവനങ്ങൾ കാരണത്താൽ നബി(സ)തിരുമേനിയുടെ വീട്ടിൽ അദ്ദേഹം മിക്കപ്പോഴും പോയുംവന്നുമിരുന്നു. നബി(സ) അദ്ദേഹത്തിന് തന്റെ വീട്ടിൽ വരാൻ പ്രത്യേകാനുമതി നല്കിക്കൊണ്ടു പറഞ്ഞു: 'എന്റെ വിളി കേൾക്കുകയും വാതിലിനു മുന്നിൽ കർട്ടൺ ഇല്ലാതിരിക്കുകയും ചെയ്താൽ താങ്കൾക്ക് വീട്ടിലേക്ക് കയറി വരാവുന്നതാണ്. ഞാൻ വരേണ്ട എന്ന് പറയുന്ന സമയത്തുമാത്രം വരാതിരിക്കുക.[8]

പർദയുടെ കല്പന ഇറങ്ങുന്നതിന് മുമ്പേയുള്ള കാര്യമാണിതെന്ന് തോന്നുന്നു. നബി(സ)തിരുമേനിയുടെ മറ്റൊരു സേവകനായ ഹദ്റത്ത് അനസ് (റ)പറയുന്നു: 'ഞാൻ നബി(സ)തിരുമേനിയുടെ വീട്ടിൽ വരുകയും പോകുകയും ചെയ്യാറുണ്ടായിരുന്നു.'[9] എന്തായാലും ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ), നബി(സ)തിരുമേനിയുടെ വീട്ടിൽ സ്ഥിരമായി പോകാറുണ്ടായിരുന്നു. ഹദ്റത്ത് അബൂ മൂസാ അശ്അരി(റ)പറയുന്നു: 'ഞാനും എന്റെ സഹോദരനും യമനിൽനിന്ന് മദീനയിലെത്തിയപ്പോൾ ആദ്യമാദ്യം ഞങ്ങൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊ

ദ്(റ)നെ നബി(സ)തിരുമേനിയുടെ കുടുംബാംഗമായിരിക്കുമെന്നാണ് കരുതിയിരുന്നത്. കാരണം അദ്ദേഹവും അദ്ദേഹത്തിന്റെ മാതാവും മിക്കപ്പോഴും നബി(സ)തിരുമേനിയുടെ വീട്ടിൽ വരുന്നത് കണാറുണ്ടായിരുന്നു.[10]

ചുരുക്കംപറഞ്ഞാൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ), നബി(സ)തിരുമേനിയുടെ കോന്തല മുറുകെ പിടിക്കുകയും ആ മഹാത്മാവിൽനിന്ന് പഠിക്കുക മാത്രമല്ല നല്ലവണ്ണം പഠിക്കുകയും ചെയ്തിരുന്നു.

### ഹൃദയസ്പൃക്കായ പാരായണം നിഷ്കപടമായ പ്രണാമം

നബി(സ)തിരുമേനിയുടെ പരിശുദ്ധ സഹവാസവും ശിക്ഷണവും ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ നല്ലൊരു ദൈവാരാധകനും വിശ്വസ്തനും വാക്കുകൾക്കനുസരിച്ച് പ്രവർത്തിക്കുന്നവനുമാക്കിത്തീർത്തു. ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിന്റെ ദൈവാരാധനയും ഹൃദയസ്പൃക്കായ ഖുർആൻ പാരായണവും മനോഹരമായി വിവരിക്കുന്ന ഒരു സംഭവം ഇങ്ങനെ വിവരിക്കുന്നുണ്ട്. "ഒരു ദിവസം രാത്രി നേരത്ത് ഹദ്റത്ത് അബൂബക്കറും(റ) ഞാനും നബി(സ)തിരുമേനിയോടൊപ്പം മദീനയിൽ റോന്തു ചുറ്റുകയായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ താമസ സ്ഥലത്തിനടുത്തൂടെയാണ് ഞങ്ങൾ പോയത്. അദ്ദേഹം നഫ്ൽ നമസ്കാരത്തിൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുകയായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ ഖുർആൻ പാരായണം കേട്ട് അവിടെനിന്നു. പിന്നീടു ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)റുക്കൂഇൽ പോയി. തുടർന്ന് സുജൂദിൽ കിടന്ന് ഇങ്ങനെ ദുആ ചെയ്യുന്നത് ഞങ്ങൾ കേട്ടു. 'അല്ലാഹുവേ എനിക്കു വിശ്വാസവും ഒരിക്കലും അവസാനിക്കാത്ത ദൃഢജ്ഞാനവും നല്കേണമേ. പരലോകത്ത് നബി(സ)തിരുമേനിയുടെ സഹവാസത്തിലിരിക്കാൻ സൗഭാഗ്യം തന്നരുളേണമേ.' നബി(സ)തിരുമേനി അതു കേട്ടുകൊണ്ടു പറഞ്ഞു, 'അബ്ദുല്ലാഹ്! ഇപ്പോൾ ചോദിക്കുന്നതെന്തും നിനക്ക് നല്കപ്പെടും. എന്തു ദുആ ചെയ്താലും സ്വീകരിക്കപ്പെടുന്നതാണ്.'

കാരുണ്യത്തിന്റെ മന്ദമാരുതൻ വീശിയടിച്ചുകൊണ്ടിരിക്കുന്നു.

എന്തു ദുആ ചെയ്താലും അത് ഇന്ന് സ്വീകരിക്കപ്പെടും

പിന്നീടു നബി(സ) തിരുമേനി അവിടെനിന്ന് മുന്നോട്ടു നീങ്ങിക്കൊണ്ടു പറഞ്ഞു, 'വിശുദ്ധ ഖുർആൻ ഇറക്കപ്പെട്ടതുപോലെ ഹരിതാഭമായ നിലയിൽ പാരായണം ചെയ്യുന്നത് ആരെയാണോ സന്തുഷ്ടനാക്കുന്നത് അയാൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ൽനിന്ന് വിശുദ്ധഖുർആൻ പഠിക്കേണ്ടതാണ്.'

### നന്മയിൽ മുൻകടക്കാനുള്ള ആത്മാവ്

ഹദ്റത്ത് ഉമർ(റ)പറയുന്നു: ''നബി(സ)തിരുമേനിയുടെ സുവാർത്ത ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ അറിയിക്കാൻ അതിരാവിലെ അദ്ദേഹത്തിന്റെ വീട്ടിലെത്തി ഞാൻ വാതിൽമുട്ടി വിളിച്ചു. താങ്കൾ ഈ രാത്രിനേരത്ത് വന്നതെന്തിനാണെന്ന് അദ്ദേഹം ചോദിച്ചു. നബി(സ)തിരുമേനിയുടെ ഒരു സുവാർത്ത താങ്കളെ അറിയിക്കാനാണ് വന്നതെന്ന് ഞാൻ പറഞ്ഞു. അപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) താങ്കളെക്കാൾ മുമ്പേ അതെന്നെ അറിയിച്ചിരിക്കുന്നുവെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. ഹദ്റത്ത് ഉമർ(റ)പറയുന്നു, ഞാൻ പറഞ്ഞു: 'അബൂബക്കർ അങ്ങനെ ചെയ്തെങ്കിൽ അതദ്ദേഹത്തിന്റെ അവകാശമാണ്. കാരണം അദ്ദേഹം നന്മകളെ ഒരു പാടു മുമ്പേകൊണ്ടുപോകുന്നയാളാണ്. ഒരിക്കലും ഒരു നന്മയിലും നമുക്ക് അദ്ദേഹത്തെ മുൻകടക്കാൻ കഴിഞ്ഞിട്ടില്ല."[11]

### കുടുംബജീവിതം

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ വിവാഹം ഥഖീഫ് ഗോത്രത്തിലെ നല്ലൊരു കുടുംബത്തിലാണ് നടന്നത്. അദ്ദേഹത്തിന്റെ ഭാര്യ സയ്നബ് ബിൻത് അബ്ദുല്ലാഹ് മദീനയിലെ ഒരു സമ്പന്നയായിരുന്നു. അവരാണ് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ ചെലവും വഹിച്ചിരുന്നത്. അവർ പറയുന്നു: 'ഒരിക്കൽ നബി(സ)തിരുമേനി സ്വദഖഃ കൊടുക്കാൻ സ്ത്രീകളോടു പറഞ്ഞു. എന്റെ ഭർത്താവ് അബ്ദുല്ലായുടെ സാമ്പത്തികനില അന്ന് അത്ര നല്ലതായിരുന്നില്ല. ഞാൻ അദ്ദേഹത്തോടു ചോദിച്ചു, ഞാൻ കൊടുക്കേണ്ട സ്വദഖഃ താങ്കൾക്കുവേണ്ടി ചെലവഴിച്ചാൽ എനിക്കതിനു പ്രതിഫലം കിട്ടുമോ? നീ നേരിട്ട് അല്ലാഹുവിന്റെ റസൂലിനോട് ചോദിച്ചുകൊള്ളുക എന്നദ്ദേഹം അവരോടു പറഞ്ഞു. അവർ പറയുന്നു, ഞാൻ നബി(സ)തിരുമേനിയുടെയടുക്കൽപോയി. നോക്കുമ്പോൾ ഇതേ കാര്യം ചോദിക്കുന്നതിനായി ഒരു അൻസ്വാരി സ്ത്രീയും അവിടെ വന്നിരിക്കുന്നത് കണ്ടു. ഞാൻ ഹദ്റത്ത് ബിലാലിനോടു പറഞ്ഞു, താങ്കൾ ഞങ്ങളുടെ ചോദ്യത്തിനുള്ള മറുപടി നബി(സ)തിരുമേനിയോടു ചോദിച്ചിട്ട് ഞങ്ങൾക്കു പറഞ്ഞുതരിക. ഞങ്ങളുടെ പേര് അല്ലാഹുവിന്റെ റസൂലിനോടു പറയണ്ട. ഹദ്റത്ത് ബിലാൽ(റ)പോയി നബി(സ)തിരുമേനിയോടു ചോദിച്ചപ്പോൾ ആരാണ് ഇതു ചോദിക്കുന്നതെന്ന് നബി(സ)ആരാഞ്ഞു. ഹുദൂർ സയ്നബാണെന്ന് ബിലാൽ(റ)അറിയിച്ചു. ഏത് സയ്നബെന്ന് നബി(സ)ചോദിച്ചു. ബിലാൽ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഒരാൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ ഭാര്യ സയ്നബാണ്. മറേറത് സയ്നബ് അൻസ്വാരിയഃയാണ്.' നബി(സ)പറഞ്ഞു, 'അതേ! അവർക്കു ഇരട്ടി പ്രതിഫലം ഉണ്ടായിരിക്കുമെന്ന് രണ്ടുപേരോടും പറയുക. ഒന്ന് ബന്ധുക്കളോടു നല്ലനിലയിലുള്ള പെരുമാറ്റത്തിന്. രണ്ട് സ്വദഖഃ കൊടുത്തതിനും.'[12]

### ബദ്ർ രണാങ്കണത്തിലെ യോദ്ധാവ്

മദീന കാലഘട്ടത്തിൽ നടന്ന യുദ്ധങ്ങളിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന് നബി(സ)തിരുമേനിയോടൊപ്പം പങ്കെടുക്കാനുള്ള ഭാഗ്യം ലഭിച്ചു. ബദ്ർയുദ്ധത്തിൽ

ഇസ്‌ലാമിന്റെ ശത്രുവായ അബൂജഹ്‌ലിനെ അയാളുടെ ദുർപര്യവസാനത്തിൽ എത്തിക്കുന്നതിൽ അദ്ദേഹവും പങ്കാളിയാണ്. അതിങ്ങനെ ആയിരുന്നു. യുദ്ധം അവസാനിച്ചു. നബി(സ)തിരുമേനി ചോദിച്ചു, അബൂജഹ്‌ലിനെക്കുറിച്ചുള്ള ശരിയായ അറിവ് കൊണ്ടുവരാൻ ആരാണുള്ളത്? നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച് ഹദ്‌റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പോയപ്പോൾ കാണുന്നത്, ബദ്ർ യുദ്ധഭൂമിയിൽ റസൂലിന്റെ ശത്രു അബൂജഹ്ൽ (അയാളെ ഹദ്‌റത്ത് അഫ്‌റാഇന്റെ മക്കൾ വാളുകൊണ്ടു വെട്ടി ഗുരുതരമായി മുറിവേല്പിച്ചിരുന്നു) മരണാസന്നനായി കിടക്കുന്നതാണ്. ഹദ്‌റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)അയാളോടു പറഞ്ഞു, നീ ദുഷ്ടനും വഴിപിഴപ്പിക്കുന്നവനുമായ ആ വയസ്സൻ അബൂജഹ്‌ലാണോ? ആ ദുഷ്ടന് അവസാന നിമിഷത്തിലും തന്റെ അഹങ്കാരത്തിൽനിന്നും അഹംഭാവത്തിൽനിന്നും മോചനം കിട്ടിയിരുന്നില്ല. 'എന്നെക്കാൾ വലിയ ഏതെങ്കിലും നേതാവിനെ നീ കൊന്നിട്ടുണ്ടോ? അതായത് തന്റെ സമുദായം വധിച്ച ഏതെങ്കിലും വലിയ നേതാവുമുണ്ടോ? എന്ന് ചോദിച്ച് അയാൾ വാശികയറ്റി.[13] ഹദ്‌റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)പറയുന്നു, അതു കേട്ടതോടെ ഞാൻ അയാളുടെ കഥകഴിച്ചു.

ഉഹ്ദ് യുദ്ധത്തിലും ഹദ്‌റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)പങ്കെടുത്തിരുന്നു. എന്നല്ല ഉഹ്ദ് യുദ്ധത്തിനുശേഷം നിഷേധികളായ ഖുറയ്ശികളെ പിന്തുടർന്നവരും അവർക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന് വിശുദ്ധഖുർആൻ സ്തുതിച്ചവരുമായ ആ മുറിവേറ്റ സ്വഹാബിമാരിലും അദ്ദേഹമുൾപ്പെട്ടിരുന്നു.

(അടുത്ത ലക്കത്തിൽ കൂഫയിലെ ഇമാറത്തും ഖിലാഫത്തിനോടുള്ള അനുസരണവും)

**ഖുത്ബ**

പേജ് 12ൽ നിന്ന് തുടർച്ച

ക്കരുത്, നമസ്കാരം നിർവഹിക്കരുത്, സലാം പറയരുത് എന്നെല്ലാം പറയുന്നു. ഞങ്ങൾ മുസ്‌ലിംകളാണ് അതുകൊണ്ട് അതെല്ലാം ഞങ്ങൾ ചെയ്യുന്നതാണ്. ഞങ്ങളെ എതിർക്കുന്നവർ, ശരീഅത്ത് നിയമങ്ങൾക്കും ഖുർആനിക അധ്യാപനങ്ങൾക്ക് എതിരിൽ പ്രവർത്തിക്കുന്നവരായി മാറ്റുന്നതിന് ശ്രമിക്കുന്നു. എന്നാൽ ഞങ്ങൾ ഇത് ചെയ്യുന്നില്ല. ഇതു കൂടാതെയുള്ള രാജ്യത്തിന്റെ മറ്റ് നിയമങ്ങൾ പാലിക്കേണ്ടതാണ്.

എല്ലാ അദ്ധ്യാപനങ്ങളുടേയും ചുരുക്കരൂപം അവസാന ഹദീസിലുണ്ട്. പരസ്പരം അതിക്രമം പ്രവർത്തിക്കരുത്. അധികാരികൾ ജനങ്ങളോട് അതിക്രമം പ്രവർത്തിക്കരുത്. അതു പോലെ ജനങ്ങൾ അധികാരികളിൽ നിന്ന് അവകാശം നേടിയെടുക്കുന്നതിനുവേണ്ടി അതിക്രമം തെളിയിക്കപ്പെടുന്ന തരത്തിലുള്ള പ്രവൃത്തികൾ ചെയ്യരുത്. ഈ കടമ അധികാരികളുടെയും ജനങ്ങളുടെയും ആണ്. എന്നാൽ അവർ ഇത് പ്രവർത്തിക്കുന്ന വരാണോ? തങ്ങളുടെ എല്ലാ തീരുമാനങ്ങളിലും അല്ലാഹുവിനെ സാക്ഷി നിർത്തി, അവന്റെ കല്പന പാലിക്കുന്നവരാണോ? അതു പോലെ ജനങ്ങൾ, സ്പഷ്ടമായനിലയിൽ, അല്ലാഹുവിന്റെ ശരീഅത്തിന് വിരുദ്ധമായ കാര്യങ്ങൾ ഒഴികെയുള്ള കാര്യങ്ങളിൽ സമിഅ്നാ വ അതഅ്നാ എന്ന് പറഞ്ഞ് കൊണ്ട് തങ്ങളുടെ അധികാരികളെ പൂർണമായി അനുസരിക്കുന്നവരാണോ? അക്രമിയായ ഭരണാധികാരിയെ കുറിച്ച് ഓർത്ത് അല്ലാഹുവിന്റെ സമക്ഷത്തിൽ മാത്രം കരയുന്നവരാണോ? ഈ കാലഘട്ടത്തിൽ ഒരു പക്ഷേ അഹ്മദികളല്ലാതെ മറ്റാരും ഇങ്ങനെ പ്രവർത്തിക്കുന്നില്ല. അങ്ങനെയല്ലെങ്കിൽ നാം ഈ കാലഘട്ടത്തിൽ നിന്ന് പിന്നോട്ട് പോയി കരയിലും കടലിലും കുഴപ്പം നിറഞ്ഞു എന്ന് പറയപ്പെട്ട കാലഘട്ടത്തിലേക്ക് മടങ്ങുന്നതാണ്. മുസ്‌ലിംകളിൽ ഈ കാലഘട്ടം ആഗതമാകേണ്ടതു തന്നെയാണ്. വിശുദ്ധ ഖുർആന്റെയും, നബി (സ) തിരുമേനിയുടേയും പ്രവചനപ്രകാരം മസീഹ് മൗഊദ് (അ) ന്റെ കാലഘട്ടത്തിൽ ഈ അവസ്ഥ സംജാതമാകേണ്ടതു തന്നെയാണ്. അതിനാൽ മുസ്‌ലിം ഭരണാധികാരികളും ജനങ്ങളും ഇക്കാര്യത്തിൽ വിചിന്തനം നടത്തേണ്ടിയിരിക്കുന്നു. കുഴപ്പങ്ങൾ ദുരീകരിക്കുന്നതിനായി അല്ലാഹുവിന്റെ വാഗ്ദാന പ്രകാരം, അല്ലാഹുവിൽ നിന്ന് അയക്കപ്പെട്ട വ്യക്തിയെ കണ്ടെത്തുക. അദ്ദേഹത്തിന്റെ കോന്തല മുറുകെ പിടിക്കുക. സിറിയയിലെ ജനങ്ങൾ പ്രധാനമായും, മുസ്‌ലീംകൾ പ്രത്യേകിച്ചും ഹദ്‌റത്ത് മസീഹ് മൗഊദ് (അ) യുടെ **ബലായെ ദമിഷ്ക്** എന്ന വെളിപാടിനെ കുറിച്ച് ചിന്തിക്കുക. അപ്പോൾ അവർക്ക് ഈ പ്രവചനം ചെയ്യുന്ന വ്യക്തിയെ അല്ലാഹുവാണ് അയച്ചിരിക്കുന്നതെന്ന് വ്യക്തമാകുന്നതാണ്. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിക്കുക. കാരണം ഈ ലോകത്ത് ഇപ്പോൾ അല്ലാഹു അയച്ച വ്യക്തിയല്ലാതെ മറ്റാരും തന്നെ നിങ്ങളെ നേർമാർഗത്തിലേക്ക് നയിക്കുകയില്ല. രാജ്യങ്ങളുടെ പേരും പറഞ്ഞ് മതതീവ്രവാദസംഘടനകളും അല്ലെങ്കിൽ മതത്തിന്റെ പേരിൽ അധികാരം പിടിച്ചെടുക്കുന്ന സംഘടനകളുമായിരിക്കും പ്രയോജനം നേടിയെടുക്കുക. പിന്നീട് പരസ്പരം കൊലയുടേയും കൊള്ളിവെപ്പിന്റെയും വാർത്തകളാണ് ചൂടുപിടിക്കുക. ഇത് സങ്കൽപ്പിക്കാവുന്നതിനപ്പുറത്താണ്. അല്ലാഹു മുസ്‌ലിംകളുടെ വഴികാട്ടികൾക്ക് ബുദ്ധി നൽകുമാറാകട്ടെ. പൊതു ജനങ്ങൾക്ക് ബുദ്ധി നൽകുമാറാകട്ടെ. അല്ലാഹുവിന്റെ ഈ കൽപന അവർ മനസ്സിലാക്കുകയും ചെയ്യട്ടെ.

വിവ.ഹാശിം അഷ്‌റഫ്, ആലപ്പുഴ

വിവാഹമോചനവും ലിംഗസമത്വവും – 2

# ഇസ്‌ലാമിന് മുമ്പുള്ള അറേബ്യൻ വിവാഹങ്ങൾ

പ്രാകൃത ഗോത്രീയാചാരങ്ങൾക്ക് പ്രാമുഖ്യമുണ്ടായിരുന്ന അറേബ്യയിലെ വിചിത്രമായ ഇസ്‌ലാമിക പൂർവ വിവാഹ സമ്പ്രദായങ്ങളെക്കുറിച്ച് ലേഖകൻ വിവരിക്കുന്നു.

ഡോ. കൗസർ എടപ്പകത്ത്

**ഹി**ന്ദു മത സംജ്ഞയിൽ വിശേഷിപ്പിക്കപ്പെടുന്നത് പോലെ ഇസ്‌ലാം വിവാഹത്തെ ഒരു സംസ് കാരമായി (Sacrament-അലംഘനീ യമായ വിശുദ്ധാചാരം) ഗണിക്കു ന്നില്ല. മുസ്‌ലിംകളുടെ വിവാഹ പദ്ധതി പ്രകാരം വിവാഹം എന്നത് സ്ത്രീയും പുരുഷനും തമ്മിൽ നടക്കുന്നതും ഭൗതികവും ആത്മീയവുമായ തലങ്ങൾ ഉൾക്കൊള്ളുന്നതും വിവിധ മാനങ്ങളുള്ളതുമായ ഒരു യാഥാർഥ്യമാണ്.

മുസ്‌ലിം വിവാഹത്തിന്റെ ലക്ഷ്യം മനുഷ്യ വംശത്തിന്റെ നിലനിൽപ്പും വംശപരമ്പരയെ ഉറപ്പിച്ചുനിർത്തലും കാമാസക്തിയിൽ നിന്ന് തടയലും സ്നേഹ വാത്സല്യത്തോടെയും രഞ്ജിപ്പോടുകൂടിയും ഭാര്യാഭർത്താക്കന്മാർ സഹജീവനംനടത്തലും പരസ്പര സഹായത്തോടെ ജീവിതായോധനം നടത്തലും പരസ്പരം ലൈംഗികതയുടെ പൂർത്തീകരണവും സന്താനങ്ങളുടെ പ്രജനനവുമാണ്. ഇവ കൂടാതെ ചാരിത്ര്യ സംരക്ഷണവും അതിന്റെ പ്രോത്സാഹനവും വിവാഹത്തിന്റെ ലക്ഷ്യമാണ്.[12] മുസ്‌ലിം നിയമ ശാസ്ത്രത്തിന്റെ മൂലാധാരമായ വ്യക്തിപരമായ സ്വാതന്ത്ര്യം, ഉത്തരവാദിത്വം എന്നിവ വിവാഹ ബന്ധത്തിലേക്ക് പോലും സ്വാംശീകരിക്കപ്പെട്ടിരിക്കുന്നു. മുസ്‌ലിം വിവാഹനിയമം ബന്ധത്തിലേർപ്പെടുന്ന കക്ഷികളുടെ മനോവൃത്തിയെ ആശ്രയിച്ചിരിക്കും.[13]

വിശുദ്ധ ഖുർആനിൽ വിവാഹത്തെ ചാരിത്രത്തിന്റെ ഒരു ശക്തി ദുർഗമായിട്ടാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. ഖുർആൻ ഭാര്യയോടും ഭർത്താവിനോടും കർശനമായ ധാർമിക പ്രതിബദ്ധതയും ലൈംഗിക അച്ചടക്കവും നിഷ്ക്കർശിക്കുന്നു. വിവാഹബാഹ്യമായ ലൈംഗി കബന്ധങ്ങളെ യാതൊരു പഴുതുമില്ലാതെ ഖുർആൻ വിലക്കുന്നു, മറ്റുവാക്കുകളിൽ പറഞ്ഞാൽ ലൈംഗികതക്ക് വിവാഹ ബന്ധത്തിലൂടെ മാത്രമേ അനുവാദമുള്ളൂ. അതിനേക്കാളുപരിഖുർആന്റെ എല്ലാ വിധിവിലക്കുകളിലും സമൂഹത്തിലെ അവശരും പാവങ്ങളുമായ ആളുകളോടുള്ള അനുതാപവും സുരക്ഷയും ഒരു രജതസൂത്രം പോലെ കോർക്കപ്പെട്ടതായി കാണപ്പെടുകയും ചെയ്യുന്നു. അങ്ങനെ സമൂഹത്തിന്റെ സാർവത്രിക സമീകരണം എന്ന ലക്ഷ്യം പ്രാപിക്കാൻ സാധിക്കുന്നു.

**ഇസ്‌ലാം–പൂർവ പശ്ചാത്തലം**

ഇസ്‌ലാമിലെ വിവാഹനിയമത്തെ പറ്റി കൂടുതൽ മനസ്സിലാക്കണമെങ്കിൽ ഇസ്‌ലാം–പൂർവ കാലത്തെ വിവാഹനിയമങ്ങളെ പറ്റിയും അവരുടെ ആചാരങ്ങളെ പറ്റിയും അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇസ്‌ലാമിക പൂർവ അറേബ്യയിൽ സ്ത്രീയും പുരുഷനും തമ്മിൽ ചില നിബന്ധനകളിൽ വിവിധ തരത്തിലുള്ള ലൈംഗിക ബന്ധങ്ങൾ സ്ഥാപിച്ചിരുന്നു. നാം ഇന്ന് സാധാരണ കാണുന്ന രീതിയിലുള്ള വിവാഹം വളരെ അപൂർവമായിരുന്നു. അതിന് പകരമായി വ്യഭിചാരം, ജാരസംസർഗം, ബഹുഭർത്തൃത്വം എന്നീ പേരുകളിൽ വിശേഷിപ്പിക്കാവുന്ന രീതിയിലുള്ള ലൈംഗിക സമാഗമങ്ങളായിരുന്നു അവിടെ തഴച്ച് വളർന്നത്. ഇസ്‌ലാമിക പൂർവ കാലഘട്ടങ്ങളിൽ വിവാഹവും ലൈംഗികതയും നിയന്ത്രിച്ചിരുന്നത് മാമൂൽ ആചാരങ്ങളുമായിരുന്നു. ലൈംഗികത നിയന്ത്രിക്കുന്നതിനോ അത്തരം ബന്ധങ്ങളിലുണ്ടാകുന്ന സന്താനങ്ങളുടെ നിയമപരമായ പദവിയെ പറ്റിയോ അവ്യക്തതയും അവ്യവസ്ഥയും നിലനിന്നിരുന്നു. ബഹുഭർത്തൃത്വം, ബഹുഭാര്യത്വം, തട്ടികൊണ്ടുപോയി വിവാഹം കഴിക്കൽ, ജാരസംസർഗങ്ങൾ, താൽക്കാലിക വിവാഹവും തുടർന്നുള്ള വിവാഹ മോചനം ഇതെല്ലാം പുരാതന അറബികളിൽ പൊതുവായി കാണപ്പെട്ടിരുന്നു.[14] ഇസ്‌ലാം

അറേബ്യയിലെ എല്ലാ ആചാരനിയമങ്ങളും റദ്ദാക്കിയില്ല. ഖുർആന്റെയും മുഹമ്മദ് നബി(സ)യുടെ ആജ്ഞകളുമായി സമരസപ്പെടാത്തവയും അല്ലെങ്കിൽ സുവ്യക്തമായയുക്തിതത്ത്വങ്ങൾക്കും മനസ്സാക്ഷിക്കും വിരുദ്ധമായ ആചാരനിയമങ്ങൾ മാത്രമാണ് റദ്ദാക്കപ്പെട്ടത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ മുസ്‌ലിം നിയമങ്ങളിൽ ഖുർആനും ഹദീസും അംഗീകരിച്ച ഇസ്‌ലാമിക പൂർവകാലത്തെ ധാരാളം നിയമങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ ഉൾക്കൊണ്ടിട്ടുണ്ട്.[15] ഏറ്റവും രസകരമായ കാര്യം പുരാതന അറേബ്യൻ ആചാരങ്ങളായിരുന്നു ലൈംഗിക ദ്വന്ദങ്ങളുടെ ബന്ധങ്ങളും വേഴ്ച്ചയും നിയന്ത്രി ച്ചിരുന്നത്.16 ക്രമരഹിതമായ ലൈംഗിക ബന്ധങ്ങൾ ഇസ്‌ലാമിക പൂർവ അറേബ്യയിൽ വളരെ വ്യാപകമായിരുന്നു. അനേകത്വമാർന്നതും വളരെ അയഞ്ഞതുമായ ആൺ പെൺ മിശ്രണവും സംഗമങ്ങളും പുരാതന അറേബ്യയിലെ കീഴ്‌വഴക്കങ്ങളായിരുന്നു. അതിൽ പലതും ആധുനിക കാലഘട്ടത്തിൽ വിവാഹമെന്ന് വിളിക്കാൻ യോഗ്യമല്ല. 'മുത്ത്അ' എന്ന പേരിൽ അറിയപ്പെടുന്ന താൽക്കാലിക വിവാഹം വളരെ വ്യാപകമായിരുന്നു. അറബികൾക്ക് അവരാഗ്രഹിക്കും വിധം വളരെയേറെ ഭാര്യമാരെ ഒരേ സമയം സ്വീകരിക്കാമായിരുന്നു.[17] ഇസ്‌ലാമിക പൂർവ കാലഘട്ടത്തിൽ നാലുവിധത്തിലുള്ള വിവാഹങ്ങളുണ്ടായിരുന്നു. ഹദ്റത്ത് ആയിശ(റ) യുടെ വീക്ഷണ മനുസരിച്ച് 'കശ്ഫുൽ ഖുമ്മ:'[18] എന്ന ഗ്രന്ഥത്തിൽ താഴെ പറയുന്ന നാലുതരം വിവാഹത്തെ കുറിച്ച് പരാമർശിക്കുന്നു.

**1.നികാഹെആം:-** ഈ രീതിയിലുള്ള വിവാഹം ഇസ്‌ലാമിൽ അംഗീകാരമുള്ള വിവാഹമാണ്. ഒരാൾ തന്റെ മകളെയോ മകനെയോ ചോദിച്ചു കൊണ്ട് അപരനെ സമീപിക്കുകയും മഹർ നൽകി വിവാഹം കഴിക്കുകയും ചെയ്യുന്നു. ഇസ്‌ലാം അംഗീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇന്നത്തെ വിവാഹ രീതീ ഇസ്‌ലാമിന് മുമ്പുണ്ടായിരുന്ന ഈ വിവാഹ രീതിയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.

**2. നിക്കാഹെ ഇസ്തബ്സ:-** ഭർത്താവ് തന്റെ ഭാര്യയോട് പ്രമുഖനായ ഒരാളുടെ പേരെടുത്ത് പറഞ്ഞ് അയാളുടെ അടുത്ത് ലൈംഗിക ബന്ധത്തിനായി പോകാൻ ആവശ്യപ്പെടുന്നു. അവൾ അയാളിൽ നിന്ന് ഗർഭിണിയാകുന്നത് വരെ അവനെ അവളുടെ സമൂഹത്തിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യുന്നു. അവളുടെ ഗർഭം വ്യക്തമായതിന് ശേഷം അവൾ അവളുടെ ഭർത്താവിന്റെ അടുത്തേക്ക് തിരിച്ചു വരുന്നു. ഇത്തര ത്തിലുള്ള ലൈംഗിക പ്രവർത്തനം തങ്ങളുടെ കുലത്തിന് ഉന്നത കുലജാതനായ ഒരാളുടെ ബീജത്തിൽ നിന്നും സന്താനത്തെ ലഭിക്കണം എന്ന അഭിലാഷത്തിൽ നിന്നും ആവിർഭവിച്ചതാണ്.

**നിക്കാഹുൽ ജുമാ:-** പത്തിൽ കുറയാത്ത ഒരു കൂട്ടം പുരുഷന്മാർ ഒരു സ്ത്രീയെ ലൈംഗിക ബന്ധത്തിനായി സമീപിക്കുന്നു. അവൾ ഗർഭിണിയായി ഒരുകുട്ടിയെ പ്രസവിച്ചെങ്കിൽ അവൾക്ക് അവരെയെല്ലാവരെയും വിളിച്ചുവരുത്താൻ അവകാശമുണ്ട്. അവരാകട്ടെ അവളുടെ അരികെ വരാൻ ബാദ്ധ്യസ്ഥരുമാണ്. സ്ത്രീ അവരെ അഭിസംബോധന ചെയ്ത്കൊണ്ട്, 'നിങ്ങൾ അറിയുമോ എന്താണ് സംഭവിച്ചതെന്ന്, ഞാൻ ഇപ്പോൾ ഇന്നയാളുടെ ഒരു സന്താനത്തിന്ന് ജന്മം നൽകിയിരിക്കുന്നു. (അവൾ തിരഞ്ഞെടുക്കുന്നയാളുടെ പേർ പറയുന്നു). ഇത് നിങ്ങളുടെ സന്താനമാണ്.' അങ്ങനെ ആ കുഞ്ഞിന്റെ പിതൃത്വം അയാളിൽ ആരോപിക്കപ്പെടുന്നു. അയാൾക്ക് കുഞ്ഞിന്റെ പിതൃത്വം നിഷേധിക്കാൻ അനുവാദമുണ്ടായിരുന്നില്ല.

**നിക്കാഹെ ബഗായ:-** കുറെ ആളുകൾ വ്യഭിചാരത്തിനായി ഒരു സ്ത്രീയെസമീപിക്കുന്നു. ആചാരപരമായി ആരുമായുമുള്ള ലൈംഗികബന്ധവും നിരാകരിക്കാൻ അവൾക്ക് അനുവാദമില്ല. വ്യഭിചാരിണികളായ അവർ തങ്ങളുടെ തൊഴിലിന്റെ ചിഹ്നം എന്ന നിലക്ക് ആളുകളെ ക്ഷണിക്കാൻ അവരുടെ കൂടാരത്തിന്റെ കവാടത്തിന് മുമ്പിൽ ഒരു കൊടിനാട്ടിയിട്ടുണ്ടായിരിക്കും. ഇത്തരത്തിൽ പെട്ട ഏതെങ്കിലുമൊരു സ്ത്രീ ഗർഭിണിയായി പ്രസവിച്ചാൽ അവളെ സമീപിച്ചിരുന്നവരെല്ലാം ഒത്തു കൂടുന്നു. പിന്നീട് മുഖലക്ഷണ ശാസ്ത്രജ്ഞന്മാർ കുഞ്ഞ് ആരുടെതാണെന്ന് തീരുമാനിക്കുന്നു.

മേൽ പറഞ്ഞ പുരാതന അറബി വിവാഹ സമ്പ്രദായങ്ങളിൽ മുകളിൽ പറഞ്ഞ ഒന്നൊഴികെ ബാക്കി മൂന്ന് ബന്ധങ്ങളെയും വിവാഹമെന്ന് വിളിക്കാൻ സാദ്ധ്യമല്ല. അവ നിയമ വിധേയമായ വ്യഭിചാരമായിക്കണക്കാക്കാവുന്നതോ ആചാരപരമായി അംഗീകരിക്കപ്പെട്ട ക്രമരഹിതമായ ലൈംഗിക പെരുമാറ്റങ്ങളോ ആണെന്ന് വിളിക്കുന്നതാണ് കൂടുതൽ ഉചിതം. രണ്ടാമത് പറഞ്ഞ സ്ത്രീപുരുഷ ബന്ധം ഏറേക്കുറെ പുരാതന ഹിന്ദു ആചാരമായ 'നിയോഗം' എന്ന വിവാഹ സമ്പ്രദായത്തോട് സാമ്യമുള്ളതാണ്. ഇമാം ബുഖാരിയും ഇസ്‌ലാം പൂർവ അറേബ്യയിൽ പലവിധത്തിലുള്ള ലൈംഗിക ബന്ധങ്ങൾ നിലനിന്നിരുന്നതായി വിവരിക്കുന്നുണ്ട്. അതിൽ ചിലത് ഇവിടെ പരാമർശിക്കുന്നത് കൗതുകകരമായിരിക്കും.[19]

1.**നിക്കാഹെ ഖദാൻ:-** ഈ വിവാഹ ബന്ധം മറച്ചുവെക്കപ്പെടുന്നു. അഭ്യർഥിക്കപ്പെടുന്നതനുസരിച്ച് അങ്ങനെ മറച്ചുവെക്കുന്നതിൽ യാതൊരു തെറ്റുമുണ്ടായിരുന്നില്ല. അതേസമയം തുറന്ന രീതിയിലുള്ള വിവാഹം മംഗളസൂചകമായി കരുതപ്പെട്ടിരുന്നുമില്ല.

2.**നിക്കാഹെ ബദൽ:-** ഒരാൾ 'അപരന്റെ ഭാര്യയെ തനിക്കു നൽകണമെന്നും പകരം എന്റെ ഭാര്യയെ താങ്കൾക്ക് തരാം' എന്ന് പറഞ്ഞ് ഭാര്യമാരെ പരസ്പരം കൈമാറുന്ന രീതിയാണിത്.

3.**നിക്കാഹെ ബിലൂം:-** ഈ സമ്പ്രദായത്തിൽ ഒരാൾക്ക് തന്റെ

മാതാവൊഴികെ പിതാവിന് സ്വന്ത മായുണ്ടായിരുന്ന ഭാര്യമാരെ ദായ ക്രമത്തിൽ ലഭിച്ച സ്വത്ത് പോലെ സ്വന്തമായി ലഭിക്കുന്നതാണ്.

4. **നിക്കാഹെ ബൈനൽ ഉഖ്തൈൻ:–** ഈ സമ്പ്രദായത്തിൽ രണ്ട് സഹോദരിമാരെ ഒരേ സമയം ഒരാൾക്ക് ഭാര്യമാരായി സ്വീകരിക്കാവുന്നതാണ്.

5 **കസ്റത്തെ ഇസ്തവ:–**ഈ വിവാഹ സമ്പ്രദായത്തിൽ ഒരാൾക്ക് ഭാര്യമാർ എത്രയാകാം എന്നതിൽ യാതൊരു നിയന്ത്രണവുമില്ല. ആചാര സാധുതയുണ്ടായിരുന്ന അനിയന്ത്രിതമായ ബഹുഭാര്യത്വമാണിത്.

6.**മുത്ത്അ വിവാഹം:–** ഇസ്ലാമിക പൂർവകാലത്തെ നാട്ടുനടപ്പായിരുന്നു മുത്ത്അ വിവാഹം. തികച്ചും ആവശ്യത്തെ മുൻ നിർത്തിയുള്ള ഒരു കരാറായിരുന്നു മുത്ത്അ വിവാഹം.

7**അനാഥ പെൺകുട്ടികളുമായുള്ള വിവാഹം:–** അനാഥകുട്ടികളുടെ രക്ഷിതാക്കന്മാർക്ക് അവരുടെ ഇഷ്ടാനിഷ്ടങ്ങൾ വകവെക്കാതെ ആരുമായും വിവാഹം കഴിപ്പിക്കാനും അവരുടെ സ്വത്ത് അപഹരിക്കാനും പരിധിയില്ലാത്ത അധികാരമുണ്ടായിരുന്നു.

8 **അടിമകളായ വെപ്പാട്ടികൾ:–** എത്രയെങ്കിലും അടിമ സ്ത്രീകളെ കിടപ്പറപങ്കാളികളായി സ്വീകരിക്കാൻ അനുവാദമുണ്ടായിരുന്നു.

9. **കവർന്നെടുത്തു കൊണ്ടുള്ള വിവാഹം:–** തട്ടിയെടുത്തു കൊണ്ടുപോയുള്ള വിവാഹം അറബികൾക്കിടയിൽ സർവ സാധാരണമായിരുന്നു. ഈ സമ്പ്രദായത്തിൽ പുരുഷൻ സ്ത്രീയുടെ മുടി തന്റെ കുന്തം കൊണ്ട് പകുക്കുന്നു. പിന്നീട് അവളെ ബലാൽ പിടിച്ചു കൊണ്ടുപോകുന്നു. വാസ്തവ ത്തിൽ ഇങ്ങനെ കന്യകമാരെ ബലാൽ കവർന്നെടുത്ത് കൊണ്ടു പോകുന്നതിൽ അറബികൾ അഭിമാനിച്ചിരുന്നു. ഇസ്ലാമിൽ സ്ത്രീകളുടെ പദവിയെ പറ്റി ചർച്ച ചെയ്യുമ്പോൾ ലെവി റൂബൻ കവർന്നെടുത്തു കൊണ്ടുപോയുള്ള വിവാഹത്തെ പറ്റി വളരെ കൗതുകമായ വിവരണം നൽകുന്നുണ്ട്. ഈ സമ്പ്രദായം പ്രവാചകന്റെ കാലത്ത് വളരെ വ്യാപകമായിരുന്നുവെന്ന് ലെവി റൂബൻ പറയുന്നു. ഒരു സ്ത്രീയെ അധീനപ്പെടുത്തിക്കഴിഞ്ഞാൽ പോലും വളരെ പരിഗണനയോടെയും ആദരവോടെയുമായിരുന്നു അവളോട് പെരുമാറിയിരുന്നത്. അങ്ങനെ ബലാൽ അധീനപ്പെടുത്തിയ സ്ത്രീയുടെ സ്ഥാനം ജംഗമ സ്വത്ത് എന്ന നിലയിലേക്ക് പരിമിതപ്പെടുമായിരുന്നു. കവർന്നെടുത്ത സ്ത്രീ അവൾ ഏതൊരു ഗോത്രത്തിൽ പെട്ടവളായാലും അവളും അവളുടെ സന്താനങ്ങളും അവളെ അധീനപ്പെടുത്തിയ ഗോത്രത്തിന്റെ തായിമാറും. അവളെ പൊതു കമ്പോളത്തിൽ വിൽക്കാനുള്ള അനുവാദമുണ്ടായിരുന്നില്ല, എന്നതൊഴികെ അവളുടെ മേലുള്ള സകല അധികാരങ്ങളും അവളെ കവർന്നെടുത്തയാളിൽ നിക്ഷിപ്തമായിരുന്നു. യഥാർഥത്തിൽ അവൾക്ക് ഒരു ജംഗമ സ്വത്തിനെക്കാൾ യാതൊരു വിലയും ഉണ്ടായിരുന്നില്ല.

10:–**വിൽപ്പനക്ക് വാങ്ങിയുള്ള വിവാഹം:–** വിൽപ്പനക്ക് വാങ്ങിയുള്ള വിവാഹം ഇസ്ലാമിക പൂർവ അറേബ്യയിൽ വളരെ പ്രചാരത്തിലുണ്ടായിരുന്നു. ഇവിടെ വരൻ അയാൾ വിവാഹം കഴിക്കാനാഗ്രഹിക്കുന്ന സ്ത്രീയുടെ പിതാവിനോ സഹോദരനോ അടുത്ത ബന്ധുവിനോ മഹർ എന്നറിയപ്പെടുന്ന ഒരു സംഖ്യ നൽകുകയും സദ്ഖ് എന്ന പേരിലുള്ള മറ്റൊരു സംഖ്യ വധുവിന് നൽകുകയും ചെയ്യുന്നു. കൃത്യമായി ഒരു സംഖ്യ നിജപ്പെടുത്തിയിരുന്നില്ല. പക്ഷേ പ്രതിശ്രുത വധൂ ശൂരനായ ഒരു യോദ്ധാവിന്റെ വീരമാതാവ് ആകാനുള്ള യോഗ്യതക്കനുസൃതമായി മഹർ സംഖ്യ വളരെ അധികമാവാനുള്ള സാദ്ധ്യതയുണ്ടായിരുന്നു.

ഇസ്ലാമിന്റെ ആവിർഭാവത്തിന് മുമ്പ് അറബി അംഗന ഒരിക്കലും സ്വതന്ത്ര പൗരയായിരുന്നില്ല. അവളുടെ സമ്മതത്തിന് യാതൊരു വിലയും കൽപ്പിച്ചിരുന്നില്ല. അവൾക്ക് സ്വതന്ത്രയായി വിവാഹകരാറിൽ ഏർപ്പെടാനുള്ള സ്വാതന്ത്ര്യ വുമുണ്ടായിരുന്നില്ല. സ്ത്രീ, അവൾ പ്രായമുള്ളവളോ യുവതിയോ വിധവയോ കന്യകയോ ആരുമായിക്കൊള്ളട്ടെ ആരെയെങ്കിലും തിരഞ്ഞെടുത്ത് അവളെ ഭർത്തൃമതിയാക്കുക എന്നത് അവളുടെ പിതാവിന്റെയോ സഹോദരന്റെയോ അല്ലെങ്കിൽ ഏതെങ്കിലും പുരുഷ രക്ഷിതാവിന്റെയോ അവകാശമായിരുന്നു. അവളുടെ അനുവാദം അവിടെ യാതൊരു നിലക്കും പരിഗണിക്കപ്പെട്ടിരുന്നില്ല.[20] മേൽ പറഞ്ഞ ആചാരങ്ങളെയെല്ലാം വിശുദ്ധ ഖുർആനും പ്രവാചകന്റെ ആജ്ഞകളും പൂർണമായും റദ്ദ് ചെയ്യുകയും സ്ത്രീ ആർജിതമാക്കേണ്ട ഒരു വസ്തുവാണെന്ന ആശയ ങ്ങളിൽ സമൂല പരിവർത്തനം വരുത്തുകയുമുണ്ടായി. വിവാഹം എന്നത് വിവാഹമൂല്യം നിശ്ചയിച്ചു കൊണ്ട് ഒരു കാർമികത്വത്തിലൂടെ നടപ്പാക്കേണ്ട ഒരു സമ്പ്രദായമാക്കി മാറ്റി. വിവാഹത്തിലെ എല്ലാ ദുരാചാരങ്ങളും വിപാടനം ചെയ്തുകൊണ്ട് അതിനെ ശുദ്ധീകരിക്കുകയും പരിഷ്ക്കരിക്കുകയും ചെയ്തു. അങ്ങനെ ഇസ്ലാമിൽ അംഗീകൃതവും സുസ്ഥാപിതവുമായ ഒരു വിവാഹ സമ്പ്രദായം ആവിഷ്കൃതമായി. (തുടരും)

REFERENCE

11 *Benjemin v. Benjemin*, ILR 50 Bombay 359. 12 Thanzeem Fathima, *Islamic Law and Judiciary* 31 (Deep&Deep, New Delhi, 2001). 13 Supra note 10 at p.21., 14 Supra note 4 at p.5., 15 Abdur Rahim, *The Principles of Muhammedan Junisprudence* 1-2 (Tagore Law Lectures, 1907, Madras, 1911)., 16 A.A.A Fyzee, *Outlines of Muhammadan Law* 7 (Oxford University Press, New Delhi, 4th, edn., 1974)., 17 Kashful Ghamma, Vol II, 54 – 56 cited by Noor Ephroz Khan, *Women and Law – Muslim, Personal Law Perspective* 26 (Rawat Publication, Jaipur, 2003)., 18 *Id.* at 26-7., 19 Imam Bukkhari, Sahib Al-Bukhari (translated by Mohd. Mohsin Khan) Vol.III, Book of Nikah, 1-217 (New Delhi,1984) cited by Noor Ephroz Khan, Women and Law – Muslim Personal, Law Perspective 28-9 (Rawat Publication, Jaipur, 2003)., 20 *Supra* note 15 at p.9., 21 Tahir Mahmood, *The Muslim Law of India 48* (Butterworths, New Delhi, 3rd edn., 2002).

കുറിപ്പുകൾ

# പാകിസ്താനിലെ ക്രിസ്ത്യൻ പീഡനം

മുസാഫിർ



**സെ**പ്റ്റംബർ 22 ഞായറാഴ്ച പാകിസ്താനിലെ പെഷവാറിൽ ക്രിസ്ത്യൻ പള്ളിക്ക് നേരെയുണ്ടായ ചാവേർ ബോംബാക്രമണത്തിൽ 83 പേർ മരണമടഞ്ഞു. രക്തദാഹികളായ നരാധമന്മാർ നടത്തിയ അങ്ങേയറ്റം ഹീനവും ഭീകരവുമായ ഈ ആക്രമണത്തെ എല്ലാ വേദനയോടും കൂടി കഠിനമായി അപലപിക്കുന്നു. 18 കോടിയിലധികം ജനസംഖ്യയുള്ള പാകിസ്താനിൽ 25 ലക്ഷം മാത്രമാണ് ക്രിസ്ത്യൻ ജനസംഖ്യ. വൻമുസ്‌ലിം ഭൂരിപക്ഷത്തിന് നടുവിൽ ഏകദേശം ഒന്നര ശതമാനം വരുന്ന ന്യൂനാൽ ന്യൂനപക്ഷമായ ഒരു കൊച്ചുക്രൈസ്തവ സമൂഹം! അവരെയാണ് കശ്മലന്മാരായ മുസ്‌ലിം നാമധാരികളായ തീവ്രവാദികൾ കൂട്ടക്കൊലക്ക് വിധേയമാക്കിയിരിക്കുന്നത്. റസൂൽ തിരുമേനി(സ) ക്രിസ്ത്യാനികളെ സ്നേഹാദരങ്ങളോടെ സ്വന്തം ആരാധനാലയത്തിൽ പ്രാർഥിക്കാനും സ്നേഹ സംവാദം നടത്താനും വിളിച്ചെങ്കിൽ പാകിസ്താനിൽ ഇസ്‌ലാമിന്റെ പേരിൽ തീവ്രവാദികളായ മത പണ്ഡിതന്മാർ നയിക്കുന്ന ഭീകര സംഘങ്ങൾ സ്വന്തം നാട്ടിൽ ജീവിക്കുന്ന നിസ്സഹായരായ ക്രിസ്ത്യൻ ന്യൂനപക്ഷത്തെ കൊന്നൊടുക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാം മതത്തെ എത്രമാത്രം ലോകത്തിന് മുമ്പിൽ വികൃതമാക്കാൻ കഴിയും എന്ന പരിശ്രമത്തിലും പരീക്ഷണത്തിലുമാണ് ഈ മതതീവ്ര വാദികൾ ഏർപ്പെട്ടിരിക്കുന്നത്.

ബ്രിട്ടീഷുകാരുടെ കാലത്ത് ദളിത വിഭാഗത്തിൽപ്പെട്ട ഹിന്ദുക്കളിൽനിന്ന് മതപരിവർത്തനം ചെയ്തവരാണ് പാകിസ്താനിലെ ക്രിസ്ത്യാനികൾ. അവർ ഇന്നും വളരെ പിന്നോക്കാവസ്ഥയിലും പരമ ദാരിദ്ര്യത്തിലുമാണ് പാകിസ്താനിൽ കഴിയുന്നത്. മിക്കക്രിസ്ത്യാനികളും പാകിസ്താനിലെ സിന്ധ് പ്രവിശ്യാ തലസ്ഥാനമായ കറാച്ചിയിലും പഞ്ചാബ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും ലാഹോറിലുമാണ് ജീവിക്കുന്നത്. പാകിസ്താനിലെ ഏറ്റവും അപകടം പിടിച്ച പ്രദേശമായ വടക്ക് കിഴക്കൻ മേഖലയിലെ ഖൈബർ പക്തൂൺഖവയിലെ പെഷവാറിലും കുറച്ച് ക്രിസ്ത്യാനികളുണ്ട്. ഇപ്പോൾ ചാവേറാക്രമണം നടന്ന ഓൾ സെയ്ന്റ് ചർച്ച് ഉള്ളത് അവിടെയാണ്. ഇവിടെ എഴുപതിനായിരം ക്രിസ്ത്യാനികളാണുള്ളത്.

ഇന്ത്യയുടെ ഇരട്ടസഹോദരിമാരിലൊരാളാണ് പാകിസ്താൻ. അർധരാത്രിയിൽ നമുക്ക് ലഭിച്ച സ്വാതന്ത്ര്യം ഈ ഉപഭൂഖണ്ഡത്തിലെ മതത്തിന്റെ പേരിലുള്ള മനുഷ്യക്കുരുതിയുടെ കാളരാത്രി കൂടിയായിരുന്നു. വിഭജനത്തോടൊപ്പം ഗംഗക്കും സിന്ധുവിനും സമാന്തരമായൊഴുകിയ വർഗീയതയുടെ ചോരപ്പുഴ ഇരു രാജ്യത്തുമുള്ള മനുഷ്യ സ്നേഹികളെ ദുഃഖിതരാക്കി. ഭീകരത താണ്ഡവമാടിയ ആ നാളുകളിൽ പാകിസ്താന്റെ സ്ഥാപകനായ ഖായിദെ അഅ്സം മുഹമ്മദലി ജിന്ന ഭരണഘടനാ നിർമാണ സമിതിയിൽ ചെയ്ത കന്നി പ്രസംഗം കൂരിരുളിലെ പ്രതീക്ഷയുടെ വെളിച്ചമായിരുന്നു. പാകിസ്താനിലെ എല്ലാ മതസ്ഥർക്കും മതസ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവും അദ്ദേഹം വാഗ്ദാനം ചെയ്യുകയുണ്ടായി. യാതൊരു വിട്ടുവീഴ്ചയുമില്ലാതെ മത സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുമെന്ന് അസന്ദിഗ്ദമായ ഭാഷയിൽ പാകിസ്താനിൽ വെച്ച് അദ്ദേഹം നടത്തിയ ഈ പ്രഖ്യാപനം സ്വാതന്ത്ര്യ പ്രേമികളെ ആവേശം കൊള്ളിക്കുന്നതായിരുന്നു. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ മിതവാദ രാഷ്ട്രീയത്തിന്റെ ആചാര്യനായിരുന്ന ഗോപാലകൃഷ്ണ ഗോഖലയുടെ പ്രിയശിഷ്യന്റെ മനസ്സാക്ഷിയുടെ ശബ്ദമായിരുന്നു ലോകം ശ്രവിച്ചത്. പാകിസ്താൻ രൂപീകരണം കഴിഞ്ഞ് അധികം കഴിയുന്നതിന് മുമ്പ് രോഗാതുരനായഖായിദെ അഅ്സംലോകത്തോടു വിടപറഞ്ഞു. പിന്നെ പാകിസ്താന്റെ വ്യതിയാന ഭ്രംശങ്ങൾ

മതഭ്രാന്തിന്റെ ഹീന മാർഗങ്ങളിലേക്കായിരുന്നു. രാഷ്ട്രീയ ഭാഗ്യാന്വേഷിയും സ്വാർഥനുമായ ദുൽഫുഖാർ അലി ഭൂട്ടോയുടെ കാലത്ത് പാകിസ്താൻ രാഷ്ട്രീയത്തിലേക്ക് കൈപിടിച്ചുകയറ്റിയമുല്ലായിസം എന്ന ദുർഭൂതം ഇസ്ലാമിക മതമൗലിക വാദത്തിന്റെ പുരസ്കർത്താവായിരുന്ന പട്ടാള സ്വേച്ഛാധിപതി സിയാവുൽ ഹഖിന്റെ കാലത്തെത്തിയപ്പോൾ പാകിസ്താനെയാകമാനം ഗ്രസിച്ച മഹാവ്യാളിയായി മാറിയിരുന്നു. അതോടെ പാകിസ്താൻ ഈ മതദുർ ഭൂതത്തിന്റെ ഇരുട്ടു കോട്ടയായി മാറിക്കഴിഞ്ഞു. സ്വാതന്ത്ര്യവും ന്യൂനപക്ഷാവകാശങ്ങളും പാകിസ്താന് അന്യമായി. മതന്യൂന പക്ഷങ്ങളും ശിയാക്കളും അഹ്മദികളും ഏറ്റവും അരക്ഷിതരായി ജീവിക്കുന്ന പാകിസ്താനിൽ പിന്നീട് നാം കാണുന്നത് മതഭീകരവാദത്തിന്റെ കടിഞ്ഞാണില്ലാത്ത തേർവാഴ്ച്ചയാണ്. ഇന്ന് പാകിസ്താൻ ലോകത്തിലെ ഏറ്റവും അപകടം പിടിച്ചനാടാണ്. ദിനേന നടക്കുന്ന ബോംബ് സ്ഫോടനങ്ങളും കൊലപാതകങ്ങളും ആ നാടിനെ സംബന്ധിച്ച കുറ്റപത്രത്തിന്റെ സാക്ഷ്യ മുദ്രകളാണ്. ന്യൂനപക്ഷങ്ങളുടെയും പ്രാന്തവത്ക്കരിക്കപ്പെട്ട മത സമൂഹങ്ങളുടെയും നേരെ നടക്കുന്ന അറ്റമില്ലാത്ത മതസ്വാത ന്ത്ര്യധ്വംസനങ്ങൾക്കെതിരെ അന്താരാഷ്ട്രാ സമൂഹത്തിന്റെ നിരന്തര വിമർശനം ഏറ്റുവാങ്ങുന്ന നാടായി പാകിസ്താൻ മാറി. അതിലേറ്റവും പുതിയതും വേദനാ ജനകവുമായ സംഭവമാണ് അവിടുത്തെ ക്രിസ്ത്യൻ പള്ളിയിലെ ബോംബ് സ്ഫോടനം. പാകിസ്താനിലെ തീവ്രവാദവും ഭീകര പ്രവർത്തവനവും ഒരു ആകസ്മിക സംഭവമോ പെട്ടെന്നുണ്ടാകുന്ന സാമൂഹിക ക്ഷോഭമോ അല്ല. ഇസ്ലാമിന്റെ വ്യാജരൂപത്തിൽ പ്രത്യക്ഷപ്പെട്ട നരാധമത്വത്തിന്റേയും മതഭ്രാന്തിന്റേയും തമോമയമായ ദുരാത്മാവ് ആവേശിച്ച ഒരു ഐഡി യോളജിയുടെ ഉത്തേജിത വീര്യങ്ങളാണ് അവിടെ ഇടക്കിടെ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നത്.

പാകിസ്താനിൽ മത തീവ്രവാദത്തിന് അനുകൂലമായി ഭരണഘടനയും നിയമങ്ങളും ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു. സിയാഉൽ ഹഖ് അടിത്തറയിട്ട ഈ മതമൗലിക സാമ്രാജ്യത്തിലാണ് മതതീവ്രവാദവും ഭീകരപ്രവർത്തനങ്ങളും തഴച്ചു വളരുന്നത്. അതിലൊന്നാണ് കുപ്രസിദ്ധമായ മതനിന്ദാ നിയമം. ഈ നിയമം മുഖേന നിരവധി ക്രിസ്ത്യാനികൾ അകാരണമായി പാകിസ്താനിൽ പീഡിപ്പിക്കപ്പെടുന്നു. ജനറൽ സിയാഉൽ ഹഖ് 1982 ൽ ഒരു ഓർഡിനൻസിലൂടെ കൊണ്ടു വന്ന ഈ നിയമത്തിലെ ആർട്ടിക്കിൾ 295–സി പ്രകാരം മതനിന്ദക്കെതിരെയുള്ള നിയമം ഇങ്ങനെയാണ്: *'വാക്കു കൊണ്ടോ എഴുത്തു കൊണ്ടോ പ്രവൃത്തികൊണ്ടോ ദൃശ്യ പ്രതീകങ്ങൾ കൊണ്ടോ വ്യംഗമായോ പ്രകടമായോ പ്രത്യക്ഷമായോ പരോക്ഷമായോ മുഹമ്മദ്(സ) നബിയെ നിന്ദിക്കുന്നയാൾക്ക് ജയിൽ ശിക്ഷയും ജീവപര്യന്തം ശിക്ഷയും ലഭിക്കുന്നതായിരിക്കും'* വിശുദ്ധ ഖുർആനെതിരെയുള്ള നിന്ദയെ ചെറുക്കാനുള്ള നിയമം ആർട്ടിക്കിൾ 295 സി. ഇപ്രകാരമാണ്. *'ഒരാൾ വിശുദ്ധ ഖുർആനെയോ അതിൽ നിന്നുള്ള പാഠഭാഗങ്ങളെയോ ബോധപൂർവം നിന്ദിക്കുകയോ കളങ്കപ്പെടുത്തുകയോ നിയമ വിരുദ്ധ മാർഗങ്ങൾക്കായി ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ജീവപര്യന്തം ശിക്ഷ ലഭിക്കുന്നതായിരിക്കും.* പ്രസ്തുത നിയമം മതതീവ്ര വാദികളെ തൃപ്തിപ്പെടുത്തിയില്ല. സിയാഉൽ ഹഖ് തന്നെ സ്ഥാപിച്ച ഫെഡറൽ ശരീയ കോടതി മത നിന്ദക്ക് വധശിക്ഷ തന്നെനടപ്പാക്കണം എന്ന ഭേദഗതി വരുത്തുകയുണ്ടായി. അതിൽ റസൂൽ തിരുമേനി(സ) യെ നിന്ദിക്കുന്ന മതനിന്ദാ നിയമത്തിന്റെ ക്രിമിനൽ പ്രൊസിജിയർ കോഡ് 298 സി യിലാണ് വധശിക്ഷ കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്തത്.

ഈ നിയമം തികച്ചും ഇസ്ലാമിക വിരുദ്ധമാണ്. കാരണം ഒന്നാമതായി ഈ നിയമം പൂർണമായും പക്ഷപാതപരമാണ്. മുസ്ലിംകളുടെ മതവികാരത്തിന് ലഭിക്കുന്ന പരിരക്ഷന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്കോ ഹിന്ദുക്കൾക്കോ സിഖുകാർക്കോ അമുസ്ലിംകളെന്ന് പാകിസ്താനിലെ മുല്ലായിസം മുദ്രകുത്തിയ അഹ്മദികൾക്കോ ലഭിക്കുന്നില്ല. 1927 ലെ ബ്രിട്ടീഷുകാരുടെ മതനിന്ദാ നിയമമാണ് മറ്റു മതസ്ഥർക്ക് വേണ്ടി വ്യവസ്ഥ ചെയ്തിട്ടുള്ളത്. സെക്കുലർ സ്വഭാവമുള്ള ആ പൊതുനിയമം അനുശാസിക്കുന്നത്: *'ഒരാൾ കരുതിക്കൂട്ടിയോ ബോധപൂർവമോ പാകിസ്താൻ പൗരന്റെ മതവികാര ത്തെ വാക്കുകൊണ്ടോ എഴുത്തു കൊണ്ടോ ദൃശ്യപ്രതീകങ്ങൾക്കൊ ണ്ടോ വ്രണപ്പെടുത്തുന്നതായാൽ രണ്ടു കൊല്ലം വരെ തടവോ പിഴ യോടു കൂടിയ തടവോലഭിക്കുന്നതാണ്.* മുസ്ലിംകളുടെയും അമുസ്ലിം കളായ പാക്ക് പൗരന്മാ രുടെയും മതനിന്ദാ നിയമത്തിലെ പക്ഷപാതിത്വം ഇവിടെ വളരെ പ്രകടമാണ്. മുസ്ലിംകളുടെ മതവികാരം വ്രണപ്പെട്ടാൽ വധശിക്ഷയും മറ്റുള്ളവരുടെ മതവികാരം വ്രണപ്പെട്ടാൽ രണ്ട് കൊല്ലത്തെ ലഘു ശിക്ഷയും! അഹ്മദികൾ പ്രവാചകനായി ആദരിക്കുന്ന ഹദ്റത്ത് അഹ്മദി(അ)നെതിരെ എന്ത് വ്യാജവും വൃത്തികേടുകളും നിന്ദാ രൂപത്തിൽ പ്രചരിപ്പിക്കുന്നതും കള്ളം പറയുന്നതും പുണ്യം ലഭിക്കുന്ന കാര്യമാണെന്ന് മുല്ലമാർ കരുതുകയും ചെയ്യുന്നു. ആരോടും പ്രീണനമില്ലാതെ നീതി മുറുകെ പിടിക്കണമെന്ന് പഠിപ്പിച്ച വിശുദ്ധ ഖുർആന്റെ സുവർണ തത്ത്വമെവിടെ മുല്ലായിസത്തിന്റെ സ്വജനപക്ഷപാതവും കുടിലത നിറഞ്ഞ സങ്കുചിതത്വവുമെവിടെ! ഖുർആൻ പറയുന്നു:

**ജനങ്ങൾക്കിടയിൽ വിധി നടത്തുമ്പോൾ നിങ്ങൾ നീതി പൂർവംവിധിനടത്തുവീൻ. അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നത് എത്ര മഹത്തരം' (4:59)** തുല്യ നീതിയുടെ

തത്ത്വങ്ങൾ ആവിഷ്ക്കരിച്ച ഖുർആന്റെ മഹത്തായ ഒരു വചനം ഇങ്ങനെയാണ്. '**മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരെക്കൊണ്ട് ആക്രമണത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂത പള്ളികളും മുസ്‌ലിം പള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു' (22: 41)** ഈ വചനത്തിൽ എല്ലാമതസ്ഥരുടെയും ആരാധനാലയങ്ങൾ പവിത്രമാണെന്നും അത് സംരക്ഷിക്കാൻ ഒരു മുസ്‌ലിം ഭരണകൂടത്തിന് ബാദ്ധ്യതയുണ്ടെന്നും വ്യക്തമായി പറയുന്നു. ഈ ഖുർആൻ വചനത്തിൽ സംരക്ഷിക്കപ്പെടേണ്ട ആരാധനാലയങ്ങളിൽ ഏറ്റവും അവസാനത്തെതാണ് മുസ്‌ലിം പള്ളി എന്നതും ശ്രദ്ധേയമാണ്. അത്തരത്തിൽ മുസ്‌ലിംകൾ സംരക്ഷണം നൽകേണ്ട ഒരു ക്രിസ്ത്യൻ പള്ളിയാണ് തകർക്കുകയും അതിൽ ആരാധിച്ചിരുന്ന ഭക്തരെ കൂട്ടകൊലക്ക് വിധേയമാക്കുകയും ചെയ്തിരിക്കുന്നത്. മുസ്‌ലിം വികാരം വ്രണപ്പെട്ടാൽ വധശിക്ഷയും അമുസ്‌ലിമിന്റെ വികാരം വ്രണപ്പെട്ടാൽ ലഘു ശിക്ഷയും എന്നത് ഇരട്ടത്താപ്പല്ലേ? മതത്തിന്റ പേരിലുള്ള ഇത്തരം നീതിരഹിതമായ സമീപനത്തെയാണ് മുല്ലായിസം എന്ന് വിളിക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നത് കാണുക; '**ഓ വിശ്വാസികളെ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വെറുപ്പ് അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ.അത് ദൈവ ഭക്തിയുമായി ഏറ്റവും അടുത്തതാണ്.' (5:9)**

വിശുദ്ധ ഖുർആനിലുടനീളം പരിശോധിച്ചാലും മത നിന്ദക്ക് യാതൊരു വിധ ശിക്ഷയും വ്യവസ്ഥ ചെയ്തതായി കാണാൻ സാദ്ധ്യമല്ല എന്നതാണ് വാസ്തവം. മതനിന്ദയുണ്ടായാൽ അവിടെനിന്ന് അകന്ന് നിൽക്കാൻ മാത്രമാണ് ഖുർആന്റെ കൽപ്പന. '**നമ്മുടെ ദൃഷ്ടാന്തങ്ങളെ സംബന്ധിച്ച് (വിമർശിച്ച് കൊണ്ട്) വ്യർഥ ഭാഷണം നടത്തുന്നവരെ കണ്ടാൽ അവർ മറ്റൊരു വർത്തമാനത്തിൽ പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്ന് മാറി നിൽക്കുക. പിശാച് വല്ലപ്പോഴും നിനക്ക് മറവി വരുത്തുന്നതായാൽ ഓർമയായതിന് ശേഷം അധർമകാരികളോടൊപ്പം നീ ഇരിക്കരുത്' (6: 69)** ഈ ഖുർആൻ വചനത്തിൽ മതനിന്ദക്ക് യാതൊരു ശിക്ഷയും ഖുർആൻ ശുപാർശ ചെയ്യുന്നില്ല. മതനിന്ദ നടത്തുന്ന വരോടൊപ്പം നീ ഇരിക്കരുത് എന്ന അധ്യാപനം മാത്രമാണ് ഖുർആൻ ഇവിടെ നൽകുന്നത്. ഇത് ശാശ്വതമായൊരു ബന്ധവിച്ഛേദമല്ല. അവർ മറ്റൊരുവർത്തമാനത്തിൽ പ്രവേശിച്ചാൽ അവരോടൊപ്പം ചേരാവുന്നതാണ് എന്നും ഖുർആൻ പറയുന്നു. ഖുർആന്റെ അധ്യാപനമെവിടെ മുല്ലമാരുടെ അസഹിഷ്ണുതയും ഭീകര പ്രവർത്തനവുമെവിടെ?

മതനിന്ദ ആരോപിച്ച് പാകിസ്താനിലെ പഞ്ചാബിൽ ആസിയാ ബീബി എന്ന ഒരു ക്രിസ്തീയ വനിതക്കെതിരെ 2009 ൽ ഒരു കേസ് ഫയൽ ചെയ്തിരുന്നു. ഗ്രാമീണ സ്ത്രീകൾ തമ്മിലുണ്ടായ നിസ്സാര വഴക്കാണ് കേസിന് കാരണം. ആസിയാ ബീബി എന്ന ഈ ക്രിസ്തീയ സ്ത്രീ തൊട്ട ഗ്ലാസിൽ വെള്ളം കുടിക്കാൻ രണ്ട് മുസ്‌ലിം സ്ത്രീകൾ വിസ്സമ്മതിച്ചതിനെ തുടർന്നുണ്ടായ വാക്കേറ്റത്തിൽ ആസിയാ ബീബി റസൂൽ തിരുമേനി(സ)യെ നിന്ദിച്ചു സംസാരിച്ചു എന്ന ആരോപണമുണ്ടായി. സെഷൻസ് കോടതി കേസെടുത്ത് ആസിയ ബീബിക്ക് വധശിക്ഷ വിധിക്കുകയുമുണ്ടായി. ഈ വിധിക്കെതിരെ പഞ്ചാബ് ഗവർണ റായിരുന്ന സൽമാൻ തയ്സീർ പത്രസമ്മേളനം നടത്തുകയും മതനിന്ദാ നിയമം പരിഷ്ക്കരിക്കാൻ വേണ്ടത് ചെയ്യുമെന്ന് പറഞ്ഞ് ആസിയാ ബീബിയെ ആശ്വസിപ്പിക്കുകയും ചെയ്തു. ഗവർണറുടെ ഈ പ്രവർത്തിയിൽ മത തീവ്ര വാദികൾ പ്രകോപിതരായിരുന്നു. തുടർന്ന് അദ്ദേഹത്തെ മത തീവ്രവാദിയായ തന്റെ അംഗരക്ഷകൻ തന്നെ 2011 ജനുവരിയിൽ വെടിവെച്ചു കൊല്ലുകയും ചെയ്തു. ആസിയാ ബീബിക്കെതിരെയുള്ള ഈ വിധിക്കെതിരെ പ്രതികരിച്ചതിന് പാകിസ്താനിലെ ക്രിസ്ത്യാനിയായിരുന്ന ന്യൂനപക്ഷകാര്യ മന്ത്രിയായിരുന്ന ഷഹബാസ് ബട്ടിയും തയ്സീർ വധം കഴിഞ്ഞ് രണ്ട് മാസത്തിന് ശേഷം കൊല്ലപ്പെട്ടു. അത്ര ശക്തമാണ് അവിടെ തീവ്രവാദം. ലോകം മുഴുവനും അലയടിച്ചുയർന്ന വമ്പിച്ച പ്രതിഷേധത്തെ തുടർന്ന് ആസിയാ ബീബിയുടെ വധശിക്ഷ മേൽകോടതി തടഞ്ഞ് വെച്ചിരിക്കയാണ്. മറ്റൊരു രസകരമായ വസ്തുത മതനിന്ദ ആരോപിച്ച് പാകിസ്താൻ ഇത്വരെ ആരെയും വധിച്ചിട്ടില്ല. പക്ഷേ മതനിന്ദ ആരോപിക്കപ്പെട്ട 34 പേരെ തീവ്രവാദികൾ വധിച്ചതായി നാഷണൽ കമ്മീഷൻ ഫോർ ജസ്റ്റീസ് ആന്റ്പീസ് എന്ന സർക്കാർ ഏജൻസി തയ്യാറാക്കിയ ഒരു റിപ്പോർട്ടിൽ പറയുന്നു. അതിൽ മിക്കപേരും മതനിന്ദക്ക് വിചാരണ നേരിടുന്നവരാണ്. അതിൽ 7 പേരെ പോലീസിന്റെ കൺമുമ്പിൽ വെച്ചാണ് കൊലചെയ്തത്. കഴിഞ്ഞ് വർഷം മതനിന്ദ ആരോപിക്കപ്പെട്ട റിംശാ മസീഹ് എന്ന 14 വയസ്സുകാരിക്ക് കനഡ അഭയം നൽകി രക്ഷപ്പെടുത്തിയത് വാർത്ത യായിരുന്നു. ക്രിസ്ത്യാനികൾക്കെതിരെ ഇടക്കിടെ ലഹളകളും ചർച്ച് തകർക്കലുമുണ്ടാകാറുണ്ട്. 2005 ൽ ഫൈസ ലാബാദിൽ ഒരു ക്രിസ്ത്യാനി ഖുർആന്റെ പേജ് കത്തിച്ച് മത നിന്ദ നടത്തിയെന്ന് ആരോപിച്ച് വലിയൊരു ലഹളനടക്കുകയും നൂറുക്കണക്കിന് ക്രിസ്ത്യാനികൾ അവിടെ നിന്ന് പാലായനം ചെയ്യുകയും ചെയ്തു. 2009 ൽ പഞ്ചാബിലെ ഗോജ്റയിൽ ചർച്ചും വീടുകളും തീവെച്ച് നശിപ്പിക്കുകയും 8 പേർ ജീവനോടെ വെന്തു മരിക്കുകയും ചെയ്തു. മതനിന്ദാ നിയമം ക്രിസ്ത്യാനികൾക്കെതിരെ മാത്രമല്ല മുസ്‌ലിം കക്ഷികൾ തന്നെ അവരു

ടെ പ്രതിയോഗികളോടുള്ള പക തീർക്കാനും ഉപയോഗിക്കുന്നു. അതായത് ഖുർആൻ വചനം എഴുതിയ ഒരു തുണ്ടുകടലാസോ വിവാഹക്ഷണക്കത്തോ മുഹമ്മദ് നബി (സ) യുടെ പേരോ നിലത്ത് വീണതായി കണ്ടാലോ അറിയാതെ ചവിട്ടിപോയാലോ മതനിന്ദ ആരോപിച്ച് കേസുകൊടുത്ത് പകപോക്കുന്ന പ്രവണത പാകിസ്താനിൽ വ്യാപകമാണ്.

പാകിസ്താനിലെ മുസ്‌ലിം ജനസാമാന്യംഈ അടുത്ത കാലത്താണ് ക്രിസ്ത്യാനികളോട് ഇത്ര പരുഷ മായി പെരുമാറാൻ തുടങ്ങിയത്. അമേരിക്ക പാകിസ്താനിലെ തീവ്രവാദികളെ അമർച്ച ചെയ്യാനെന്ന പേരിൽ പൈലറ്റില്ലാ വിമാനമുപയോഗിച്ച് പാകിസ്താൻ അതിർത്തി ഭേദിച്ച് നടത്തുന്ന അന്യായമായ മിസൈൽ ആക്രമണങ്ങൾ സാധരണക്കാരായ മുസ്‌ലിംകളേയും തീവ്രവാദികളെയും ഒരു പോലെ പ്രകോപിപ്പിക്കുന്നു. അത് പോലെ അമേരിക്കയിലെ ഫ്ളോറിഡയിലെ മത ഭ്രാന്തനായ ക്രിസ്ത്യൻ പുരോഹിതൻ ടെറിജോൺസിന്റെ വിശുദ്ധ ഖുർആൻ കത്തിക്കാനുള്ള ആഹ്വാനവും ഡെന്മാർക്കിലും ഫ്രാൻസിലും മറ്റു യൂറോപ്യൻ രാജ്യങ്ങളിലും നടക്കുന്ന മുസ്‌ലിംകളെ കഠിനമായി വേദനിപ്പിക്കുന്ന മതപരമായ അവഹേളനങ്ങളും മുസ്‌ലിം ലോകത്ത് അമേരിക്കയും ഇസ്രയേലും മറ്റു പാശ്ചാത്യശക്തികളും ചേർന്ന് വളരെക്കാലമായി പതിനായിരക്കണക്കിന് മുസ്‌ലിംകളെ കൊന്നാടുക്കിനടത്തിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങൾക്കും മുസ്‌ലിം തീവ്രവാദത്തെ സൃഷ്ടിക്കുന്നതിൽ വലിയ പങ്കുണ്ട്. എന്തു തന്നെയായാലും മറ്റൊരു വിഭാഗം നടത്തുന്ന ആക്രമണത്തിന്റെ പേരിൽ നിരപരാധികളും നിസ്സഹായരുമായ സ്വന്തംനാട്ടുകാരെ ശിക്ഷിക്കുക എന്നത് കാട്ടിലെ നീതിയാണ്. ഇസ്‌ലാമിന് കടകവിരുദ്ധമായ ഈ പ്രവൃത്തി ദൈവ കോപം വിളിച്ചു വരുത്തുന്ന പാപമാണ്. ഒരു ഭരണകൂടം നിയമം നിർമിച്ച് ആലംബഹീനരും ബലഹീ നരുമായവരുടെയും ജീവിതം ദുസ്സഹമാക്കുമ്പോൾ ആ നാട് മുഴുവൻ ആ അപരാധത്തിൽ പങ്കാളികളാകുന്നു. പ്രത്യേകിച്ച് നീതിയുടെ പാവന പാഠങ്ങൾ മാനവസമൂഹത്തിന് നൽകിയ മുഹമ്മദ് നബി(സ) യുടെ അനുയായികൾ ഒരിക്കലും ഇത്തരം പൈശാചിക കൃത്യങ്ങൾ ചെയ്യാൻ പാടില്ല. അക്രമികളായ ജനതകളുടെ മേൽ ദൈവം അദാബുകളിറക്കിയ ചരിത്രം ഖുർആൻ വിവരിക്കുന്നു. പൗരാണിക ജനതകളെ സംബന്ധിച്ച ഈ പുരാവൃത്തങ്ങൾ കേട്ടു രസിക്കാനുള്ള രാക്കഥകളോ ഇതിഹാസ വർണനകളോ അല്ല. മറിച്ച് കാലാകാലങ്ങളിലും പ്രവർത്തനക്ഷമമാവുന്ന ചരിത്ര നിയമങ്ങളുടെ സാക്ഷാത്ക്കരിക്കപ്പെട്ട ചരിത്ര വിവരണങ്ങളാണവ. ആ തെറ്റ് നാം ആവർത്തിക്കുകയാണെങ്കിൽ ശിക്ഷ നമ്മെയും കാത്തിരിക്കുന്നു. ചർച്ച് ആക്രമണത്തിന് തൊട്ട് പിറകെ ബലൂചിസ്താനിലുണ്ടായ വൻ ഭൂകമ്പത്തിൽ 500 ലധികം ആളുകളാണ് കൊല്ലപ്പെട്ടത്.

പാകിസ്താനിൽ നിന്ന് പുറപ്പെടുന്ന Dawn(2013 sept 25) പത്രത്തിൽ Timeline of Major Earthquakes in Pakistan എന്ന ലേഖനത്തിൽ വന്ന വസ്തുതകൾ വളരെ ചിന്തനീയമാണ്. 1971 മുതൽ 2013 വരെ 38 വൻ ഭൂകമ്പങ്ങളാണ് പാകിസ്താനിൽ സംഭവിച്ചത് എന്ന് പ്രസ്തുത ലേഖനത്തിൽ പറയുന്നു. അതിൽ 22 ഭൂകമ്പങ്ങൾ സംഭവിച്ചത് 2001 മുതൽ 2013 വരെയുള്ള കാലഘട്ടത്തിലാണ്. ഇത്ര ആവർത്തിയിൽ ഇത്രചുരുങ്ങിയ കാലഘട്ടത്തിൽ ലോകത്തെ വിടെയെങ്കിലും പ്രകൃതിദുരന്തങ്ങൾ സംഭവിക്കു ന്നുണ്ടോ? അതിന് പുറമെ പേമാരി, വെള്ളപൊക്കം, വരൾച്ച മുതലായ ദുരന്തങ്ങൾ വേറേയും. ഈ കാലഘട്ടത്തിൽ തന്നെയാണ് അവിടെ മതത്തിന്റെ പേരിലുള്ള അതിക്രമങ്ങൾ അധികരിച്ച്‌വരുന്നത് എന്നും നാമോർ ക്കണം. ദൈവഭക്തരായ ബുദ്ധിമാന്മാർക്ക് ഈ പ്രകൃതിദുരന്തങ്ങൾ യാദൃച്ഛികമാണെന്ന് പറഞ്ഞ് തള്ളാൻ സാദ്ധ്യമല്ല. അല്ലാഹു വിശുദ്ധ ഖുർ ആനിൽ പറയുന്നു: **'ആ നാടുകളിൽ അതിക്രമം പ്രവർത്തിച്ചിരുന്നവരായിരുന്നു അവർ. അങ്ങനെ അവർ അവിടെ വളരെയധികം നാശങ്ങൾ വരുത്തിവച്ചിരുന്നു. തൽഫലമായി നിന്റെ നാഥൻ അവരുടെ മേൽ ശിക്ഷയുടെ ചമ്മട്ടികൾ കോരിച്ചൊരിഞ്ഞു. തീർച്ചയായും നിന്റെ നാഥൻ നോക്കി പാർത്തു കൊണ്ടിരിക്കുന്ന പതിസ്ഥലത്താണുള്ളത്.'** **(89: 12–15)** പാകിസ്താനിൽ ആക്രമണത്തിൽ മരണമടഞ്ഞ ക്രിസ്തീയ സഹോദരന്മാരുടെ ആത്മാവിന് ശാന്തി നേർന്ന് കൊണ്ടും പാകിസ്താനിൽ അവർക്കും മറ്റു മത ന്യൂനപക്ഷങ്ങൾക്കും പ്രാന്തവത്ക്കരിക്കപ്പെട്ട മത സംഘടനകൾക്കും സ്വാതന്ത്ര്യത്തോടെ അവരുടെ മതം ആചരിക്കാനും നിർഭയമായി ജീവിക്കാനുമുള്ള സാഹചര്യം പാകിസ്താനിൽ അല്ലാഹു ഒരുക്കട്ടെ എന്ന് പ്രാർഥിച്ച്കൊണ്ടും ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

## തഹ്‌രീക് ജദീദ്: ഹുസൂറിന്റെ ആഹ്വാനത്തിന് ഉത്തരം നൽകുക

തഹ്‌രീക് ജദീദ് 2012–2013 വർഷം നവംബർ 9 ന് അവസാനിക്കുകയാണ്. നിലക്കാത്ത പ്രതിഫലം ലഭിക്കുന്ന അനുഗൃഹീതമായ ഈ പദ്ധതിയിൽ വാഗ്ദാനം ചെയ്ത സഹോദര ൻമാർ അവരുട വാഗ്ദാന സംഖ്യ ഉടൻ തന്നെ അടച്ചു തീർക്കേണ്ടതാണ്. ഖലീഫത്തുൽ മസീഹ് പ്രത്യേകം പ്രാധാന്യത്തോടെ പറഞ്ഞ ഈ പദ്ധതിയുടെ വിജയത്തിനായി വാഗ്ദാനങ്ങൾ ഈ മാസം തന്നെ പൂർത്തിയാക്കേണ്ടതാണ്.

**വക്കീലുൽ മാൽ തഹ്‌രീഖ് ജദീദ്, ഖാദിയാൻ**

# പ്ലാറ്റിനം ജൂബിലി ഇജ്തിമ അവിസ്മരണീയമായി

എറണാകുളം: എഴുപത്തഞ്ച് വർഷങ്ങൾ പിന്നിട്ട മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടേയും അത്ഫാലുൽ അഹ്മദിയ്യായുടേയും സൗത്ത് കേരള പ്ലാറ്റിനം ജൂബിലി ഇജ്തിമ മസ്ജിദ് ഉമറിൽ വെച്ച് സെപ്റ്റംബർ 21, 22 തീയതികളിൽ നടന്നു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യ നാഇബ് സദർ സി. ശമീം സാഹിബ് ഇജ്തിമ ഉദ്ഘാടനം ചെയ്തു. അല്ലാഹു നമുക്ക് നല്കിയ ജ്ഞാനവും കഴിവുകളുമെല്ലാം മറ്റുള്ളവർക്ക് സേവനം ചെയ്യുന്നതിനായി വിനിയോഗിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മറ്റുള്ളവരെകുറിച്ചുള്ള ദുർവിചാരങ്ങൾ ഹൃദയത്തിൽ നിന്ന് നീക്കണമെന്നും അദ്ദേഹം പറഞ്ഞു. ഖിലാഫത്തിനോടുള്ള ആദരവും സ്നേഹവും ലോകം മുഴുവൻ വർധിച്ചു വരികയാണെന്നും ലോകത്ത് ഏറ്റവുമധികം ആദരിക്കപ്പെടുന്ന മതനേതാവായി ഖലീഫത്തുൽ മസീഹ് മാറിക്കഴിഞ്ഞുവെന്നും ആമുഖ പ്രഭാഷണത്തിൽ സൗത്ത് കേരള ഖാഇദ് ഇ. എച്ച് നജീബ് സാഹിബ് പറഞ്ഞു. ജീവിത പരിശുദ്ധി കൈവരിക്കുകയും നബി തിരുമേനി (സ) കാണിച്ച് തന്ന മാർഗത്തിലൂടെ നാം ചരിക്കുകയും ചെയ്താൽ സമൂഹം നമ്മിൽ ആകൃഷ്ടരായി മാറുമെന്ന് അധ്യക്ഷത വഹിച്ച എറണാകുളം ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ് സാഹിബ് അഭിപ്രായപ്പെട്ടു. യാസർ അറാഫത്ത് ഖുർആൻ പാരായണം ചെയ്തു. മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ്, സത്യദൂതൻ എഡിറ്റർ എ.എം. മുഹമ്മദ് സലിം സാഹിബ്, പി.കെ മുഹമ്മദ് ശരീഫ് സാഹിബ് തുടങ്ങിയവർ പ്രസംഗിച്ചു. വൈജ്ഞാനിക മത് സരങ്ങൾ, കവിയരങ്ങ്, ചോദ്യോത്തര സദസ്സ് തുടങ്ങിയവ സംഘടിപ്പിച്ചു. വിദ്യാഭ്യാസ രംഗത്ത് മികവ് പുലർത്തിയ വിദ്യാർഥികൾക്ക് സമ്മാനങ്ങൾ നല്കി.എച്ച് അഹ്മദ് ശാഫി സാഹിബ് നന്ദി പറഞ്ഞു.

ബി. എ. മുഹമ്മദ് നജീബ്, എറണാകുളം




കോഴിക്കോട് നടത്തിയ ഈദ് മിലൻ പരിപാടിയിൽ മേഖല അമീർ കെ. എം. അഹ്മദ് കോയ സാഹിബ് ആമുഖ പ്രഭാഷണം നടത്തുന്നു. സീനിയർ ജേർണലിസ്റ്റ് എം. അബ്ദുറഹ്മാൻ, റവ. ഫാ. തോമസ്, വെരി. റവ. ഫാ. ഡോ. ജയൻ തോമസ്, പ്രൊഫ. മഹ്മൂദ് അഹ്മദ്, ഡോ. ആർ സുരേന്ദ്രൻ (കാലിക്കറ്റ് യൂണിയേഴ്സിറ്റി), കെ.സി. അബു (ഡി.സി.സി. പ്രസിഡന്റ്), പി. മുഹമ്മദ് കോയ (മുൻ ഡി.സി,സി. പ്രസിഡന്റ്), ശ്രീ. ഗോപാലൻ കുട്ടിമാസ്റ്റർ (ആർ.എസ്.എസ്. പ്രാന്ത കാര്യവാഹ്) തുടങ്ങിയവർ സമീപം.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടേയും അത്ഫാലുൽ അഹ്മദിയ്യായുടേയും സൗത്ത് കേരള പ്ലാറ്റിനം ജൂബിലി ഇജ്തിമ അഖിലേന്ത്യാ നാഇബ് സദർ സി. ശമീം സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. ഇ.എച്ച് നജീബ് സാഹിബ്, മൗലവി എം. നാസിർ അഹ്മദ് സാഹിബ്, ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ് സാഹിബ്, മൗലവി പി. അബ്ദുന്നാസിർ സാഹിബ് എന്നിവർ സമീപം.



കേരളത്തിൽ നിന്നുള്ള പ്രതിനിധികൾ ഖലീഫത്തുൽ മസീഹിനെ സന്ദർശിക്കുന്നതിനായി സിംഗപ്പൂർ മസ്ജിദ് താഹയിലെത്തിയപ്പോൾ.

7 October 2013

Vol: 85 Issue.10
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14
Licensed to Post Without Prepayment
**The Sathyadoothan Monthly**

ഉടൻ പുറത്തിറങ്ങുന്നു

# ഇസ്‌ലാമും സമകാലീനപ്രശ്നങ്ങളും

ഗ്രന്ഥ കർത്താ **ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
(ഖലീഫത്തുൽ മസീഹ് നാലാമൻ)

വിവ: എ. എം മുഹമ്മദ് സലീം
**പ്രസാ: മജിസ് അൻസാറുല്ലാഹ്, കേരള**

യാഥാസ്ഥിതിക മുസ്‌ലിം മതവീക്ഷണങ്ങളെ സമൂലം തിരുത്തിക്കുറിച്ചു കൊണ്ട് ദൈവിക വചനങ്ങളിലെ വിസ്മയകരമായ യുക്തിയും നീതിയും പ്രമാണമാക്കി ലോക പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ.

മുസ്‌ലിം ചിന്തകന്മാർ വഴിമുട്ടി നിൽക്കുന്ന ആധുനിക സമസ്യകൾക്ക് പ്രമാണികവും അനിഷേധ്യവുമായ ഉത്തരങ്ങൾ!

വിമർശകരെ കീഴടക്കുന്ന വാദമുഖങ്ങൾ!

ആധുനിക ചിന്തകരെ നിഷ്പ്രഭമാക്കുന്ന നിരീക്ഷണങ്ങൾ!

സമകലീനലോകസമൂഹത്തിന് സ്വർഗീയ ശാന്തിയുടെ നൂതനപ്രകാശം പകരുന്ന അത്യപൂർവവും ഉജ്വലവുമായ കൃതി!!

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക

**1800 425 2020** Toll Free (9 am to 9 pm)